www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 50 | 2017 DEC 23 | ₹10

# സഹിഷ്ണുത
# മതം
# മതേതരത്വം

മനസ്സിലെ മക്വ്ബറകൾ || നൗഷാദ് എന്ന നൊമ്പരം

ശിയാക്കളും തൗഹീദും || സ്വൂഫിസവും ഇസ്‌ലാമും തമ്മിലെന്ത്?






WISDOM
GLOBAL ISLAMIC MISSION

പ്രമാണങ്ങൾക്കൊപ്പം, ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജവം, വേറിട്ട വായനാനുഭവം...




നേരിന്റെ വരമൊഴി

www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

Circulation Manager | Nerpatham Weekly | EKP Complex | Kallai Road | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

നേർപഥം
വാരിക

0050 / 2017 ഡിസംബർ 23 / 1439 റബിഉൽ ആഖിർ 05 / പുസ്തകം 01 / ലക്കം 50



# സഹിഷ്ണുത, മതം, മതേതരത്വം

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

പ്രകോപനങ്ങളെ അതിജയിക്കുക / 05
എഡിറ്റർ

**ലേഖനങ്ങൾ**

സ്വൂഫിസവും ഇസ്‌ലാമും തമ്മിലെന്ത്? / 06
അബൂഹാമി ഉഗ്രപുരം

ശിയാക്കളും തൗഹീദും / 14
അബ്ദുൽ ജബ്ബാർ മദീനി

"ഞാൻ മുസ്‌ലിമാണ്..." / 24
അബ്ദുൽ മാലിക് സലഫി

മനസ്സിലെ മക്വ്ബറകൾ / 27
ടി.കെ.അശ്‌റഫ്

സ്രഷ്ടാവിൽ ഭരമേൽപിക്കുക / 32
ഫദ്‌ലുൽ ഹഖ് ഉമരി

**ബാലപഥം**

ഒളിച്ചുകളി / 18
റാശിദ ബിൻത് ഉസ്മാൻ

**കാഴ്ച**

ന്യൂജെൻ, ഓൾഡ് ജെൻ ഡാഡീസ് / 19
ഇബ്‌നു അലി എടത്തനാട്ടുകര

**ചരിത്രപഥം**

ഇബ്‌റാഹീം നബിയുടെ പ്രാർഥനകൾ / 20
ഹുസൈൻ സലഫി, ഷാർജ

**ക്വുർആൻ പഠനം**

പവിത്രതകൾ പരിഗണിക്കുക / 26
ശമീർ മദീനി

**ശാന്തിഗേഹം**


ഉമ്മയുമായുള്ള ബന്ധം / 30
പ്രൊഫ: ഹാരിസ്ബിൻ സലീം

**നമുക്ക് ചുറ്റും**

നൗഷാദ് എന്ന നൊമ്പരം / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Managing Editor: Nasir Balusseri | Editor: Usman Palakkazhi
Chief Editor: Anil Primrose | Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
mail@nerpatham.com | www.nerpatham.com | 0495 4019437

## വായനക്കാർ എഴുതുന്നു




### വിമർശനത്തിൽ കഴമ്പില്ല

'വമ്പിച്ച നമസ്കാരവും ഗംഭീര നോമ്പും' എന്ന തലക്കെട്ടിൽ ഞാൻ 'നേർപഥം' ലക്കം 48ൽ എഴുതിയ ലേഖനം നേർപഥത്തിന്റെ നാളിതുവരെയുള്ള നിലവാരത്തിന് കോട്ടംതട്ടുന്നതാണ് എന്ന് വായനക്കാരുടെ പേജിൽ ഒരു സഹോദരൻ എഴുതിയ കുറിപ്പ് കണ്ടു.

"ഈയിടെയായി പ്രവാചകന്റെ പേരിലുള്ള സ്വലാത്തിനെയും 'വമ്പിച്ച സ്വലാത്താ'ക്കി മാറ്റിയിരിക്കുന്നു. ഇനി 'ഗംഭീര നോമ്പും' 'ഭയങ്കര ഹജ്ജും' എന്ന് പ്രത്യക്ഷപ്പെടുമോ ആവോ? പോയിപ്പോയി അവിടെയും എത്തിക്കൂടായ്കയില്ല."

ഈ വാചകങ്ങളെയാണ് കുറിപ്പുകാരൻ ദൗർഭാഗ്യകരമായി കാണുന്നത്. ഇതെങ്ങനെയാണ് നേർപഥത്തിന്റെ നാളിത് വരെയുള്ള നിലവാരത്തിന് കോട്ടം തട്ടുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല. എല്ലാവർക്കും ഒരേ ശൈലിയല്ലല്ലോ എഴുത്തിലും പ്രസംഗത്തിലും ഉണ്ടാവുക. അവാസ്തവമോ സാമാന്യ മര്യാദ ലംഘിക്കുന്നതോ ആയ എന്തെങ്കിലും എഴുതിയിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാട്ടേണ്ടതായിരുന്നു.

എന്റെ ലേഖനത്തിൽ തെറ്റായി യാതൊന്നും കുറിപ്പുകാരന് കാണിച്ചുതരാൻ കഴിഞ്ഞിട്ടില്ല. പിന്നെ, ആകെ പ്രശ്നമായത് അതിന്റെ തലക്കെട്ടാണ്. എന്നാൽ ആ തലക്കെട്ട് വളരെ പ്രയോജനപ്രദമായി എന്നാണ് ഫോണിൽ വിളിച്ച് സുഹൃത്തുക്കൾ പലരും പറഞ്ഞത്. ആ തലക്കെട്ട് കണ്ടപ്പോൾ പ്രസ്തുത ലേഖനമാണ് ആദ്യം വായിച്ചതെന്ന് അവർ പറഞ്ഞപ്പോൾ അതൊരു ക്രെഡിറ്റായി തന്നെ ഞാൻ കരുതുന്നു.

**എസ്. എ ഐദീദ് തങ്ങൾ**

## ക്വുർആൻ ഹദീഥ് ലേണിംഗ് സ്കൂൾ വാർഷിക പരീക്ഷ ഫലം പ്രസിദ്ധീകരിച്ചു

കോഴിക്കോട്: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി ഐ.എസ്.എം സംസ്ഥാന സമിതിയുടെ കീഴിൽ നടന്നു വരുന്ന ക്വുർആൻ ഹദീഥ് ലേണിങ്ങ് സ്കൂൾ (ക്യു.എച്ച്.എൽ.എസ്) വാർഷിക പൊതുപരീക്ഷ ഫലം പ്രസിദ്ധീകരിച്ചു.

കേരളം, കർണാടക, തമിഴ്നാട് തുടങ്ങിയ റീജിയനുകളിലും വിദേശത്തുമാണ് പരീക്ഷ നടന്നത്.

കേരള റീജിയനിൽ മണ്ണാർക്കാട് അരിയൂർ അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യയിൽ പരീക്ഷയെഴുതിയ ഡോ. ആസ്യനാസർ ഒന്നാംറാങ്ക് കരസ്ഥമാക്കി. സാജിദ (മഞ്ചേരി വറ്റല്ലൂർ), ഫെമീന (മലപ്പുറം എടരിക്കോട്) വി.ടി, റുബീന മലപ്പുറം എന്നിവർ രണ്ടാം റാങ്കും അനീഷ (പാലക്കാട്) മൂന്നാം റാങ്കും റജ്‌വ വി.പി (അരീക്കോട്) നാലാം റാങ്കും നുസ്റത്ത് ബീഗം (കണ്ണൂർ), സൗമി മോൾ (എറണാകുളം), റിഷാന ടി.പി (കണ്ണൂർ), ഷഹല ഷെറിൻ (തൃശൂർ) എന്നിവർ അഞ്ചാം റാങ്കും കരസ്ഥമാക്കി.

കർണാടക റീജിയനിൽ പരീക്ഷയെഴുതിയ അബ്ബാസ്.ബി (സുള്ള്യ) ഒന്നാം റാങ്ക് നേടി. മുഹമ്മദ് ഹനീഫ പി.കെ, റൈഹാന. ജെ (സുണ്ടികൊപ്പ) എന്നിവർ രണ്ടാം റാങ്കും ത്വാഹിറ (കുഞ്ചത്തൂർ), ഷംനാസ് ആർ (സുണ്ടികൊപ്പ), നൗഷാദ് കെ.എം (സുണ്ടികൊപ്പ) എന്നിവർ മൂന്നാം റാങ്കും ബഷീർ (സുള്ള്യ), ആയിഷ (ധർള്ളക്കട്ട), മുഹമ്മദ് ഷാനിബ് (സുള്ള്യ), സൈഫുന്നിസ എം.ടി (സുണ്ടികൊപ്പ), നസീമ (കുഞ്ചത്തൂർ) എന്നിവർ നാലാം റാങ്കും കരസ്ഥമാക്കി.

തമിഴ്നാട് റീജിയനിൽ പരീക്ഷയെഴുതിയ ശബീബ് കെ.സി (ചെന്നൈ), ഫർസാന.വി.പി, ഷാദിൽ എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും റാങ്കുകൾ കരസ്ഥമാക്കി.

വിദേശത്ത് നടന്ന വാർഷിക പൊതുപരീക്ഷയിൽ മുഹമ്മദ് ഹാഷിം (ദോഹ ഖത്തർ) ഒന്നാം റാങ്കും, സബീബ സഫ്റാൻ (മസ്ക്കറ്റ്) രണ്ടാം റാങ്കും സഊദ് (സലാല), ബുഷ്റ (ഒമാൻ) എന്നിവർ മൂന്നാം റാങ്കും സമീന അൻസാരി (എഫ്.എം ഖത്തർ) നാലാം റാങ്കും ഖമറു (സാൽമിയ കുവൈത്ത്), യൂസുഫ് കെ.കെ (ഫഹാഈൽ കുവൈത്ത്) എന്നിവർ അഞ്ചാം റാങ്കും കരസ്ഥമാക്കി.

വിഷ്വലി ചാലഞ്ച്ഡ് വിഭാഗത്തിൽ ഹുസൈനാർ സിതാംഗോളി (കാസർകോഡ്) ഒന്നാം റാങ്കും ഹവ്വാമ ചാവക്കാട് (തൃശൂർ) രണ്ടാം റാങ്കും കലീമുദ്ധീൻ മച്ചിങ്ങപ്പാറ (മലപ്പുറം വെസ്റ്റ്) മൂന്നാം റാങ്കും നേടി.

മുഖമൊഴി

# പ്രകോപനങ്ങളെ അതിജയിക്കുക

ഇന്ത്യ ഒരു മതേതര രാജ്യമാണ്. അഥവാ രാജ്യത്ത് ജീവിക്കുന്ന ജനങ്ങൾക്ക് അവർ ഇഷ്ടപ്പെടുന്ന മതത്തിൽ വിശ്വസിക്കുവാനും ആരാധനാകർമങ്ങൾ ചെയ്യുവാനും ആദർശ പ്രബോധനം നടത്തുവാനും സ്വാതന്ത്ര്യം നൽകുന്ന രാജ്യമാണ്. വ്യത്യസ്ത മതവിശ്വാസികൾ ഒരുമയോടെയും സഹകരണത്തോടെയും സ്നേഹത്തോടെയും തിങ്ങിപ്പാർക്കുന്ന രാജ്യം. അതുതന്നെയാണ് ഇന്ത്യയെ ലോകരാഷ്ട്രങ്ങളിൽനിന്ന് വേർതിരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സവിശേഷതയും സൗന്ദര്യവും.

എന്നാൽ ഈ സവിശേഷതയും സൗന്ദര്യവും ഇല്ലാതാക്കുവാനും രാജ്യത്തെ ഏകശിലാത്മകമാക്കുവാനുമുള്ള കൊണ്ടുപിടിച്ച ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു എന്നത് അനിഷേധ്യമായ വർത്തമാനകാല യാഥാർഥ്യമാണ്. ഈ ശ്രമം നടത്തുന്നത് ആര് തന്നെയായാലും അത് പാഴ്ശ്രമവും ജനങ്ങളുടെ സ്വസ്ഥതയും സമാധാനവും തകർക്കുന്നതും ആയിരിക്കുമെന്നതിൽ സംശയമില്ല.

രക്തച്ചൊരിച്ചിൽ നടത്തിയും ഭയപ്പാട് സൃഷ്ടിച്ചും ജനങ്ങളുടെ സമാധാനജീവിതം തകർക്കുന്ന തരത്തിൽ തീവ്രവാദ നിലപാടിൽ മുന്നോട്ടു പോകുന്നത് മതഭൂരിപക്ഷത്തിൽ പെട്ടവരാണെങ്കിലും മതന്യൂനപക്ഷത്തിൽ പെട്ടവരാണെങ്കിലും അവരെ വോട്ടു ബാങ്കിൽ ചോർച്ച സംഭവിക്കുമെന്ന ഭയമില്ലാതെ അമർച്ച ചെയ്യുവാനുള്ള ചങ്കൂറ്റം കാണിക്കുന്ന ഭരണസാരഥികളെയാണ് ഇന്ന് രാജ്യത്തിനാവശ്യം.

രാജ്യത്ത് സാമുദായിക ധ്രുവീകരണമുണ്ടാക്കി രാഷ്ട്രീയ നേട്ടം കൊയ്യുവാൻ ശ്രമിക്കുന്നവരുടെ സൃഗാലബുദ്ധിയെ തിരിച്ചറിയുവാനും ബുദ്ധിപൂർവം പ്രവർത്തിക്കുവാനും സമാധാന കാംക്ഷികൾ ശ്രമിക്കേണ്ടതുണ്ട്. മത-രാഷ്ട്രീയ-സാമുദായിക വ്യത്യാസമില്ലാതെ എല്ലാവരും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

മതസഹിഷ്ണുതയ്ക്കും സാഹോദര്യത്തിനും പുകഴ്പെറ്റ സംസ്ഥാനമായ കേരളത്തിൽ വർഗീയ ധ്രുവീകരണം സംഭവിക്കാതിരിക്കുവാൻ മുസ്‌ലിം സമുദായം നാളിതുവരെ വഹിച്ച പങ്ക് വിസ്മരിക്കാവതല്ല. തുടർന്നും പൂർവോപരി ശക്തിയോടെ കാലഘട്ടം അതാവശ്യപ്പെടുന്നുണ്ട്. മതസംഘടനകളും മഹല്ല് കമ്മിറ്റികളും കൂടുതൽ ജാഗ്രത പാലിക്കേണ്ടതുണ്ട്. സമുദായഗാത്രത്തിൽ തീവ്രവാദത്തിന്റെ വിഷവിത്തുകൾക്ക് മുളച്ചുപൊന്തുവാൻ ഒരിക്കലും അവസരം കൊടുത്തുകൂടാ. പുകച്ചു പുറത്തു ചാടിക്കും പോൽ പ്രകോപനമുണ്ടാക്കി പ്രതികരിപ്പിക്കുവാൻ ശ്രമിക്കുന്നവരുടെ രഹസ്യ അജണ്ടകൾക്ക് തലവെച്ചുകൊടുക്കുന്ന വിവേകശൂന്യത ആരിൽനിന്നും ഉണ്ടായിക്കൂടെന്ന് ബോധവത്കരണം നടത്തണം.

പ്രബോധകർ തങ്ങളുടെ വാക്കുകളിൽ ഏറെ സൂക്ഷ്മത പാലിക്കുക. സത്യം പറയുവാൻ ആർജവം കാണിക്കരുതെന്നല്ല ഇപ്പറഞ്ഞതിനർഥം. പറയേണ്ട സത്യം പറയേണ്ടതുണ്ട്. പറയേണ്ടതേ പറയാവൂ; നാവിന് അറിയാതെ പറ്റുന്ന സ്ഖലിതം പോലും പ്രബോധന പ്രവർത്തനങ്ങൾ തടയുവാനുള്ള ആയുധമാക്കുവാൻ കാതോർത്തിരിക്കുന്നവർക്ക് അറിഞ്ഞുകൊണ്ട് ആയുധം നൽകരുതെന്നാണ് ഇപ്പറഞ്ഞതിനർഥം.

വികാര വിക്ഷോഭം നിറഞ്ഞ വാക്ശരങ്ങളല്ല; വിചാര വിവേകത്തിന്റെ സത്തകൊണ്ടുള്ള സത്യത്തിന്റെ പൂവമ്പുകളാണ് പ്രബോധകരിൽനിന്നുതിരേണ്ടത്. 'നിങ്ങൾ ജനങ്ങൾക്ക് സന്തോഷ വാർത്തയറിയിക്കുക; നിങ്ങൾ അവരെ വെറുപ്പിക്കരുത്' എന്ന പ്രവാചക നിർദേശം ഓർക്കുക. ജനങ്ങളെ സുഖിപ്പിക്കുന്ന കാര്യങ്ങൾ മാത്രം പറയുക, സത്യം മറച്ചുവെക്കുക എന്നല്ല ഈ നിർദേശത്തിലുള്ളത്. നന്മകൽപിക്കുമ്പോഴും തിന്മ വിരോധിക്കുമ്പോഴും മാന്യമായ ശൈലി കാത്തുസൂക്ഷിക്കേണ്ടതുണ്ട്. ലക്ഷ്യത്തെ പോലെ മാർഗവും വിശുദ്ധമാകണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ●

**അബൂഹാമി ഉഗ്രപുരം**
mail@nerpatham.com






# സ്വൂഫിസവും ഇസ്‌ലാമും തമ്മിലെന്ത്?

ശക്തമായ ഏകദൈവ വിശ്വാസത്തിൽ വാർത്തെടുക്കപ്പെട്ട പ്രവാചകാനുചരന്മാർക്കോ ഉത്തമരെന്ന് അറിയപ്പെട്ട തലമുറക്കോ ഇത്തരം ഒരു വിഭാഗത്തെ അന്യമായിരുന്നു. ഇമാം അബൂഹനീഫ(റഹി)യുടെ കാലഘട്ടം വരെ മുസ്‌ലിം സമൂഹത്തിൽ ഇത്തരം ചർച്ചയേ ഉണ്ടായില്ല. 'രാവിലെ സൂഫിയായവൻ ഉച്ചയാകുംമുമ്പേ വിഡ്ഢിയാകുമെന്ന' അതികഠിന ഭാഷയിലാണ് ഇമാം ശാഫിഈ(റഹി) ഇത്തരക്കാരെ വിമർശിച്ചത്. തുടർന്നുവന്ന അഹ്‌ലുസ്സുന്നയിലെ പണ്ഡിതന്മാർ ഇതേ നിലപാടാണ് സ്വീകരിച്ച്‌പോന്നതും. ഇസ്‌ലാമിന്റെ ചരിത്രവഴിയിൽ ദർഗാ പൈതൃകവാദികൾക്ക് സ്ഥാനമില്ലെന്ന് ചുരുക്കം.

സ്വൂഫിസത്തിന്റെ ഉത്ഭവവും വളർച്ചയും പേർഷ്യയിലായിരുന്നതിനാൽ ശിയാക്കൾക്കിടയിൽ ശക്തമായ വേരോട്ടം ഇതിനുണ്ടായിരുന്നു. ഒരു ശിയാ ഒരു സ്വൂഫി കൂടിയായിരിക്കും. അമവികളെ പരാജയപ്പെടുത്തി അബ്ബാസീ ഭരണകൂടം നിലവിൽ വരികയും അറബികളുടെ മേൽകോയ്മ അവസാനിക്കുകയും ചെയ്തു. അറബികളോട് പൂർവ വൈരാഗ്യത്തിലായിരുന്ന പേർഷ്യക്കാർ അബ്ബാസീ ഭരണത്തിന്റെ സിരാകേന്ദ്രങ്ങൾ കീഴടക്കി. ഈ വഴിവിട്ട ശിയാബന്ധം മുസ്‌ലിം സമൂഹത്തിലേക്ക് ഇസ്‌ലാം ആട്ടിപ്പുറത്താക്കിയ പല അനാചാരങ്ങളും തിരിച്ചുവരാൻ കാരണമായി. ഇസ്‌ലാമിന് അന്യമായ ചിന്താധാരകൾ പ്രചരിപ്പിക്കുവാനുള്ള ആസൂത്രിതമായ ശ്രമങ്ങളും ഇക്കാലത്ത് നടന്നു. ഭരണ മേൽകോയ്മക്ക് കോട്ടം തട്ടാതിരിക്കുവാൻ ഭരണാധികാരികൾ ഇവർക്കു വേണ്ട ഒത്താശകൾ കൂടിചെയ്തുപോന്നു. ഇതുവഴിയാണ് ശിയാവിഭാഗത്തിനും അവരുടെ പല വിശ്വാസങ്ങൾക്കും മുസ്‌ലിം സമൂഹത്തിൽ ഇത്രയധികം സ്വാധീനം ചെലുത്തുവാൻ സാധിച്ചത്.

### മുസ്‌ലിം സമൂഹത്തിലേക്ക്

ശിയാക്കളാൽ മുസ്‌ലിംകൾക്കിടയിൽ പടർന്ന വരണ്ട ആശയങ്ങളിൽ ഏറെ സ്വാധീനം നേടിയ ഒന്നാണ് സ്വൂഫിസം. ഭരണകക്ഷിയിൽ ഉണ്ടായിരുന്ന ശക്തമായ ശിയാസ്വാധീനവും പുരോഹിതൻമാരുടെ രംഗ പ്രവേശനവും മതത്തിന്റെ മറവിൽ പ്രമാണബദ്ധമല്ലാത്ത നവീന ചിന്താപ്രസ്ഥാനങ്ങൾ ഉടലെടുത്തതുമെല്ലാം ഇതിന് കാരണങ്ങളായി. പുറമെ മുസ്‌ലിം സമൂഹത്തിന് കാലങ്ങൾകൊണ്ടുണ്ടായ മന്ദിപ്പുകളും ഭരണാധികാരികളുടെ വഴിവിട്ട ഭരണക്കൂത്തുകളിൽ മനംമടുത്ത ജനങ്ങളും എല്ലാംകൂടിയായപ്പോൾ സ്വൂഫിശൈഖുമാരിലും അവരുടെ പർണശാലകളിലും മുസ്‌ലിം സമൂഹം ഭക്തി സായൂജ്യരാകുവാനും കൂടുതൽ സ്വാധീനം നേടുവാനും കാരണങ്ങളായി.

അബ്ബാസീ ഭരണം തകർത്തുള്ള താർത്താരികളുടെ ആക്രമണവും തുടർന്നുണ്ടായ സംഭവവികാസങ്ങളിൽ സ്വൂഫികൾ കൂട്ടത്തോടെ മുസ്‌ലിം രാജാക്കന്മാർ ഭരിക്കുന്ന ലോകത്തിലെ വിവിധ രാജ്യങ്ങളിലേക്ക് അഭയം പ്രാപിച്ചതും ലോക മുസ്‌ലിം സമൂഹത്തിൽ ഇവർ ഇത്രയധികം സ്വാധീനം ചെലുത്താനുള്ള മറ്റൊരു കാരണമായിത്തീർന്നു. ഇന്ത്യ, ഈജിപ്ത് എന്നീ രാജ്യങ്ങൾ ഇതിനു വലിയ ഉദാഹരണങ്ങളാണ്.

### നവോത്ഥാനത്തിന്റെ വഴിയിൽ

ചിന്തയെ മൂടിക്കെട്ടി അന്ധമായ അനുകരണ മത(തക്‌ലീദ്)ത്തിൽ വിശ്വസിക്കുന്ന മുസ്‌ലിം സമൂഹത്തെ പ്രമാണബദ്ധമായി ചിന്തിപ്പിച്ചെടുക്കുകയാണ് സലഫിന്റെ പാത (സ്വഹാബത്തിന്റെയും സജ്ജനങ്ങളായ പൂർവസൂരികളുടെയും പാത) പിൻപറ്റിയവർ ചെയ്തത്. മുസ്‌ലിം സമൂഹത്തിൽ മതപരമായും ഐഹികമായുമുള്ള അപചയങ്ങൾ

വ്യാപിക്കുമ്പോഴും പ്രമാണവിരുദ്ധാശയങ്ങൾ തലപൊക്കിയപ്പോഴുമൊക്കെ പരിഷ്കർത്താക്കളുടെ ശബ്ദം ഉയർന്നു വന്നിട്ടുണ്ട്. ഉത്തമ സമൂഹത്തിന്റെ നിർമിതിക്കായി കാലാനുസരണം വന്ന അപചയങ്ങൾ തിരുത്തി മാതൃകാ സമുദായമായി മുസ്‌ലിംകളെ തിരിച്ചു വഴിനടത്താൻ ഇവർക്ക് സാധിച്ചു.

മതവിഷയങ്ങളിൽ അഭിപ്രായക്കാരും(റഅ്‌യ്) അനുമാനകരും(ക്വിയാസ്) വഴിവിട്ട സ്വാധീനം ചെലുത്തിത്തുടങ്ങിയപ്പോൾ കർമശാസ്ത്ര രംഗത്ത് ഉയർന്നുവന്ന ഇമാം ശാഫിഈ (ഹിജ്‌റ രണ്ട്), ഹദീഥുകളിലെ നെല്ലും പതിരും വേർതിരിച്ച് മനസ്സിലാക്കി നൽകുന്നതിലും ഹദീഥ് സ്വീകാര്യതക്ക് വളരെ സൂക്ഷ്മവും പ്രബലവുമായ മാനദണ്ഡങ്ങൾ നിർണയിക്കുന്നതിലും അഗ്രേസരനായ ഇമാം ബുഖാരി (ഹിജ്‌റ മൂന്ന്), യുക്തിചിന്തയിലൂടെയും തത്ത്വശാസ്ത്രത്തിന്റെ അടിസ്ഥാനത്തിലും മതത്തെ ദുർവ്യാഖ്യാനിച്ച് നൂതന ആശയങ്ങൾ ഭരണകർത്താക്കളെ സ്വാധിച്ച് ഇസ്‌ലാമിന്റെ പേരിൽ കടത്തിക്കൊണ്ടുവന്നവർക്ക് എതിരെ ആഞ്ഞടിച്ചും വിശ്വാസ കാര്യങ്ങളിൽ വ്യക്തമായ നിലപാട് സ്വീകരിച്ചും രംഗത്തുവന്ന ഇമാമുസ്സുന്ന ഇമാം അഹ്മദ് ബിൻ ഹൻബൽ (ഹി: നാല്) തുടങ്ങിയവരെല്ലാം ഈ ശ്രേണിയിലെ ചിലരാണ്.

ഒരേ സമയം താർത്താരികളെയും ക്രിസ്ത്യാനികൾ, നാസ്തികർ, ശിയാക്കൾ, സ്വൂഫികൾ മറ്റു നൂതന ചിന്താഗതിക്കാരായ മുഅ്തസിലുകൾ, അശ്അരി, ജബ്‌രി തുടങ്ങി ഇസ്‌ലാമിക വിശ്വാസ കർമ സംസ്കൃതിയിലെല്ലാം അള്ളിപ്പിടിച്ച അനിസ്‌ലാമിക തത്ത്വശാസ്ത്രങ്ങൾക്കെതിരെയും ഒരു പുരുഷായുസ്സ് മുഴുവൻ അഹോരാത്രം പരിശ്രമിച്ച അഹ്‌ലുസ്സുന്നഃയുടെ മഹാപണ്ഡിതവര്യനായിരുന്നു ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ. അദ്ദേഹത്തിന്റെ അറിവിന്റെയും പ്രവർത്തനത്തിന്റെയും പ്രഭ മുസ്‌ലിം ലോകത്ത് വെളിച്ചം വീശിയപ്പോൾ പുത്തൻ ആശയങ്ങൾ തമസ്സിൽ മാഞ്ഞു. സ്വൂഫിസത്തിനും സ്വൂഫികളാൽ സ്വാധീനിക്കപ്പെട്ട് മുസ്‌ലിംകളിൽ കടന്നു കൂടിയ അനാചാരങ്ങൾക്കും മങ്ങലേൽക്കുവാൻ തുടങ്ങി.

ശൈഖുൽ ഇസ്‌ലാമിനു ശേഷം ധാരാളം നവോത്ഥാന നായകർ ലോകത്ത് കടന്നുവന്നു. ഇബ്നുൽ ഖയ്യിം, ശൈഖ് മുഹമ്മദ് ബ്നുൽ അബ്ദുൽ വഹാബ്, ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവി, ശഹീദ് അഹ്മദ് എന്നിവർ ഇതിൽ ചിലരാണ്. ഇവരുടെ നവോത്ഥാന സംരംഭങ്ങൾ മുസ്‌ലിം ലോകത്ത് മാറ്റങ്ങൾക്ക് കാരണമായി. തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാമിക മുന്നേറ്റങ്ങൾ ഒറ്റയായും സംഘടിതമായും രൂപംകൊണ്ടു. അറബ് ലോകത്തും ഇന്ത്യാ ഉപഭൂഖണ്ഡങ്ങളിലും പശ്ചിമേഷ്യ, ഈജിപ്ത് മറ്റു ആഫ്രിക്കൻ രാജ്യങ്ങൾ എന്നിവയിലുമെല്ലാം ഈ ചലനം വ്യവസ്ഥാപിതമായി തന്നെ മുന്നോട്ടു നീങ്ങി.

**സലഫികൾ പ്രതിക്കൂട്ടിലേക്ക്!**

ഫ്രഞ്ച് വിപ്ലവത്തോടെ യൂറോപ്യൻ യൂണിയൻ ഉണർന്ന് കഴിഞ്ഞിരുന്നു. ലോകരാജ്യങ്ങളെ പിടിച്ചടക്കിയും സമ്പത്ത് കൊള്ളയടിച്ചും മത്സരിച്ച് മുന്നേറുന്ന കൊളോണിയൽ സാമ്രാജ്യങ്ങൾ മുസ്‌ലിംകൾക്കിടയിലെ ഈ നവജാഗരണം ഭയന്നു. വരും നൂറ്റാണ്ടുകൾ ഇസ്‌ലാമിന്റെതാണെന്ന് മനസ്സിലാക്കിയ പാശ്ചാത്യലോകം ഒരു ഭാഗത്ത് ഇസ്‌ലാം ഭീതി സൃഷ്ടിച്ചും മറുഭാഗത്ത് ഇസ്‌ലാമിക മിസ്റ്റിസത്തെ വാനോളം പുകഴ്ത്തിയും തിരശ്ശീലക്ക് പിന്നിൽ ആസൂത്രണ പൂർവം പ്രവർത്തിച്ചുകൊണ്ടിരിരുന്നു. ലോകത്തെ കൊള്ളയടിച്ചും ചൂഷണം ചെയ്തും രാജ്യങ്ങളെ വെട്ടിപ്പിടിച്ച് കോളനികളാക്കിയും മുന്നേറിയ യൂറോപ്യൻ യൂണിയനും ക്രൈസ്തവ മിഷനറി പ്രവർത്തകരും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും ഈ മുന്നേറ്റം ഭീതിയോടെയാണ് കണ്ടത്. മുസ്‌ലിം നവോത്ഥാന ഗർജനങ്ങൾ സാമ്രാജ്യശക്തികളുടെ കോട്ട കൊത്തളങ്ങളെ വിറപ്പിച്ചു.

അറബ് ലോകത്ത് ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബിന്റെ നവോത്ഥാന മുന്നേറ്റവും ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ശാഹ് വലിയുല്ലാഹിദ്ദഹ്‌ലവിയുടെ പ്രവർത്തനത്തിലൂടെ ഉണ്ടായ നവജാഗരണവും തുടർന്ന് ശാഹ് ഇസ്മായിൽ, ശാഹ് അഹ്മദ് ശഹീദ് എന്നിവരിലൂടെ ഉണ്ടായ സംഘടിത നീക്കങ്ങളും എല്ലാം യൂറോപ്യൻ കോളനികൾക്കും സ്വൂഫികൾക്കും ഒരേപോലെ പരാജയങ്ങളും തകർച്ചയും ഉണ്ടാക്കി.

ഇതിനെ വളരെ ആസൂത്രിതമായിത്തന്നെ സാമ്രാജ്യത്വം നേരിട്ടു. ഭിന്നിപ്പിച്ച് ഭരിക്കുക എന്ന നയം സ്വീകരിച്ച ഇവർ ക്വബ്ർ പൂജകരായ സ്വൂഫികളെയും സ്വൂഫീ ആശയക്കാരെയും തന്നെ തെരഞ്ഞെടുത്തു. സൃഷ്ടിപൂജയിൽ അഭിരമിക്കുന്ന ഇക്കൂട്ടർ എന്നും ഇവരോടൊപ്പം കൂട്ടുകൂടിയ ചരിത്രമാണുള്ളത്. ഇന്ന് ഫാസിസത്തോടുള്ള അതേ നയം മുമ്പ് മുതൽക്കേ ക്രൈസ്തവ സാമ്രാജ്യത്വവുമായി അവർ പുലർത്തിപ്പോന്നിരുന്നു. സ്വൂഫികളുടെ ദർഗാ സംസ്കാരം അംഗീകരിക്കാത്തവർ 'വഹാബി'കളാണെന്നും അവർ പാരമ്പര്യ നിഷേധികളാണെന്നും വരുത്തിത്തീർത്ത് അവരെ മുസ്‌ലിം സമൂഹത്തിൽ നിന്നും അകറ്റിനിർത്തുവാൻ സാമ്രാജ്യത്വ ബുദ്ധികൾക്ക് പ്രയാസം ഉണ്ടായില്ല. പിന്നീട് മുസ്‌ലിം ലോകത്തിന്റെ നാനാഭാഗത്തുമുള്ള സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങളെ തടയിടാൻ സ്വൂഫികളെ ചൂഷക കൊളോണിയൽ സാമ്രാജ്യത്വം നന്നായി ഉപയോഗിച്ചു. ഇരുകൂട്ടർക്കും പൊതുശത്രു ഒന്നുതന്നെ. അല്ലാത്തവരൊക്കെ വഹാബികളും സലഫികളും തീവ്രവാദികളുമെല്ലാമായി മാറി!

ശവകുടീര പൂജയെ എതിർക്കുന്ന 'വഹാബിസം' പൈതൃകത്തെ തള്ളിയവരും നൂതനാശയക്കാരുമാണെന്നും സ്വൂഫി ചിന്താധാരകളെ എതിർക്കുന്ന മുസ്‌ലിം പണ്ഡിതൻമാരും സംഘടനകളും മതമൗലികവാദികളും അസഹിഷ്ണുത പുലർത്തുന്ന തീവ്രവാദികളുമാണെന്നും വരുത്തിത്തീർക്കുവാൻ ഇരുകൂട്ടരും സംഘടിതമായി പണ്ട് മുതൽക്കേ ശ്രമിച്ചുപോരുന്നു. പൂർവികരായ സജ്ജനങ്ങളുടെ പാത പിൻപറ്റണം എന്നു പറയുന്ന സലഫികളെ അസമാധാനത്തിന്റെ വക്താക്കളായി തെറ്റുധരിപ്പിച്ച് നവോത്ഥാന ശബ്ദത്തെ മൂടിക്കെട്ടുവാൻ ശ്രമിക്കുകയാണ് ഇവർ ചെയ്യുന്നത്. സ്വൂഫികളും സ്വൂഫീ ആശയം സ്വീകരിച്ചവരും ഈ നവോത്ഥാന സരണിക്കെതിരെ ഒറ്റയായും സംഘടിതമായും നിലയുറപ്പിച്ചു. ഇത്തരക്കാർക്ക് നവാബ്, ബഹദൂർ പട്ടങ്ങൾ നൽകിയും എല്ലാ വിധ സൗകര്യങ്ങളും നൽകി ആദരിച്ചും സാമ്രാജ്യത്വ ശക്തികൾ കൂടെ നിർത്തി. അതേസമയം കൊളോണിയൽ ശക്തികൾക്കെതിരെ പടനയിച്ച പണ്ഡിന്മാർക്കും സ്വാതന്ത്ര്യപോരാളികൾക്കുമെതിരിൽ 'കാഫിർ' ഫത്വകൾ പുറപ്പെടുവിച്ചും സാമ്രാജ്യത്വ വിരുദ്ധ പോരാട്ടത്തെ മതവിരുദ്ധ സമരമായും പ്രഖ്യാപിച്ച് പൗരോഹിത്യം സാമ്രാജ്യത്വത്തിന് ഓശാന പാടി പ്രീണിപ്പിച്ചു.

ഇത് ആഗോളതലത്തിൽ മെനെഞ്ഞുണ്ടാക്കുന്ന സാമ്രാജ്യത്വ ഭീകരതാ പ്രതിഭാസമാണ്. തൗഹീദിലധിഷ്ഠിതമായ ഇസ്‌ലാമിന്റെ യഥാർഥ ചൈതന്യം ലോകത്ത് പരന്നുകഴിഞ്ഞാൽ അടിത്തറയില്ലാത്ത മതദർശന പ്രസ്ഥാനങ്ങൾക്കും ലോകത്തെ ചൂഷണം ചെയ്തു കൊണ്ടിരിക്കുന്ന ഭൗതിക സാമ്രാജ്യത്വ ശക്തികൾക്കും കനത്ത പരാജയമേൽക്കേണ്ടിവരുമെന്ന് നന്നായറിയുന്നവരാണ് ഇത്തരം നവോത്ഥാന ചലനങ്ങൾക്കെതിരെ ആരോപണം നടത്തുന്നവർ. ഈ തൗഹീദ് ജാഗരണത്തിനെതിരെ പ്രതിരോധം സൃഷ്ടിക്കുവാൻ ശവകുടീര പൂജകരായ സ്വൂഫികളെയും അവരുടെ അനുയായി വൃന്ദങ്ങളെയും അവസരോചിതം ഉപയോഗപ്പെടുത്തി. അതിനനുസരിച്ച് വളരെ ദീർഘദൃഷ്ടിയോടെ തന്നെ ചരിത്രത്തെ സൃഷ്ടിച്ചും വളച്ചൊടിച്ചും കുതന്ത്രങ്ങൾ മെനഞ്ഞും കള്ളക്കഥകളുണ്ടാക്കിയെടുത്തു. ഈ ഭീകരതക്ക് താങ്ങും തണലുമായി നിന്ന കൂട്ടുകെട്ട് പൈതൃകമാണ് ദർഗ അസോസിയേഷനുകൾക്ക് പറയാനുള്ളത്. വരും നൂറ്റാണ്ട് ഇസ്‌ലാമിന്റേതാണെന്ന് മനസ്സിലാക്കിയ പാശ്ചാത്യലോകം ഒരു ഭാഗത്ത് ഇസ്‌ലാം ഭീതി സൃഷ്ടിച്ചും മറുഭാഗത്ത് ഇസ്‌ലാമിക മിസ്റ്റിസത്തെ കുറിച്ച് വാനോളം പുകഴ്ത്തിയും തിരശ്ശീലക്ക് പിന്നിൽ ആസൂത്രണപൂർവം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

**മലയാളക്കരയും സാക്ഷിയാവുന്നു**

പ്രവാചക കാലത്തു തന്നെ ഇസ്‌ലാമിനെ വരവേറ്റ കേരളം ലോകത്തു നടന്ന ചരിത്രവേലിയേറ്റങ്ങൾക്ക് സാക്ഷിയാവുകയും അതിൽ പങ്കാളികളാവുകയും ചെയ്തു. പല രാജ്യങ്ങളിൽ നിന്നായി വന്ന പണ്ഡിതൻമാരും നേതാക്കളും കേരളത്തിലെ ജനസമൂഹത്തിന് ഇസ്‌ലാമിനെ പരിചയപ്പെടുത്തിക്കൊടുത്തു. അത് ജാതി, വർഗ, വർണ വ്യത്യാസമില്ലാതെ ജനങ്ങളെ ഇസ്‌ലാമിലേക്ക് ആകർഷിച്ചു.

അസ്തിത്വം നഷ്ടപ്പെട്ട താഴ്ന്ന ജാതിക്കാർ സ്വാഭാവികമായും ആഗ്രഹിച്ച സ്വാതന്ത്ര്യം ഇസ്‌ലാം സ്വീകരണത്തോടുകൂടി നേടി. ക്വുർആനും ഹദീഥും പഠിച്ച ഒരു സമൂഹമായി മാറുവാനുള്ള അവസരം ലഭിക്കാത്തവരാണിവരിൽ അധികവും. പിൽക്കാലത്ത് മുസ്‌ലിംലോകത്തുണ്ടായ സ്വൂഫീ സ്വാധീനം ഈ മുസ്‌ലിം ജനതയിലും ഉണ്ടായി.

പിന്നീട് മതത്തിൽ സ്വൂഫീ ആചാരങ്ങൾ നിറഞ്ഞുനിന്നു. നേർച്ചകളും ശവകുടീരങ്ങളും പൂജിക്കലും വലിയ്യ്, ബീവിമാർ തുടങ്ങി നിലവിളക്കും എണ്ണത്തിരിയും മാട്ടുംമാരണവും വരവും പോക്കും കതീനയും വെടിമരുന്നും ഒരു ഭാഗത്ത്; പക്ഷിപ്പാട്ടും, കുപ്പിപ്പാട്ടും, മാലമൗലീദുകളും മറ്റൊരു ഭാഗത്ത്. ഇതെല്ലാം വിശ്വസിച്ചും പഠിച്ചും പഠിപ്പിച്ചും ജീവിക്കുന്ന സമൂഹവും പൗരോഹിത്യവും. ഈ വഴിവിട്ട ആശയങ്ങളോട് എതിർപ്പ് പ്രകടിപ്പിച്ചും പൗരോഹിത്യത്തെ തുറന്ന് കാണിച്ചും തൗഹീദിന്റെ പാത കാണിച്ചുകൊടുത്തും കേരളത്തിലും നവോത്ഥാനത്തിന്റെ കാറ്റ് വീശി. അങ്ങനെ മുസ്‌ലിം ലോകത്തുണ്ടായ നവജാഗരണ പ്രവർത്തനങ്ങൾക്ക് കേരളവും സാക്ഷിയായി.

1800ന്റെ അന്ത്യപാദത്തിൽ സയ്യിദ് സനാഉല്ല മക്തിതങ്ങൾ ഒരേസമയം ക്രൈസ്തവ മിഷനറി ആ

**ഉത്തരേന്ത്യയിൽ നേരത്തെതന്നെ ആരംഭിച്ച ഈ നവോത്ഥാന മുന്നേറ്റം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് കേരളത്തിൽ തുടക്കംകുറിച്ചത്. കേരളത്തിന് സുഊദി ഗവൺമെന്റുമായുള്ള ബന്ധം ഉണ്ടാകുന്നതിനു മുമ്പ് തന്നെ ഈ നവോത്ഥാന ചലനങ്ങൾക്ക് വഹാബിസം എന്ന പേര് ആഗോളതലത്തിലെന്നപോലെ ഇവിടെയും ഉണ്ടായി. ദർഗാസംസ്കാരം ഇസ്‌ലാമികമല്ല എന്ന് പറയുന്നവർ പൈതൃക പാരമ്പര്യത്തെ തള്ളിയ നൂതന ആശയക്കാരാണെന്ന് വരുത്തിവെച്ച് മുസ്‌ലിം നവജാഗാരണത്തെ തടയിടാൻ സാമ്രാജ്യത്വത്തിനു സാധിച്ചു.**

ദർശ പ്രചാരണത്തിനെതിരിൽ ചെറുത്തുനിന്നും പൗരോഹിത്യ ചൂഷണത്തിനെതിരെ ശബ്ദിച്ചും മുസ്‌ലിം നവോത്ഥാനകൈരളിക്ക് തുടക്കംകുറിച്ചു. അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലും ആപതിച്ച മുസ്‌ലിം സമൂഹത്തെ വിശ്വാസ ചൂഷണം ചെയ്ത് ക്രൈസ്തവ പാതിരിമാർ ഇസ്‌ലാമിനെയും പ്രവാചകനെയും ബ്രിട്ടീഷ് ഗവണ്മെന്റിന്റെ ഒത്താശയോടു കൂടി അവഹേളിച്ചും തെറിവിളിച്ചും നാടുനീളെ മിഷനറി പ്രവർത്തനം തുടർന്നപ്പോൾ ഇവർക്കെതിരിൽ ശക്തമായ പടനയിച്ച മക്തിതങ്ങൾക്കെതിരെ കുഫ്ർ ഫത്‌വ ഇറക്കി. സ്വൂഫി പുരോഹിതന്മാർ ക്രൈസ്തവ ബ്രിട്ടീഷ്‌കൊളോണിയന്മാർക്കും പാതിരിമാർക്കും ഒപ്പം നിന്ന് ചരിത്രം ആവർത്തിച്ചു. ഇത്തരം പ്രവൃത്തികൾ ഒറ്റപ്പെട്ട സംഭവങ്ങളല്ല. ഇന്ത്യാരാജ്യത്തുടനീളം ബ്രിട്ടീഷുകാരും പൗരോഹിത്യവും ഇതേ ബന്ധം ഉപയോഗപ്പെടുത്തി നവോത്ഥാന ചലനങ്ങളെ തടയിടാൻ ശ്രമിച്ചുകൊണ്ടിരുന്നു. ഉത്തരേന്ത്യയിലെ മിഷനറിമാരുടെ ഉറക്കം കെടുത്തിയ മൗലാന അമൃതസരിക്കെതിരെ ഇതേ കുഫ്ർ തന്ത്രം പ്രയോഗിച്ചത് മറ്റൊരുദാഹരണമാണ്. സമൂഹത്തെ അധോഗതിയിൽ നിന്നും പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തുവാൻ ശ്രമിച്ചവരെയെല്ലാം വഹാബികൾ, സലഫികൾ എന്നീ മുദ്രകുത്തി അകറ്റുവാൻ ശ്രമിച്ചു.

കേരളത്തിലെ മുസ്‌ലിംകളിൽ സാമൂഹ്യ പുരോഗതിയും സൈ്വര്യജീവിതവും ആഗ്രഹിച്ച ഒരുപറ്റം സമുദായ സ്‌നേഹികൾ ഹമദാനി ശൈഖിന്റെ അധ്യക്ഷതയിൽ രൂപീകരിച്ച നിഷ്പക്ഷ സംഘം പിന്നീട് കേരള മുസ്‌ലിം ഐക്യ സംഘമെന്നപേരിൽ 1922ൽ വിപുലമായ രൂപത്തിൽ പുനഃസംഘടിപ്പിച്ച് കേരളാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മഹത്തായ പ്രസ്ഥാനമായി മാറി. എന്നാൽ മുസ്‌ലിം അനൈക്യത്തിലും അന്ധവിശ്വാസത്തിലും മുതലെടുപ്പ് നടത്തിയിരുന്ന വിഭാഗങ്ങൾക്ക് ഈ സംഘത്തെ എതിർക്കുകയല്ലാതെ വേറെ മാർഗമില്ലായിരുന്നു.

ഉത്തരേന്ത്യയിൽ നേരത്തെതന്നെ ആരംഭിച്ച ഈ നവോത്ഥാന മുന്നേറ്റം പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് കേരളത്തിൽ തുടക്കംകുറിച്ചത്. കേരളത്തിന് സുഊദി ഗവൺമെന്റുമായുള്ള ബന്ധം ഉണ്ടാകുന്നതിനു മുമ്പ് തന്നെ ഈ നവോത്ഥാന ചലനങ്ങൾക്ക് വഹാബിസം എന്ന പേര് ആഗോളതലത്തിലെന്നപോലെ ഇവിടെയും ഉണ്ടായി. സാമ്രാജ്യത്വ ശക്തികൾ ആഗോളാടിസ്ഥാനത്തിൽ തന്നെ ഇസ്‌ലാമിക മുന്നേറ്റത്തിന് ഈ പേര് നൽകിയിരുന്നു. ദർഗാസംസ്‌കാരം ഇസ്‌ലാമികമല്ല എന്ന് പറയുന്നവർ പൈതൃക പാരമ്പര്യത്തെ തള്ളിയ നൂതന ആശയക്കാരാണെന്ന് വരുത്തിവെച്ച് മുസ്‌ലിം നവജാഗാരണത്തെ തടയിടാൻ സാമ്രാജ്യത്വത്തിനു സാധിച്ചു.

കേരള ജംഇയ്യത്തുൽ ഉലമയുടെ രൂപീകരണത്തിന്റെ രണ്ടു വർഷത്തിനു ശേഷം ഇതിനെ പിളർത്തി വരക്കൽ മുല്ലക്കോയ തങ്ങളുടെ നേതൃത്വത്തിൽ രൂപീകരിച്ച സമസ്ത കേരള ജംഇയ്യത്തുൽ ഉലമ സംഘം ഇതേ സ്വൂഫിചിന്താധാരകളെ സംരക്ഷിക്കുവാനുള്ളതും തങ്ങൾ പൈതൃക പാരമ്പര്യവാദികളാണെന്ന് വിശേഷിപ്പിക്കുവാനുമുള്ളതുമായിരുന്നു. ഇതിന്റെ സ്ഥാപക പ്രസിഡന്റായിരുന്ന വരക്കൽ മുല്ലക്കോയ തങ്ങൾ തികഞ്ഞ സ്വൂഫിയും ബ്രിട്ടീഷുകാരുമായി അടുത്തബന്ധം സ്ഥാപിച്ചിരുന്ന വ്യക്തി കൂടിയുമായിരുന്നുവെന്ന് കൂട്ടിവായിക്കുമ്പോൾ ചരിത്രം കേരളമണ്ണിലും ആവർത്തിക്കുകയായിരുന്നുവെന്ന് മനസ്സിലാക്കാം. വഹാബികൾ എന്നു മുദ്രകുത്തിയ നവോത്ഥാനനായകർ അന്ന് ബ്രിട്ടീഷ് ഗവണമെന്റിനെതിരെ സമരത്തിലേർപെട്ടിരിക്കുമ്പോൾ ഇദ്ദേഹം ബ്രിട്ടീഷ് സാമ്രാജ്യത്വ വിരുദ്ധ പോരാട്ടം മതവിരുദ്ധമായാണ് കണ്ടത്. ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ എതിരാളിയായി നിലയുറപ്പിച്ചതോടെ ബ്രിട്ടീഷ് സർക്കാരിന്റെ പ്രിയങ്കരനായി മുല്ലക്കോയ തങ്ങൾ മാറിയതും സ്മരണീയമാണ്.

അപ്പോൾ സമസ്തയും സമസ്തയെ പ്രതിനിധീകരിക്കുന്നവരും സ്വൂഫി സമ്മേളനത്തിൽ പങ്കെടുക്കുന്നതും സ്വൂഫി സമ്മേളനങ്ങളിൽ രാഷ്ട്രീയ സ്വയം സേവകസംഘത്തിന്റെയും മറ്റും നേതാക്കൾ പങ്കെടുക്കുന്നതും കൂട്ടുകൂടുന്നതും ചരിത്രത്തിന്റെ പുനരാവർത്തനം എന്നല്ലാതെ മറ്റൊന്നുമല്ല. ഈ ബന്ധങ്ങൾ ഇനിയും തുടർന്ന് കൊണ്ടിരിക്കും.

സമീപഭാവിയിൽ സ്വൂഫിസത്തിന്റെ മറവിൽ രാഷ്ട്രീയനേട്ടം കൊയ്യാനുള്ള സ്വാർഥമോഹത്തിൽ ഫാസിസ്റ്റുകളുമായി ചങ്ങാത്തം കൂടുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കും. വരും ദിവസങ്ങളിൽ ഫാസിസത്തിനനുകൂലമായ മതവിധികളും ഇവരിൽനിന്നും നമുക്ക് പ്രതീക്ഷിക്കാം. ഈ സ്വാർഥ കൂട്ടുകെട്ടിൽ പങ്കുകൊള്ളാത്തവരൊക്കെ ഇവരുടെ കണ്ണിൽ 'സലഫി'കൾ അഥവാ 'ഭീകരവാദി'കളുമായിരിക്കും.

**വാൽകഷ്ണം:**

മുസ്‌ലിം സംഘടനകൾ ഒന്നടങ്കം ഭീകരതയെ അപലപിച്ചതിനുശേഷവും മുസ്‌ലിംകളെ ഭീകരതയുമായി ബന്ധിപ്പിക്കുവാനുള്ള ശ്രമം ആഗോളതലത്തിലും ഇന്ത്യയിലും ആസൂത്രിതമായി നടന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ആഗോളതലത്തിൽ സാമ്രാജ്യത്വ ദാസ്യവും ഇന്ത്യയിൽ ഹിന്ദുത്വ ഫാസിസ്റ്റ് പ്രീണനവും മുഖ്യ അജണ്ടയാക്കിയ സ്വൂഫിസത്തിന്റെ നിലപാടും, സ്വൂഫിസത്തെ സുഖിപ്പിക്കുന്ന ഫാസിസ്റ്റ് അജണ്ടയും തിരിച്ചറിഞ്ഞില്ലെങ്കിൽ വലിയ വിലനൽകേണ്ടിവരും എന്ന് അന്ധമായ സലഫീ വിരോധത്തിൽ 'സ്വൂഫീസൗന്ദര്യം' ആസ്വദിക്കുന്നവർ ഓർക്കുന്നത് നല്ലതാണ്. ●

കവർ സ്റ്റോറി

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com



# സഹിഷ്ണുത മതം മതേതരത്വം

**തത്ത്വം പ്രയോഗവൽക്കരിക്കാനുള്ളതാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. പ്രവാചക പ്രബോധകരുടെ ജീവിതം അതിനു സാക്ഷിയാണ്. അവരെ ശരിയാംവിധം അനുധാവനം ചെയ്യുകയാണ് വിശ്വാസികളുടെ ബാധ്യത. തങ്ങൾ പ്രബോധനം ചെയ്ത മതത്തെ വലിയ തോതിൽ ഉൾക്കൊണ്ട പ്രവാചകരുടെ പാത പിന്തുടരുന്നത് ആത്മീയ തീവ്രതയാണെന്ന് പറയുന്നത് ശുദ്ധ വിവരക്കേടാണ്. മതം പഠിപ്പിക്കുന്നത് സഹിഷ്ണുതയുടെ സന്ദേശമാണ്. ആശയങ്ങളിലും അഭിപ്രായങ്ങളിലും ഭിന്നമായ വീക്ഷണങ്ങൾ ഒരു ബഹുസ്വരസമൂഹത്തിൽ സ്വാഭാവികമാണ്. അഭിപ്രായാന്തരങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് തന്നെ പരസ്പരം ആദരിക്കുകയും അപരന് അവന്റെ അഭിപ്രായങ്ങളിൽ ഉറച്ചുനിൽക്കാനുള്ള സ്വാതന്ത്ര്യം അംഗീകരിച്ചു കൊടുക്കുകയും ചെയ്യുന്നതാണ് സഹിഷ്ണുത. പ്രായവ്യത്യാസങ്ങളില്ലാതെ പരസ്പരം ആദരവും സ്നേഹവും കൈമാറുമ്പോൾ മാത്രമാണ് ഒരു സമൂഹത്തിൽ സഹിഷ്ണുത നിലനിൽക്കുക. സംഘടനാവിരോധങ്ങളുടെ പേരിൽ രൂപപ്പെടുന്ന അസഹിഷ്ണുതയുടെ ഭാഗമായി അപരനെ ഇടിച്ചുതാഴ്ത്താൻ തീവ്രവാദം പോലുള്ള കടുത്ത ആരോപണങ്ങൾ ഉന്നയിക്കാനാണ് സഹിഷ്ണുതയുടെ താരാട്ടു പാടുന്നവർ പോലും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കാരുണ്യവും സൗമ്യതയും കമാനങ്ങളിലൂടെയോ ബാനറുകളിലൂടെയോ സ്ഥാപിക്കാൻ സാധിക്കില്ല. ഹൃദയവിശാലതയിലൂടെയും അഭിപ്രായവ്യത്യാസങ്ങളിൽ പക്വമായ നിലപാടുകൾ സ്വീകരിക്കുന്നതിലൂടെയും മാത്രമേ സമൂഹത്തിൽ സഹിഷ്ണുത പുലരുകയുള്ളൂ.**

മതത്തിന്റെ പേരിൽ അനുദിനം നടന്നുകൊണ്ടിരിക്കുന്ന അനിഷ്ടസംഭവങ്ങൾ രാജ്യത്ത് നിലനിൽക്കുന്ന അസഹിഷ്ണുതയുടെ ആഴങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. മതവിശ്വാസികൾ മനുഷ്യരെന്ന നിലയ്ക്ക് പരസ്പരം പുലർത്തിവന്നിരുന്ന ബന്ധങ്ങളിലും സൗഹൃദങ്ങളിലുമെല്ലാം വലിയ ഉലച്ചിലുകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും കളിത്തൊട്ടിലായും നിരവധി മത സമൂഹങ്ങളുടെ പൂങ്കാവനവുമായും അറിയപ്പെടുന്ന നമ്മുടെ രാജ്യം വിവിധ മത വർഗങ്ങൾക്ക് പരസ്പര വിശ്വാസത്തോടെയും സ്നേഹത്തോടെയും എങ്ങനെ കഴിയാമെന്ന് പ്രായോഗികമായി തെളിയിച്ച ഊഷരഭൂമിയാണ്.

ഇന്ത്യക്ക് ഒരു കാലത്തും ഔദ്യോഗിക മതമുണ്ടായിരുന്നില്ല. വ്യത്യസ്ത മത വിഭാഗങ്ങൾ അവരുടെ വിശ്വാസങ്ങൾക്കനുസരിച്ചുള്ള ആചാരങ്ങളും അനുഷ്ഠാനങ്ങളും ശീലിച്ചു വന്നു. ഹൈന്ദവ വിഭാഗങ്ങൾക്കിടയിൽ തന്നെ സജീവമായി നിലനിന്നുവന്നിരുന്ന നിരവധി ജാതികളും ഉപജാതികളും അവരുടേതായ വിശ്വാസങ്ങളും ശീലങ്ങളും പുലർത്തിക്കൊണ്ട് രാജ്യത്ത് ജീവിച്ചു. ഓരോ വിഭാഗവും അവരുടെ ആരാധനകൾക്കുവേണ്ടിയുള്ള മന്ദിരങ്ങൾ നിർമിച്ചു. ക്രിസ്തുവിനു

മുമ്പ് ഗുപ്ത, മൗര്യ, ചേര, ചോള, പല്ലവ ഭരണ കാലങ്ങളിലും ദൽഹി സുൽത്താന്മാർ, മുഗളന്മാർ എന്നിവരുടെ കാലങ്ങളിലും വിജയനഗര സാമ്രാജ്യ കാലഘട്ടത്തിലും പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ബ്രിട്ടീഷ് കാലങ്ങളിലും മതം വലിയ സംഘട്ടനങ്ങൾക്കോ അസഹിഷ്ണുതകൾക്കോ കാരണമായിരുന്നില്ല. പോർച്ചുഗീസുകാരുടെ കാലം തൊട്ടാരംഭിച്ച യൂറോപ്യൻ അധിനിവേശമാണ് രാജ്യത്തിന്റെ ബഹുമതമുഖത്തെ ശിഥിലമാക്കിയും കരിവാരിത്തേച്ചും നശിപ്പിച്ചു തുടങ്ങിയത്. 'ഭിന്നിപ്പിച്ച് ഭരിക്കുക' എന്ന നയത്തിലൂടെ രാജ്യത്തെ പ്രജകൾക്കിടയിൽ മതത്തിന്റെ പേരിലുള്ള ഭിന്നതകൾ പടർത്തി പരസ്പരം അവിശ്വാസം ജനിപ്പിക്കുവാനും പോരടിപ്പിക്കുവാനും സാമ്രാജ്യത്വ ശക്തികൾ ശ്രമിച്ചു. ദ്വിരാഷ്ട്ര വാദവും ഹിന്ദുത്വ വാദവും ഇന്ത്യൻ ജനതക്ക് മേൽ അടിച്ചേൽപിച്ചത് അധിനിവേശ ശക്തികളായിരുന്നു. മതത്തിന്റെ പേരിൽ അസഹിഷ്ണുത വളരാനും വിശ്വാസികൾ പരസ്പരം വെച്ചുപുലർത്തിയിരുന്ന സഹവർത്തിത്വം നശിച്ചുപോകാനും ഇത് കാരണമായി.

ഭൂമിയിലെവിടെയായിരുന്നാലും ഭൂമിയുടെയും ആകാശലോകങ്ങളുടെയും മനുഷ്യരടക്കമുള്ള സകല ജന്തുജാലങ്ങളുടെയും സ്രഷ്ടാവായ ഏകനായ ദൈവത്തെ മാത്രം ആരാധിച്ച് അവന്റെ നിയമനിർദേശങ്ങൾക്ക് വിധേയനായി ജീവിക്കുകയെന്ന ദൗത്യമാണ് മനുഷ്യർക്ക് ഭൂമിയിൽ നിർവഹിക്കാനുള്ളത്. ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യർ ദൈവികമതത്തെ അല്ലെങ്കിൽ ദൈവിക നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവാചകന്മാരിലൂടെ പഠിപ്പിക്കപ്പെട്ട വിശ്വാസസംഹിതകളെയും ആചാരാനുഷ്ഠാനങ്ങളെയും സ്വീകരിച്ച് ഏകോദര സഹോദരങ്ങളായി ഭൂമിയിൽ ജീവിക്കുകയാണ് വേണ്ടത്. വിവിധ വർണങ്ങളിലും ഭാഷകളിലും അഭിരുചികളിലുമായി ഭൂമിയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യർ ഒരേ പിതാവിന്റെയും മാതാവിന്റെയും മക്കളാണെന്ന കാര്യം എപ്പോഴും ഓർമിക്കേണ്ടതുണ്ട്. സമസൃഷ്ടികളായ സഹോദരങ്ങളെ പരസ്പരം ആദരിച്ചും സ്നേഹിച്ചും സമാധാനത്തോടെ സ്രഷ്ടാവിന് പൂർണമായ സമർപ്പണം നടത്തി ജീവിക്കുകയാണ് മനുഷ്യന് തന്റെ ജീവിത സങ്കേതമായ ഭൂമിയിൽ നിർവഹിക്കാനുള്ള ധർമവും ദൗത്യവും. അപ്രകാരം ജീവിക്കുമ്പോൾ മാത്രമെ മരണശേഷമുള്ള തന്റെ ശാശ്വത ലോകത്ത് സമാധാനത്തോടെയും സന്തോഷത്തോടെയും സ്വർഗീയാനുഭൂതികളോടെ കഴിയുവാൻ മനുഷ്യന് സാധിക്കൂ. പ്രവാചകന്മാരിലൂടെ പഠിപ്പിക്കപ്പെട്ട ഈ സന്ദേശത്തെ ഉൾക്കൊള്ളുമ്പോൾ മനുഷ്യരിൽ സ്നേഹവും സഹവർത്തിത്വവും സഹിഷ്ണുതയും വളർന്നു വരുന്നു. ജാതിയും ഉപജാതിയും തൊട്ടുകൂടായ്മയും അയിത്തവും അസ്പൃശ്യതയും ഇല്ലാതെ സ്നേഹം, ഐക്യം തുടങ്ങിയ വിശുദ്ധമായ ആശയങ്ങളിലൂടെ ഹൃദയങ്ങൾക്കിടയിൽ ഗാഢമായ ബന്ധങ്ങൾ തീർക്കുവാനാണ് ദൈവിക മതം ഉൽഘോഷിക്കുന്നത്.

സമാധാനത്തിന്റെയും സമർപ്പണത്തിന്റെയും സന്ദേശമുൾക്കൊള്ളുന്ന യഥാർഥ ദൈവികമതത്തിൽ ഉറച്ചുനിൽക്കാൻ സ്രഷ്ടാവ് മനുഷ്യനെ ഉപദേശിക്കുമ്പോൾ അതിൽ നിന്നും ബഹുദൂരം അകലം സഞ്ചരിക്കുവാനാണ് മനുഷ്യരിൽ ഭൂരിപക്ഷത്തിനും താൽപര്യം. സ്വന്തമായി ദൈവത്തെ സങ്കൽപിച്ചും സ്രഷ്ടാവായ യഥാർഥ ദൈവത്തിനു നൽകേണ്ടുന്ന ആരാധനകളും വണക്കങ്ങളും അനുസരണങ്ങളും ദൈവേതരർക്ക് നൽകിയും സ്വയം സായൂജ്യമടയുവാനാണ് അവരിൽ പലരും താൽപര്യപ്പെടുന്നത്. ദൈവിക ഗ്രന്ഥങ്ങളിലൂടെ സുതരാം വ്യക്തമായി ലോകത്തോട് സ്രഷ്ടാവിന്റെ കഴിവുകളെ കുറിച്ച് പറയുകയും ദൈവിക സന്ദേശങ്ങൾ സ്വീകരിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രാപഞ്ചിക പ്രതിഭാസങ്ങളിലൂടെ



യും ജീവിവർഗങ്ങളുടെ അത്ഭുത ലോകങ്ങളിലൂടെയും സ്രഷ്ടാവിന്റെ മഹത്ത്വം കാണുവാനും അവനു ജീവിതം സമർപിക്കുവാനും ദൈവികഗ്രന്ഥങ്ങൾ മനുഷ്യരോട് പറയുമ്പോൾ പൈശാചിക ദുർബോധനങ്ങൾക്ക് വിധേയരായി സകലതിനും ആരാധനകളർപിച്ച് തങ്ങളുടെ മനോമുകുരങ്ങളിൽ നിന്നുദിച്ചുവന്ന ദൈവങ്ങളുടെ പേരിൽ മനുഷ്യർ ഭിന്നിക്കുകയാണ് ചെയ്യുന്നത്. മനുഷ്യരെ ഏകീകരിക്കേണ്ട മതത്തിന്റെ പേരിൽ മനുഷ്യർ ധ്രുവീകരിക്കപ്പെടുന്നുവെന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ദൈവികമായ സന്ദേശങ്ങൾ പ്രവാചകന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും പഠിപ്പിക്കപ്പെടുമ്പോഴും അതിലടങ്ങിയ ആശയങ്ങളെ ഉൾക്കൊള്ളുവാനും തിരസ്കരിക്കുവാനുമുള്ള പ്രകൃതിപരമായ സവിശേഷതയും മനുഷ്യന് സ്രഷ്ടാവ് നൽകിയിട്ടുണ്ട്. 'വിശ്വസിക്കുവാൻ ഉദ്ദേശമുള്ളവർക്ക്

**വിജ്ഞാനം, സമ്പത്ത്, ആരോഗ്യം തുടങ്ങി പലതിനോടും നമുക്ക് മത്സരിക്കാം. പക്ഷേ, പ്രായത്തോട് നമുക്ക് മത്സരിക്കാൻ സാധിക്കില്ല. പ്രായമുള്ളവർ ആർജിച്ചെടുത്ത അനുഭവങ്ങളിലൂടെയുള്ള പരിജ്ഞാനം എത്ര തന്നെ ഡിഗ്രികൾ കരസ്ഥമാക്കിയാലും ഒരാൾക്കും ലഭ്യമാവില്ല. ജരാനര ബാധിക്കുമ്പോൾ മസ്തിഷ്കം വറ്റിവരളുകയല്ല ചെയ്യുക; ജരാനര കരുണാവാരിധിയായ നാഥൻ ഒരു മനുഷ്യന് നൽകുന്ന ആദരവ് മാത്രമാകുന്നു.**

വിശ്വസിക്കാം; അവിശ്വസിക്കുവാൻ ഉദ്ദേശമുള്ളവർക്ക് അവിശ്വസിക്കാം' എന്ന് ദൈവികഗ്രന്ഥമായ വിശുദ്ധ ക്വുർആൻ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'വിശ്വാസത്തിന്റെ കാര്യത്തിൽ ബലാൽക്കാരം വേണ്ടതില്ല' എന്ന് ക്വുർആൻ പറയുമ്പോൾ മതപരമായ സ്വീകരണവും തിരസ്കരണവും വ്യക്തിനിഷ്ഠമായ കാര്യങ്ങൾ മാത്രമാണെന്ന് ബോധ്യപ്പെടുവാൻ പ്രയാസമില്ല. ഏതൊരാൾക്കും അയാളുടെ വിശ്വാസവും അനുഷ്ഠാനങ്ങളും പ്രിയങ്കരമാണ്. സ്വന്തം പിതൃവ്യനായിരുന്ന അബൂത്വാലിബിന്റെ ഇസ്‌ലാം സ്വീകരണം പ്രവാചകൻ മുഹമ്മദ്ﷺ വളരെയധികം കൊതിച്ചിരുന്നു. പക്ഷേ, അബൂത്വാലിബ് അവസാനശ്വാസം വലിച്ചപ്പോഴും തന്റെ പാരമ്പര്യ വിശ്വാസത്തോടെ മരിക്കുന്നുവെന്നു പ്രഖ്യാപിക്കുകയായിരുന്നു. പ്രവാചകത്വം ലഭിച്ച ശേഷവും 13 വർഷക്കാലം അബൂത്വാലിബിന്റെ പരിചരണത്തിൽ അദ്ദേഹം കഴിയുകയും രണ്ടു വിശ്വാസങ്ങളിലായി അവർ രണ്ടുപേരും ജീവിക്കുകയും ചെയ്തിട്ടും അവർക്കിടയിൽ അസഹിഷ്ണുതയുടെ നാമ്പുകൾ മുളപൊട്ടിയില്ലെന്നു ചരിത്രം പറയുമ്പോൾ ഭിന്നമായ മതവീക്ഷണങ്ങൾ പരസ്പര വൈരവും അസഹിഷ്ണുതയും വളർത്താനുള്ളതല്ലെന്നുള്ള ഉദാത്തമായ സന്ദേശം നമുക്കവിടെ ദർശിക്കാൻ കഴിയും.

വർത്തമാനലോകത്ത് മതം കേവലം ധ്രുവീകരണത്തിന്റെ പര്യായപദമായി മാറിയിരിക്കുകയാണ്. പരസ്പരം സ്നേഹിക്കേണ്ട മനുഷ്യർ മതത്തിന്റെ പേരിൽ തന്നെ കലഹങ്ങളിലേർപെടുകയാണ്. യഥാർഥത്തിൽ മതം എന്ന വാക്കിനർഥം അഭിപ്രായം എന്നാണ്. ഒരു മനുഷ്യന്റെ അഭിപ്രായം രൂപപ്പെടുന്നത് അയാളുടെ ചിന്തകളിലും മനസ്സിലുമാണ്. ഒരാളുടെ മതം അയാളുടെ മനസ്സിൽ ദൃഢമായി വേരൂന്നിയ വിശ്വാസവും വിശ്വാസത്തിന്റെ മൂലപ്രമാണങ്ങളോടുള്ള പ്രതിബദ്ധതയിൽ നിന്നും ഉൽഭൂതമാവുന്ന പ്രവർത്തനങ്ങളുടെയും ആകെത്തുകയാണ്. ഒരു വ്യക്തിയുടെ മനോഗതത്തിന്റെയും ചിന്തയുടെയും അടിസ്ഥാനത്തിൽ അയാൾക്ക് സ്വതന്ത്രമായി സ്വീകരിക്കുവാനോ തിരസ്കരിക്കുവാനോ സാധിക്കുന്ന അഭിപ്രായങ്ങളുടെ സങ്കേതമായി മതത്തെ കണക്കാക്കാം. മതപരിവർത്തനത്തെ കുറിച്ചുള്ള വലിയ ചർച്ചകൾ നടക്കുന്ന കാലമാണിത്. യഥാർഥത്തിൽ ഒരാളുടെ മനസ്സിൽ അയാൾ രൂപപ്പെടുത്തിയിട്ടുള്ള വിശ്വാസകാര്യങ്ങൾ തെറ്റെന്നു സ്വയം ബോധ്യപ്പെടുമ്പോൾ അവ തിരുത്തുവാനുള്ള സ്വാതന്ത്ര്യം അയാളുടെ മൗലികാവകാശങ്ങളുടെ പരിധിയിലാണ് വരിക. അങ്ങനെയുള്ള അഭിപ്രായ മാറ്റങ്ങളെ മതംമാറ്റം എന്നതിനെക്കാൾ മനം മാറ്റമായിട്ടാണ് കാണേണ്ടത്. മക്കയിൽ നിന്നും മദീനയിലേക്ക് ഇസ്‌ലാം ആശ്ലേഷിച്ച് കടന്നുവരുന്ന സ്ത്രീകളുടെ വിശ്വാസത്തെ ശരിയായ രൂപത്തിൽ പരിശോധിക്കുകയും മറ്റു താൽപര്യങ്ങളൊന്നുമില്ലാതെ, ഭയപ്പെടുത്തലുകളോ പ്രലോഭനങ്ങളോ ഒന്നുമില്ലാതെ സ്വന്തം മനസ്സിലുണ്ടായ അഭിപ്രായമാറ്റത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് അവർ ഇസ്‌ലാം ആശ്ലേഷിച്ചിട്ടുള്ളതെന്നു ഉറപ്പുവരുത്തണമെന്ന നിർദേശം വിശുദ്ധ ക്വുർആനിലൂടെ പ്രവാചകന് ലഭിക്കുകയുണ്ടായി. അതുകൊണ്ടുതന്നെ ഇസ്‌ലാമിനെ സംബന്ധിച്ചിടത്തോളം മാനസിക പരിവർത്തനമാണ് ഒരാളുടെ മതം മാറ്റത്തിന്റെ ഹേതുവായി പരിഗണിക്കപ്പെടുക. നിർബന്ധിച്ചോ പ്രലോഭനം നടത്തിയോ ഒരാളുടെയും മനസ്സിൽ പരിവർത്തനം സൃഷ്ടിക്കുവാൻ സാധ്യമല്ല. ജീവകാരുണ്യ പ്രവർത്തനങ്ങളും സാമൂഹിക സേവനങ്ങളും ചില മിഷിനറികൾ മതപരിവർത്തന ഉപാധികളാക്കാറുണ്ട്. ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം അയാൾ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ മറ്റുള്ളവരെ പ്രലോഭിപ്പിച്ച് മതം മാറ്റുന്നതിന് വേണ്ടിയുള്ളതാണെങ്കിൽ അത് ഇസ്‌ലാം അംഗീകരിക്കുന്നില്ല. സഹജീവികളോടുള്ള ആത്മാർഥവും നിഷ്കാമവുമായ സ്നേഹത്തിന്റെ അടിസ്ഥാനത്തിൽ അവർക്ക് വേണ്ടി നൽകപ്പെടുന്ന സേവനങ്ങളിൽ ഗുണഭോക്താവിൽ നിന്നും യാതൊരു പ്രത്യുപകാരമോ നന്ദിയോ പ്രതീക്ഷിക്കാതെ പരലോകത്തെ നരകശിക്ഷയിലൂടെ മുഖം ചുളിഞ്ഞു പോവുന്ന ദിനത്തെ ഭയപ്പെട്ടുകൊണ്ട് ദൈവപ്രീതി മാത്രം ലക്ഷ്യമാക്കി നടത്തേണ്ട പ്രവർത്തനങ്ങളാണ് ജീവകാരുണ്യ സാമൂഹ്യസേവന പ്രവർത്തനങ്ങൾ. അവ മതപരിവർത്തനത്തിനു വേണ്ടി ഉപയോഗിക്കുന്നത് മതത്തിന്റെ തന്നെ ലക്ഷ്യങ്ങളോട് യോജിക്കുന്നില്ല.

വിശ്വാസ സ്വാതന്ത്ര്യവും ഇഷ്ടമുള്ള മതം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവും ഇന്ത്യൻ ഭരണഘടന പൗരന് നൽകുന്ന അവകാശങ്ങളിൽ പെട്ടതാണ്. ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള ആർട്ടിക്കിളുകൾ ഈ അവകാശം സ്ഥിരീകരിക്കുന്നുണ്ട്. മതം മാറ്റത്തെയും അഭിപ്രായ രൂപീ

കരണത്തെയും എക്കാലവും ഭയപ്പെട്ടിരുന്ന ഫാഷിസ്റ്റുകൾ ഇന്ത്യയിൽ വ്യക്തികൾ അനുഭവിക്കുന്ന ഈ സ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടാൻ പല കാലങ്ങളിലായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മതംമാറ്റ നിരോധന നിയമങ്ങൾ പാസ്സാക്കാൻ ഇവർ പലകുറി ശ്രമിച്ചെങ്കിലും രാജ്യവ്യാപകമായി അത് നടപ്പാക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇക്കഴിഞ്ഞ നവമ്പർ 28നു രാജസ്ഥാൻ ഹൈക്കോടതിയിൽ ഒരു വ്യക്തിയുടെ ഇസ്‌ലാം മത സ്വീകരണവുമായി ബന്ധപ്പെട്ട് ഹേബിയസ് കോർപസ് നൽകിയ കേസിൽ ഇക്കഴിഞ്ഞ ദിവസം രാജസ്ഥാൻ ഹൈക്കോടതി നടത്തിയ നിരീക്ഷണം വളരെ പ്രസക്തമാണ്. മതം മാറാൻ ഏതൊരു വ്യക്തിക്കും ഭരണഘടനാപരമായ അവകാശമുണ്ടെന്നുള്ള കോടതിയുടെ പ്രഖ്യാപനം മതം മാറ്റ നിരോധന നിയമം രാജ്യത്തു കൊണ്ടുവരണമെന്ന ഫാഷിസ്റ്റുകളുടെ നിരന്തരമായ ആവശ്യങ്ങളുടെയും അതിന്റെ പേരിൽ അവർ രാജ്യമൊട്ടുക്കും നടത്തിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങൾക്കുമുള്ള തിരിച്ചടിയാണ്. ഏതൊരാളുടെയും വിശ്വാസത്തെയോ മതം മാറ്റത്തെയോ ചോദ്യം ചെയ്യാതെ അവയെ സഹിഷ്ണുതയോടെ നോക്കിക്കണ്ടുകൊണ്ട് പരസ്പര സഹവർത്തിത്വം വളർത്തുകയാണ് മതനേതൃത്വങ്ങൾ ചെയ്യേണ്ടത്.

ഇവിടെയാണ് മത നേതൃത്വങ്ങളും പ്രതിസന്ധിയിലാകുന്നത്. വികലമായ മതവീക്ഷണങ്ങൾ പുലർത്തുകയും രാജ്യത്തിന്റെ സാമൂഹികാവസ്ഥയെ മനസ്സിലാക്കാതെയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തുകൊണ്ട് രാജ്യത്തിന്റെ ആഭ്യന്തര സുരക്ഷക്ക് തന്നെ ഭീഷണിയാവുന്ന തരത്തിലേക്ക് മതത്തിന്റെ പേരിലുള്ള പ്രവർത്തനങ്ങൾ ഗതിമാറിപ്പോകുന്നതിനെ തടയിടാനുള്ള ഇച്ഛാശക്തി മത പ്രസ്ഥാനങ്ങൾ സ്വായത്തമാക്കേണ്ടതുണ്ട്. അപക്വമതികളും ക്ഷിപ്രകോപികളുമായ ആളുകൾ മതരംഗത്തെ കൈകാര്യം ചെയ്യുകയും പ്രസ്ഥാനങ്ങളുടെ ഉന്നതങ്ങളിൽ കടന്നുകൂടുകയും ചെയ്യുക വഴി അവർ പ്രതിനിധാനം ചെയ്യുന്ന യഥാർഥ മതത്തിന്റെ സുന്ദരമുഖത്തിനു കോട്ടം തട്ടുകയും ചെയ്യുന്നതാണ് മതത്തിന്റെ പേരിൽ സംഘടിച്ചിട്ടുള്ള സംഘടനകൾ അഭിമുഖീകരിക്കുന്ന വലിയ പ്രശ്നം. വിവേകത്തോടെയും വിചാരത്തോടെയും കാര്യങ്ങളെ അപഗ്രഥിച്ചു മനസ്സിലാക്കി അവധാനതയോടെയും ക്ഷമയോടെയും പ്രശ്നപരിഹാരങ്ങൾക്ക് ശ്രമിക്കുകയാണ് വേണ്ടത്. സ്രഷ്ടാവിന്റെ സന്ദേശങ്ങളുടെ പ്രചാരണം ഏറ്റെടുക്കുകയും അവ പഠിപ്പിക്കുകയും ചെയ്യുന്നവർ പ്രവാചകന്റെ പെരുമാറ്റ മര്യാദകളും സഹിഷ്ണുതാബോധവും പഠിക്കുകയും ജീവിതത്തിൽ കണിശമായും പാലിക്കുകയും ചെയ്യേണ്ടതുണ്ട്.

കുടുംബം, സമൂഹം, സംഘടന, സ്ഥാപനം തുടങ്ങിയ സമൂഹത്തെ സജീവമാക്കി നിർത്തുന്ന ഘടകങ്ങളിൽ നേതൃപരമായ പ്രതിസന്ധി രൂപപ്പെടുകയും പൂർണമായ നേതൃത്വ ശൂന്യതയിലേക്ക് അവ വഴിമാറുകയും ചെയ്താൽ അവിടെ അരാജകത്വമായിരിക്കും രൂപപ്പെടുക. ഒരു കുടുംബത്തിൽ ഉണ്ടാകുന്ന അഭിപ്രായവ്യത്യാസത്തിൽ കുടുംബനാഥന്മാരായ പിതാവോ മാതാവോ ഏതെങ്കിലുമൊരു കക്ഷിയുടെ കൂടെ നിൽക്കുകയോ അഭിപ്രായ വ്യത്യാസങ്ങളിൽ കക്ഷി ചേരുകയോ ചെയ്യുമ്പോൾ അവിടെ അരക്ഷിതാവസ്ഥ സംജാതമാകും. വഴക്കുകൾ മൂർച്ഛിക്കുകയും കുടുംബം ഛിന്നഭിന്നമായിത്തീരുകയും ചെയ്യും. സംഘടനകളിലും പ്രസ്ഥാനങ്ങളിലുമുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുവാനും സഹിഷ്ണുതയും സഹവർത്തിത്വവും ഉപദേശിക്കുവാനും നേതൃത്വത്തിനാണ് ഏറ്റവും വലിയ ബാധ്യത. നേതൃത്വം തന്നെ കക്ഷി ചേരുകയോ പ്രശ്നങ്ങളിൽ ഏകപക്ഷീയമായ നിലപാട് സ്വീകരിക്കുകയോ ചെയ്യുമ്പോൾ അനുയായികളിൽ നേതൃത്വത്തെ കുറിച്ചുള്ള അവിശ്വാസം രൂപപ്പെടും. നേതൃത്വത്തിന്റെ പ്രവർത്തനങ്ങളോട് സദാ ശണ്ഠകൂടിയും കലഹിച്ചും കഴിയുകയല്ല അനുയായികൾ ചെയ്യേണ്ടത്. തലമുറകൾ തമ്മിലുള്ള അന്തരമെന്ന 'ജനറേഷൻ ഗ്യാപ്പ്' ആണ് പലപ്പോഴും പ്രശ്നങ്ങൾ ഉണ്ടാക്കാറുള്ളത്. പ്രായവ്യത്യാസങ്ങളെ സംഘടന രംഗത്തും കുടുംബങ്ങളിലുമെല്ലാം പരിഗണിക്കാതിരിക്കുന്നത് ഒരിക്കലും ശരിയല്ല. 'നമ്മിലെ വലിയവരെ ബഹുമാനിക്കാത്തവനും ചെറിയവരെ സ്നേഹിക്കാത്തവനും നമ്മിൽ പെട്ടവനല്ല' എന്ന പ്രവാചകവചനം ജനറേഷൻ ഗ്യാപ്പ് സൃഷ്ടിക്കുന്ന പ്രശ്നങ്ങളെ എങ്ങനെ പരിഹരിക്കാമെന്ന് ബോധ്യപ്പെടുത്തുന്നു.

വിജ്ഞാനം, സമ്പത്ത്, ആരോഗ്യം തുടങ്ങി പലതിനോടും നമുക്ക് മത്സരിക്കാം. പക്ഷേ, പ്രായത്തോട് നമുക്ക് മത്സരിക്കാൻ സാധിക്കില്ല. പ്രായമുള്ളവർ ആർജിച്ചെടുത്ത അനുഭവങ്ങളിലൂടെയു

**സംഘടനകളിലും പ്രസ്ഥാനങ്ങളിലുമുണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കുവാനും സഹിഷ്ണുതയും സഹവർത്തിത്വവും ഉപദേശിക്കുവാനും നേതൃത്വത്തിനാണ് ഏറ്റവും വലിയ ബാധ്യത. നേതൃത്വം തന്നെ കക്ഷി ചേരുകയോ പ്രശ്നങ്ങളിൽ ഏകപക്ഷീയമായ നിലപാട് സ്വീകരിക്കുകയോ ചെയ്യുമ്പോൾ അനുയായികളിൽ നേതൃത്വത്തെ കുറിച്ചുള്ള അവിശ്വാസം രൂപപ്പെടും. നേതൃത്വത്തിന്റെ പ്രവർത്തനങ്ങളോട് സദാ ശണ്ഠകൂടിയും കലഹിച്ചും കഴിയുകയല്ല അനുയായികൾ ചെയ്യേണ്ടത്.**

ള്ള പരിജ്ഞാനം എത്ര തന്നെ ഡിഗ്രികൾ കരസ്ഥമാക്കിയാലും ഒരാൾക്കും ലഭ്യമാവില്ല. ജരാനര ബാധിക്കുമ്പോൾ മസ്തിഷ്കം വറ്റിവരളുകയല്ല ചെയ്യുക; ജരാനര കരുണാവാരിധിയായ നാഥൻ ഒരു മനുഷ്യന് നൽകുന്ന ആദരവ് മാത്രമാകുന്നു. ജരാനര ബാധിച്ചുകഴിഞ്ഞാൽ അവരെയൊന്നും പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുവാനോ കുടുംബങ്ങളെ നയിക്കുവാനോ കൊള്ളില്ലെന്ന കാഴ്ചപ്പാട് തിരുത്തപ്പെടേണ്ടതുണ്ട്. വഴികാട്ടികളായി മുന്നിൽ നടക്കേണ്ടത് പരിണിതപ്രജ്ഞരും അനുഭവസമ്പത്തുള്ളവരും തന്നെയാണ്. പ്രായം ചെന്നവരെ ബഹുമാനിക്കണമെന്ന പ്രവാചക നിർദേശം പ്രസക്തമാവുന്നതിവിടെയാണ്. പ്രായമുള്ളവരോട് മതപരിഗണനകളില്ലാതെ പ്രവാചകൻ കാണിച്ച ആദരവ് ചരിത്രത്തിൽ ധാരാളാണല്ലോ.

അതിന്റെ മറുവശമാണ് ചെറുപ്പക്കാരുമായുള്ള ഊടുറ്റ ബന്ധം. യുവസമൂഹത്തിനു ആവശ്യം സ്നേഹത്തോടെയുള്ള പരിഗണനകളാണ്. തെറ്റുകളെയും കുറവുകളേയും സദുപദേശങ്ങളിലൂടെ തിരുത്തുവാൻ തയ്യാറായാൽ യുവസമൂഹം നേരായ പാതയിലേക്ക് കടന്നുവരുമെന്നതിനു പ്രവാചക ജീവിതത്തിൽ എത്രയോ ഉദാഹരണങ്ങൾ കാണാൻ സാധിക്കും. കൂടിയാലോചനകളിൽ പ്രവാചകൻﷺ യുവസമൂഹത്തിനു നൽകിയിരുന്ന പരിഗണനകൾ ധാരാളമാണ്. തെറ്റുകൾ കാണുമ്പോൾ അധികാരത്തിന്റെ ദണ്ഡുകളുപയോഗിച്ചുള്ള നടപടികളല്ല, അവയെ സ്വയം തിരുത്തുവാനുള്ള മാനസികാവസ്ഥയിലേക്ക് നയിക്കുവാൻ പ്രേരിപ്പിക്കുകയാണ് വേണ്ടത്. ഒരു സ്ത്രീയോട് സംസാരിക്കുകയായിരുന്ന പ്രവാചകൻ, അതു കണ്ടുനിന്ന അനുചരന്മാരോട് അതെന്റെ ഭാര്യ സ്വഫിയ്യ ആണെന്ന് പറഞ്ഞുകൊടുക്കാൻ മാത്രമുള്ള വിശാലത കാണിച്ചിരുന്നു. ഉഹ്ദ് യുദ്ധവുമായി ബന്ധപെട്ട ചർച്ചകളിൽ ചെറുപ്പക്കാരുടെ അഭിപ്രായങ്ങൾക്ക് ഭൂരിപക്ഷം ഉണ്ടായപ്പോൾ പ്രവാചകന്റെ അഭിപ്രായത്തെ പിൻവലിക്കുകയും ചെറുപ്പക്കാരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുകയും ചെയ്തത് പ്രവാചകന്റെ സഹിഷ്ണുതയുടെയും സഹവർത്തിത്വത്തിന്റെയും പാഠങ്ങളിൽ ഒന്നുമാത്രമാണ്. സ്നേഹം നൽകുകയും ആദരവ് പിടിച്ചു പറ്റുകയും ചെയ്യുക. ആദരവ് നൽകി സ്നേഹം തിരിച്ചു വാങ്ങുകയും ചെയ്യുക. സ്നേഹവും ആദരവും പരസ്പരപൂരകങ്ങളാണെന്ന തിരിച്ചറിവ് നേതാക്കൾക്കും അനുയായികൾക്കും ഒരുപോലെ ഉണ്ടാവേണ്ടതുണ്ട്.

നേതൃത്വ ശൂന്യതയാണ് ഒരു സമൂഹത്തിന്റെ നാശത്തിനു കാരണമാവുന്നത്. മനസ്സിന്റെ അകത്തളങ്ങളിൽ നിന്നുണ്ടാവുന്ന ആത്മാർഥതയും സ്നേഹവും കൊണ്ട് മാത്രമെ ഏതൊരാൾക്കും നല്ല നേതാവായിത്തീരാൻ സാധിക്കൂ. ഭിന്നിച്ചും കലഹിച്ചും കഴിഞ്ഞിരുന്ന അറബ് ഗോത്രങ്ങളെ ഒരു ചരടിൽ കോർത്ത മുത്തുമണികളെപ്പോലെയാക്കുവാൻ പ്രവാചകന് സാധിച്ചത് അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ട് മാത്രമായിരുന്നു. സമൂഹത്തോടും അനുയായികളോടും അദ്ദേഹത്തിനുണ്ടായിരുന്ന ആർദ്രതയാണ് അദ്ദേഹത്തിലേക്ക് കാരിരുമ്പിന്റെ ഹൃദയങ്ങളുടെ ഉടമകളെപ്പോലും അടുപ്പിച്ചു നിർത്തിയത്. പ്രവാചകനെ കുറിച്ച് ക്വുർആൻ പറയുന്നത് ഇങ്ങനെയാണ്: “അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായത്. നീ ഒരു പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നുവെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞ് പോയിക്കളയുമായിരുന്നു. ആകയാൽ നീ അവർക്ക് മാപ്പുകൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക. അങ്ങനെ നീ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ അല്ലാഹുവിൽ ഭരമേൽപിക്കുക. തന്നിൽ ഭരമേൽപിക്കുന്നവരെ തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നതാണ്”(ക്വുർആൻ 3:159).

കാരുണ്യവും സൗമ്യതയും കടകളിൽ കിട്ടുന്നതല്ല. ബാനറുകളിലൂടെയും കമാനങ്ങളിലൂടെയും അവയെ സ്ഥാപിക്കുവാനും സാധ്യമല്ല. കുതന്ത്രങ്ങളും കുനുഷ്ടുകളും നിറഞ്ഞാടുന്ന സ്ഥലങ്ങളിൽ അവയ്ക്ക് സ്ഥാനവും ലഭിക്കില്ല. ഹൃദയങ്ങളുടെ ഐക്യവും മനസ്സുകളിലെ സ്നേഹവുമെല്ലാം നിലനിർത്തുവാനും പരസ്പര സഹിഷ്ണുതയും സഹവർത്തിത്വവും സ്വാംശീകരിക്കാനും ക്വുർആൻ നിർദേശിച്ച സഹിഷ്ണുതയുടെ പാഠങ്ങളും പ്രവാചകന്റെ നേതൃത്വ മാതൃകയും ഉൾക്കൊള്ളുകയാണ് വേണ്ടത്.

അതിനു പകരം കേവലം സംഘടന വിരോധങ്ങളുടെ പേരിൽ കേരളത്തിലെ പൊതുസമൂഹവും ഭരണാധികാരികളും രാഷ്ട്രീയനേതാക്കളും അംഗീകരിച്ച മതപ്രബോധക സമൂഹത്തിനെതിരെ തീവ്രവാദ ആരോപണം നടത്തുകയും ‘ആത്മീയ ജന്തുക്കൾ’ തുടങ്ങിയ പ്രയോഗങ്ങളിലൂടെ കൊച്ചാക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ട് അസഹിഷ്ണുതയുടെ തോറ്റം പാടുകയാണ് പലരും ചെയ്തുകൊണ്ടിരിക്കുന്നത്. ചാനലുകളിലും ക്യാമറകളിലും ഞെളിഞ്ഞുനിൽക്കുമ്പോഴും അന്തിചർച്ചകളിൽ വാതോരാതെ സംസാരിക്കുമ്പോഴും സഹിഷ്ണുതയെന്ന ഇസ്‌ലാം പഠിപ്പിച്ച മഹത്തായ സംസ്കാരം ഉന്നതന്മാരിൽ നിന്നുപോലും അന്യം നിന്നുപോവുന്നത് തീർത്തും ഖേദകരമാണ്.

രാജ്യത്തെ വിവിധ മതസമൂഹങ്ങൾക്കിടയിലും മത സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കുമിടയിലും അവയുടെ പ്രവർത്തകർക്കിടയിലും സഹിഷ്ണുതയും സഹവർത്തിത്വവും വളരുകയും സമാധാനപൂർണമായ അവസ്ഥകൾ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യട്ടെയെന്നു നമുക്ക് ആശംസിക്കാം. ●

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം

ആരാണ് ശിയാക്കൾ? ഭാഗം: 5




# ശിയാക്കളും തൗഹീദും

**തൗഹീദുർറുബൂബിയ്യതും ശിയാക്കളും**

സൃഷ്ടിപ്പ്, ഉടമസ്ഥത, നിയന്ത്രണം എന്നീ അല്ലാഹുവിന്റെ പ്രവൃത്തികളിൽ അവനെ ഏകനാക്കലാണ് തൗഹീദുർറുബൂബിയ്യഃ അഥവാ രക്ഷാകർതൃത്വത്തിലെ ഏകത്വം. സ്രഷ്ടാവും പരിപാലകനും അന്നദാതാവും ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും നിയന്ത്രിക്കുന്നവനും അല്ലാഹു ആകുന്നു എന്ന ഒരു ദാസന്റെ വിശ്വാസമാണത്. അതിലൊന്നും അല്ലാഹുവിനു യാതൊരു പങ്കുകാരനും തുല്യനും ഇല്ല തന്നെ.

എന്നാൽ ഈ അടിസ്ഥാനങ്ങളിൽ ശിയാ വിശ്വാസം എന്താണ്? അല്ലാഹുവിന്റെ രക്ഷാകർതൃത്വത്തിൽ തങ്ങളുടെ ഇമാമുകളെ അല്ലാഹുവിൽ പങ്കുചേർക്കുന്ന ശിയാ വിശ്വാസങ്ങൾക്ക് ഏതാനും ഉദാഹരണങ്ങൾ ഇവിടെ നൽകാം.

*ഒന്ന്: ഇമാം റബ്ബാണെന്ന ശിയാവിശ്വാസം!*

വിശുദ്ധ ക്വുർആനിൽ സൂറതുൽ കഹ്ഫിലെ 110ാം സൂക്തത്തിൽ ഇങ്ങനെ കാണാം:

"...തന്റെ രക്ഷിതാവിനുള്ള ആരാധനയിൽ യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും ചെയ്തുകൊള്ളട്ടെ."

എന്നാൽ ശിയാ ഇമാമും മുഫസ്സിറുമായ അയ്യാശിന്റെ തഫ്സീറുൽ അയ്യാശിലും മറ്റും ഇതേ ആയത്തിന് ഇപ്രകാരം അർഥം നൽകിയതായി കാണാം: 'അഥവാ ഖിലാഫത്ത് അലിയ്യിന് സമർപ്പിക്കുക. ഖിലാഫത്ത് ഇല്ലാത്തവനെയും അതിന് അർഹനല്ലാത്തവനെയും അതിൽ അലിയ്യിനോട് പങ്കുകാരാക്കാവതല്ല.[33]

അല്ലാഹുവിനുള്ള പ്രത്യേകമായ റബ്ബെന്ന നാമത്തെ ഇമാമിനു വകവെക്കുകയും ഇബാദത്ത് ഖിലാഫത്താണെന്ന് ദുർവ്യാഖ്യാനിക്കുകയുമാണ് ഇതിലൂടെ ശിയാമതം ചെയ്യുന്നത്.

*രണ്ട്: ഇഹലോകവും പരലോകവും ഇമാമിന്റെ കയ്യിലാണെന്ന വിശ്വാസം*

ശിയാക്കളുടെ ഏറ്റവും ആധികാരിക ഗ്രന്ഥമായ 'അൽകാഫി'യിൽ 'ഭൂമി മുഴുവൻ ഇമാമിന്' എന്ന ഒരു അധ്യായം തന്നെ കാണാം.[34] ആ അധ്യായത്തിനു താഴെ അബൂ അബ്ദില്ല പറഞ്ഞതായി ഇപ്രകാരം കാണാം: "താങ്കൾക്കറിയില്ലേ ദുനിയാവും ആഖിറവും ഇമാമിനാണെന്ന്? ഇമാം ഉദ്ദേശിക്കുന്നിടത്ത് അത് വെക്കുന്നു. ഇമാം ഉദ്ദേശിക്കുന്നവർക്ക് അത് നൽകുകയും ചെയ്യുന്നു. അതിന്ന് അല്ലാഹുവിൽ നിന്ന് ഇമാമിന് അനുവാദമുണ്ട്."[35]

റുബൂബിയ്യത്തിൽ അല്ലാഹുവിന് പങ്ക് ചേർക്കലാണ് ഇതിലൂടെ സംഭവിക്കുന്നത്. വിശുദ്ധ ക്വുർആനിന്റെ ഒട്ടനവധി വചനങ്ങൾക്ക് വിരുദ്ധവുമാണ് പ്രസ്തുത വിശ്വാസം. ഇഹവും പരവും വാനവും ഭൂമിയുമെല്ലാം അല്ലാഹുവിന്നു മാത്രമാണെന്നറിയിക്കുന്ന ഏതാനും വിശുദ്ധ വചനങ്ങൾ കാണുക:

"എന്നാൽ അല്ലാഹുവിന്നാകുന്നു ഇഹലോകവും പരലോകവും" (ക്വുർആൻ 53:25).

"ആകാശങ്ങളുടെയും ഭൂമിയുടെയും അവയ്ക്കിടയിലുള്ളതിന്റെയും എല്ലാം ആധിപത്യം അല്ലാഹുവിനത്രെ. അവങ്കലേക്ക് തന്നെയാണ് മടക്കം" (ക്വുർആൻ 4:18).

*മൂന്ന്: പ്രാപഞ്ചിക സംഭവവികാസങ്ങൾ ഇമാമിന്റെ ആജ്ഞയനുസരിച്ചാണെന്ന വിശ്വാസം*

ശിയാ ഇമാമായ മജ്‌ലിസീ തന്റെ 'ബിഹാറുൽ അൻവാർ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: "സമാഅഃ ഇബ്നുമഹറാൻ പറഞ്ഞതായി നിവേദനം: ഞാൻ അബൂഅബ്ദില്ലയുടെ അടുക്കലായിരുന്നു. അപ്പോൾ ആകാശത്ത് ഇടിമിന്നലുണ്ടായി. അബൂ

അബ്ദില്ല പറഞ്ഞു: ഈ ഇടിയും മിന്നും നിങ്ങളുടെ സ്വാഹിബിന്റെ ആജ്ഞ പ്രകാരമാണ്. ഞാൻ ചോദിച്ചു: ആരാണ് നമ്മുടെ സ്വാഹിബ്? അദ്ദേഹം പറഞ്ഞു: അമീറുൽമുഅ്മിനീൻ ﷺ."

അമീറുൽമുഅ്മിനീൻ അലിയ്യി ﷺ ന്റെ ആജ്ഞ പ്രകാരം എന്നതാണ് ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. മറുപടിയേകുന്ന അബൂഅബ്ദില്ല ഇമാം ജഅ്ഫർസ്വാദികുമാണ്. യഥാർഥത്തിൽ അലിയ്യും ജഅ്ഫർസ്വാദികും ഇതിൽനിന്നെല്ലാം നിരുത്തരവാദികളാണ്. കാരണം തൗഹീദുർറുബൂബിയ്യത്തിൽ അഥവാ രക്ഷാകർതൃത്വത്തിലുള്ള ഏകത്വത്തിൽ അല്ലാഹുവിനു പങ്കുകാരനെ ചേർക്കലാണ് ഇതിലൂടെ സംഭവിച്ചിരിക്കുന്നത്. മജ്‌ലിസീയെ പോലുള്ളവർ ഇത്തരം അപരാധങ്ങൾ അവരിൽ ആരോപിച്ചതാണ്. ഇടിയും മിന്നും അല്ലാഹുവിന്റെ ആജ്ഞ പ്രകാരമാണെന്ന് അല്ലാഹു തന്നെ വ്യക്തമാക്കുന്നതു നോക്കൂ:

"ഭയവും ആശയും ജനിപ്പിച്ചുകൊണ്ട് നിങ്ങൾക്ക് മിന്നൽപിണർ കാണിച്ചുതരുന്നത് അവനത്രെ. (ജല)ഭാരമുള്ള മേഘങ്ങളെ അവൻ ഉണ്ടാക്കുകയും ചെയ്യുന്നു."

*നാല്: ഇമാമുമാർക്ക് ഗയ്ബ് അറിയുമെന്ന വിശ്വാസം*

'അൽകാഫി'യിൽ 'തങ്ങൾ എപ്പോഴാണ് മരിക്കുകയെന്നത് ഇമാമുമാർ അറിയും,' 'ഉണ്ടായതും ഉണ്ടാകാനിരിക്കുന്നതും ഇമാമുമാർ അറിയും,' 'അവർക്ക് യാതൊന്നും ഗോപ്യമാവുകയില്ല'(36) എന്നീ തലക്കെട്ടുകളുള്ള അധ്യായങ്ങൾ തന്നെ കാണാം. ഒരു അധ്യായത്തിൽ ഇപ്രകാരം ഒരു റിപ്പോർട്ട് വ്യാജമായി അബൂഅ ബ്ദില്ലയിലേക്ക് ചേർത്തതു കാണാം. അദ്ദേഹം പറഞ്ഞുവത്രെ: 'ആകാശത്തിലുള്ളതും ഭൂമിയിലുള്ളതും ഞാൻ അറിയും. സ്വർഗത്തിലുള്ളതും നരകത്തിലുള്ളതും ഞാൻ അറിയും. ഉണ്ടായ തും ഉണ്ടാകാനിരിക്കുന്നതും ഞാൻ അറിയും...'(37)

ശിയാ ഇമാമായ മജ്‌ലിസീ തന്റെ 'ബിഹാറുൽ അൻവാർ' എന്ന ഗ്രന്ഥത്തിൽ ഒരു നിവേദനം വ്യാജമായി ഇമാം ജഅ്ഫർ സ്വാദികിലേക്ക് ചേർത്തത് ഇപ്രകാരം കാണാം. അദ്ദേഹം പറഞ്ഞുവത്രെ: "അല്ലാഹുവാണേ സത്യം, പൂർവികരുടെയും പിൽകാലക്കാരുടെയും വിജ്ഞാനം ഞങ്ങൾക്ക് നൽകപ്പെട്ടിട്ടുണ്ട്. അപ്പോൾ അദ്ദേഹത്തോട് അനുചരന്മാരിൽ ഒരാൾ ചോദിച്ചു: 'നിങ്ങളുടെ പക്കൽ അദൃശ്യജ്ഞാനവുമുണ്ടോ?' ഇമാം അയാളോട് പറഞ്ഞു: 'നിനക്കു നാശം. നിശ്ചയം ഞാൻ പുരുഷന്മാരുടെ മുതുകിലുള്ളതും സ്ത്രീകളുടെ ഗർഭങ്ങളിലുള്ളതും അറിയുന്നു."

അദൃശ്യജ്ഞാനം അല്ലാഹുവിനു മാത്രമാണെന്നറിയിക്കുന്ന ഏതാനും വിശുദ്ധ വചനങ്ങൾക്ക് ഘടക വിരുദ്ധവും തനി ശിർക്കുമാണ് ശിയാ വിശ്വാസം. അല്ലാഹു പറയുന്നതു നോക്കൂ:

"(നബിയേ) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യമറിയുകയില്ല; അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല" (ക്വുർആൻ 27: 65).

മുഹമ്മദ് നബി ﷺ യുടെ വിഷയത്തിൽ വരെ അല്ലാഹു അറിയിക്കുന്നത് നോക്കൂ:

"...അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല..." (ക്വുർആൻ 11:31).

"(നബിയേ) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ, ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് അദൃശ്യകാര്യമറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു..." (ക്വുർആൻ 7:188).

### ശിയാക്കളും തൗഹീദുൽ ഉലൂഹിയ്യതും

ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കലാകുന്നു തൗഹീദുൽ ഉലൂഹിയ്യഃ അഥവാ ആരാധനയിലുള്ള ഏകത്വം. ദുആഅ് (പ്രാർഥന), ബലി, നേർച്ച, നമസ്കാരം, റജാഅ്(പ്രതീക്ഷ), ഖൗഫ് (ഭയം), സഹായാർഥന, തവക്കുൽ (ഭരമേൽപിക്കൽ) തുടങ്ങിയുള്ള ഇബാദത്തുകൾ അല്ലാഹുവിനു മാത്രവും നിഷ്കളങ്കവുമാക്കുക. അവയിൽ അവന് യാതൊരു പങ്കുകാരെയും സ്വീകരിക്കാതിരിക്കുക.

ശിയാക്കൾ ഇസ്‌ലാമിന്റെ ഈ അലംഘനീയമായ ആദർശത്തെ കാത്തുസൂക്ഷിച്ചവരോ പാലിച്ചവരോ അല്ല. തൗഹീദിന്റെ കടക്കൽ കത്തിവെക്കുന്ന ധാരാളം രചനകളും കർമ മുറകളും അവർക്കുണ്ട്. ഏതാനും ഉദാഹരണങ്ങൾ കാണുക:

ഒന്ന്: തങ്ങളുടെ ഇമാമുമാർ സ്രഷ്ടാവിനും സൃഷ്ടികൾക്കുമിടയിൽ ഇടയാളന്മാരെന്ന വിശ്വാസം

ശിയാ ശെയ്ഖായ മജ്‌ലിസീ തന്റെ 'ബിഹാറുൽ അൻവാർ' എന്ന ഗ്രന്ഥത്തിൽ എഴുതുന്നു: "ഇമാമുമാർ റബ്ബിനുള്ള മറകളാകുന്നു. അവർ റബ്ബിനും സൃഷ്ടികൾക്കുമിടയിൽ മധ്യവർത്തികളുമാകുന്നു."(38)

ഇദ്ദേഹം ഈ ഗ്രന്ഥത്തിലെ ഒരു അധ്യായത്തിന് പേര് നൽകിയതു തന്നെ 'ജനങ്ങൾ ഇമാമുമാരെക്കൊണ്ടല്ലാതെ ഹിദായത്തിലവാവുകയില്ല, ഇമാമുമാർ സ്രഷ്ടാവിനും സൃഷ്ടികൾക്കും ഇടയിൽ മധ്യവർത്തികളാകുന്നു, ഇമാമുമാരെ അറിഞ്ഞവർ മാത്രമെ സ്വർഗത്തിൽ പ്രവേശിക്കൂ എന്നീ വിഷയങ്ങളുടെ അധ്യായം'(39)എന്നതാണ്.

രണ്ട്: ക്വബ്റാളികളോടുള്ള ഇസ്തിഗാഥ

അല്ലാഹുവോട് മാത്രം തേടേണ്ട കാര്യങ്ങൾ ഇമാമുമാരോട് തേടുന്നവരാണ് ശിയാക്കൾ. രോഗ ശാന്തിക്കായി തേടുന്നവർക്ക് ഇമാമുമാർ ഏറ്റവും നല്ല രോഗശമനിയും മഹാമരുന്നുമാണെന്ന് മജ്‌ലിസീ ബിഹാറുൽ അൻവാറിൽ എഴുതിയിട്ടുണ്ട്.[40] മാത്രവുമല്ല വിവിധങ്ങളായ പ്രതിസന്ധികൾക്ക് വിളിച്ചുതേടുവാനുള്ള ഇമാമുമാരെ വരെ മജ്‌ലിസി വേർതിരിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. ബിഹാറുൽ അൻവാറിലെ ഒരു റിപ്പോർട്ട് നോക്കൂ:

“ഭരണാധികാരികളിൽനിന്നും പൈശാചിക ശല്യങ്ങളിൽ നിന്നും രക്ഷകിട്ടുവാൻ അലിയ്യ്ബ്നു ഹുസയ്നെക്കൊണ്ട്, പരലോകത്തിനും അല്ലാഹുവിനു വഴിപ്പെടുന്നതിനുമുള്ള സഹായത്തിന് മുഹമ്മദ് ബ്നുഅലിയ്യ്, ജഅ്ഫറുബ്നു മുഹമ്മദ് തുടങ്ങിയവരെക്കൊണ്ട്, അല്ലാഹവിൽനിന്നുള്ള സൗഖ്യം തേടുന്നതിന് മൂസാബ്നു ജഅ്ഫറിനെക്കൊണ്ട്, കടലിലെയും കാട്ടിലെയും സുരക്ഷക്കായി അലിയ്യ് ഇബ്നു മൂസായെക്കൊണ്ട്, അല്ലാഹുവിൽ നിന്നുള്ള രിസ്ക് ഇറങ്ങുവാൻ മുഹമ്മദ് ബ്നു അലിയ്യിനെക്കൊണ്ട്, നാഫിലത്തുകൾക്കും സഹോദരങ്ങൾക്ക് പുണ്യം ചെയ്യുന്നതിനും അല്ലാഹുവിന് വഴിപ്പെടുവാനാഗ്രഹിക്കുന്ന കാര്യങ്ങൾക്കും അലിയ്യ് ഇബ്നു മുഹമ്മദിനെക്കൊണ്ട്, പരലോകത്തിന് ഹസൻ ഇബ്നു അലിയ്യിനെക്കൊണ്ട് സഹായം തേടുക. വാൾ താങ്കളെ അറുക്കുവാനെത്തിയാൽ സ്വാഹിബുസ്സ മാനെക്കൊണ്ട് സഹായം തേടുക; കാരണം അദ്ദേഹം നിങ്ങളെ സഹായിക്കും.[41]

**രണ്ട്: ക്വബ്ർപൂജ, മണ്ണ്പൂജ**

ശിയാ ശെയ്ഖായ ജഅ്ഫർ ബിൻമുഹമ്മദ് ക്വുലവയ്ഹിയുടെ ‘കാമിലുസ്സിയാറാത്’ എന്ന ഗ്രന്ഥത്തിലെ ചില അധ്യായ ങ്ങളുടെ തർജുമഃ താഴെ കൊടുക്കുന്നു:

▶ വല്ലവനും ഹുസയ്നെ സിയാറതു ചെയ്താൽ അവൻ അല്ലാഹുവിനെ തന്റെ അർശിൽ സന്ദർശിച്ചവനെ പോലെയാണ് എന്നത് പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നെയും ഇമാമുമാരെയും സിയാറതു ചെയ്യൽ ഒരു നബിയുടെയും നബികുടുംബത്തിന്റെയും ക്വബ്റുകൾ സന്ദർശിച്ചതിനുതുല്യമാണെന്നത് പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നെ സിയാറതു ചെയ്യൽ പാപങ്ങളെ മായ്ക്കും എന്നത് പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നെ സിയാറതു ചെയ്യൽ ഒരു ഉംറക്ക് തുല്യമാകും എന്നത് പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നെ സിയാറതു ചെയ്യൽ ഒരു ഹജ്ജിന് തുല്യമാകും എന്നത് പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നെ സിയാറതു ചെയ്യൽ ഒരു ഉംറക്കും ഹജ്ജിനും തുല്യമാകും എന്നത് പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നെ സിയാറതു ചെയ്യൽ കൊണ്ട് ഞരുക്കം നീങ്ങുകയും ആവശ്യം വീടുകയും ചെയ്യും എന്ന വിഷയം പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നിന്റെ കബ്റിൻ മണ്ണു കൊണ്ട് സുന്നത്തായ കാര്യങ്ങൾ, ഹുസയ്നിന്റെ കബ്റിൻ മണ്ണ് രോഗശമനിയാണ് എന്നീ വിഷയങ്ങൾ പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നിന്റെ കബ്റിന്റെ മണ്ണ് രോഗശമനിയും നിർഭയത്വവുമാണ് എന്നത് പ്രതിപാദിക്കുന്ന അധ്യായം.

▶ ഹുസയ്നിന്റെ കബ്റിൻ മണ്ണ് തിന്നാൽ പ്രാർഥിക്കേണ്ടത് എന്തെന്ന് പ്രതിപാദിക്കുന്ന അധ്യായം

▶ ഹുസയ്നെ സിയാറതു ചെയ്യുന്നവൻ ജനങ്ങൾക്കുമുമ്പേ സ്വർഗത്തിൽ പ്രവേശിക്കും എന്നത് പ്രതിപാദിക്കുന്ന അധ്യായം.

മുഹമ്മദ് ബിൻ ഹസൻ എന്ന ശിയാ നേതാവിന്റെ ‘നൂറുൽ ഐൻ ഫിൽമശ്‌യി’ എന്ന ഗ്രന്ഥത്തിൽ ‘അല്ലാഹു എല്ലാ വെള്ളിയാഴ്ച രാവിലും ഹുസയ്നെ സിയാറത്ത് ചെയ്യും,’ ‘നബിമാർ ഹുസയ്നെ സിയാറത്തു ചെയ്യുവാൻ അല്ലാഹുവോട് അനുവാദം തേടും,’ മലക്കുകൾ ഹുസയ്നെ സിയാറതു ചെയ്യുവാൻ അല്ലാഹുവോട് അനുവാദം തേടും’ തുടങ്ങിയുള്ള ധാരാളം അധ്യായങ്ങൾ നൽകി അതിന് ചുവടെ വാറോലകൾ നിരത്തിയത് കാണാം.

ഖുമൈനി എഴുതുന്നു: “ശിഫയെടുക്കുവാൻ മണ്ണിൽ നിന്ന് പ്രത്യേകമാക്കേണ്ടത് ഞങ്ങളുടെ സയ്യിദായ ഹുസയ്നിന്റെ ക്വബ്റിൻ മണ്ണാകുന്നു. മറ്റു മണ്ണുകളോടൊപ്പം അത് തിന്നൽ അനുവദനീയമല്ല. ഇടത്തരം വലുപ്പമുള്ള കടലമണിയെക്കാൾ കൂടുതൽ തിന്നാവതുമല്ല. ഇതര ക്വബ്റുകളുടെ മണ്ണുകൾ ഹുസയ് നിന്റെ ക്വബ്റിന്റെ മണ്ണിനോട് ചേരാവതല്ല; നബിയുടെയും ഇമാമുമാരുടെയും കബ്റുകളുടെ മണ്ണുവരെ.”[42]

**റഫറൻസ്:**

33. തഫ്സീറുൽ അയ്യാശ് വാ: 2. പേ: 353,
തഫ്സീറുൽ ക്വുമ്മി വാ: 2. പേ: 47.
34. അൽകാഫി, കുലയ്നി, വാ: 1, പേ: 407.
35. അൽകാഫി, കുലയ്നി വാ: 1 പേ: 409.
36. അൽ കാഫി,കുലയ്നി, വാ: 1, പേ: 260.
37. അൽകാഫി, കുലയ്നി വാ: 1, പേ: 261
38. ബിഹാറുൽഅൻവാർ വാ: 97, പേ: 23.
39. ബിഹാറുൽഅൻവാർ വാ: 97, പേ: 23.
40. ബിഹാറുൽഅൻവാർ വാ: 94, പേ: 33
41. ബിഹാറുൽഅൻവാർ. വാ: 33, പേ: 94.
42. തഹ്‌രീറുൽ വസീലഃ, വാ: 1, പേ: 164.

ബാലപഥം

റാശിദ ബിൻത് ഉസ്മാൻ
AIWA കോളേജ്, മോങ്ങം

ആശയ വിവർത്തനം



# ഒളിച്ചുകളി

സ്കൂളില്ലാത്ത ദിവസം എന്തെങ്കിലും കളികളിൽ മുഴുകൽ ഇഹ്സാന്റെയും കൂട്ടുകാരുടെയും പതിവാണ്. അന്ന് കളിക്കുവാൻ ഒത്തുകൂടിയപ്പോൾ പലരും പല അഭിപ്രായങ്ങളും പറഞ്ഞു; ഏത് കളിയാണ് വേണ്ടത് എന്ന വിഷയത്തിൽ. ഒടുവിൽ ഒളിച്ചുകളിയാകാമെന്ന തീരുമാനത്തിൽ എല്ലാവരും യോജിച്ചു.

എല്ലാവരും തൊട്ടടുത്തുള്ള മരങ്ങളുടെ മറവിലും വീടുകളുടെ പുറകിലുമൊക്കെയായി ഒളിച്ചു. ഇഹ്സാൻ കുറച്ചു ദൂരെ വഴിവക്കിലുള്ള വലിയ ഒരു മരത്തിന്റെ മറവിലാണ് ഒളിച്ചുനിന്നത്. അവിടെ അവനെ കണ്ടുപിടിക്കുവാൻ പെട്ടെന്നൊന്നും കഴിയില്ല.

അവൻ മറഞ്ഞുനിന്ന് പതുക്കെ കളിസ്ഥലത്തേക്ക് പാളിനോക്കുന്ന സമയത്താണ് അപരിചിതനായ ഒരു വൃദ്ധൻ അതുവഴി വന്നത്.

"കുട്ടീ എന്താ ഇങ്ങനെ ഒളിച്ചിരിക്കുന്നത്?" ഇഹ്സാനോട് അയാൾ ചേവദിച്ചു.

ഇഹ്സാൻ ചുണ്ടിന്മേൽ വിരൽ വെച്ച് മിണ്ടരുതെന്ന് വൃദ്ധനോട് ആംഗ്യം കാണിച്ചു. വൃദ്ധൻ അത്ഭുതത്തോടെ ഇഹ്സാനെ നോക്കി. അയാൾക്ക് അവൻ ഒളിച്ചുകളിയിലാണെന്ന കാര്യം മനസ്സിലായില്ല.

"മോനേ, എനിക്ക് ഒരു കാര്യം അറിയാനുണ്ടായിരുന്നു. ഞാൻ ഒരാളുടെ വീട് തിരക്കി ദൂരെനിന്നും വരുന്നതാ."

അപ്പോഴും അവൻ മിണ്ടരുതെന്ന് കാണിച്ചു.

"നീ എന്തിനാ എന്നോട് മിണ്ടരുതെന്ന് പറയുന്നത്? ഞാൻ നിന്നോട് ഒരാളുടെ വീട് എവിടെയാണെന്ന് അന്വേഷിക്കുവാൻ മാത്രമാണ് ഉദ്ദേശിക്കുന്നത്. അല്ലാതെ നിന്നെ ഉപദ്രവിക്കുവാനൊന്നും വന്നതല്ല."

ഈ സമയത്ത് ഒളിച്ചവരെ കണ്ടുപിടിക്കേണ്ട കുട്ടിയുടെ ശ്രദ്ധ അങ്ങോട്ടുപതിഞ്ഞു. ഒരാൾ മരത്തിനു സമീപത്തു നിന്ന് ആരോടോ സംസാരിക്കുന്നു. അവിടെ ആരോ ഒളിച്ചിരിക്കുന്നുണ്ടെന്ന് അവന് മനസ്സിലായി. അവൻ പതുക്കെ അങ്ങോട്ട് നടന്നുചെന്നു. 'ഇഹ്സാനെ കണ്ടേ' എന്നും പറഞ്ഞ് അവൻ തിരിച്ചോടി.

ഇഹ്സാന് ഏറെ ദേഷ്യം വന്നു.

"നിങ്ങൾ കാരണമാ അവൻ എന്നെ കണ്ടുപിടിച്ചത്" അവൻ ദേഷ്യത്തോടെയും സങ്കടത്തോടെയും പറഞ്ഞു.

"മോനേ, നീ കളിയിലാണെന്ന് ഞാനറിഞ്ഞില്ല. ഞാൻ അതറിയാതെയാണ് നിന്നോട് വഴി ചോദിച്ചത്. വഴിയറിയാത്തവന് വഴികാണിച്ചു കൊടുത്താലുള്ള പ്രതിഫലമെന്താണെന്ന് നബിﷺ പഠിപ്പിച്ചത്നീ അറിഞ്ഞിരുന്നെങ്കിൽ കളിയെക്കാൾ എന്റെ ആവശ്യം നീ പരിഗണിക്കുമായിരുന്നു."

വഴികാണിക്കൽ ഒരു സൽകർമമാണെന്ന് ഇഹ്സാന് അറിയില്ലായിരുന്നു. അയാളുടെ പറഞ്ഞത് കേട്ടപ്പോൾ അവന് പ്രയാസമായി.

"എന്നോട് ക്ഷമിക്കണം. ഞാൻ കളിയിൽ പെട്ട് നിങ്ങളെ പരിഗണിച്ചില്ല. എനിക്കതിൽ ദുഃഖമുണ്ട്. നിങ്ങൾക്ക് എങ്ങോട്ടാണ് പോകേണ്ടത്?" ഇഹ്സാൻ ചോദിച്ചു.

"സാരമില്ല, മോൻ കളിയിൽ മുഴുകിയതുകൊണ്ടല്ലേ?" വൃദ്ധൻ അവന്റെ ചുമലിൽ തട്ടിക്കൊണ്ട് പറഞ്ഞു. അപ്പോഴേക്കും മറ്റു കുട്ടികൾ ചുറ്റും കൂടി.

വൃദ്ധൻ തനിക്ക് കാണേണ്ട ആളെ പറഞ്ഞുകൊടുത്തു.

"ആ വീട് എനിക്കറിയാം. ഞാൻ കാണിച്ചുതരാം" ഇഹ്സാൻ അയാളുടെ കൈപിടിച്ച് മുന്നോട്ടു നടന്നു.

കൂട്ടുകാരേ, ഒരാൾ വഴിയന്വേഷിക്കുമ്പോൾ നമുക്കറിയുമെങ്കിൽ അയാളെ സഹായിക്കൽ നമ്മുടെ ബാധ്യതയാണ്. ഇക്കാര്യം എല്ലാവരും ശ്രദ്ധിക്കുമല്ലോ.

കാഴ്ച

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com

# ന്യൂജെൻ, ഓൾഡ് ജെൻ ഡാഡീസ്

"ആ ഡോക്ടറെ കാണിച്ചാലേ മകൻ പരിശോധിക്കാൻ തയ്യാറാവൂ" കഷ്ടിച്ച് സംസാരിച്ച് തുടങ്ങാൻ മാത്രം പ്രായമെത്തിയ മകനെ ചൂണ്ടി ഒരു സുഹൃത്ത് പറഞ്ഞതാണിത്.

മാറ്റം സർവത്രയാണ്. പതിറ്റാണ്ടുകൾക്ക് മുമ്പ് മക്കൾ പിതാവിന്റെ പിന്നിൽ നടക്കുന്നവരും മുന്നിൽ നടക്കാൻ മടിക്കുന്നവരുമായിരുന്നു. ഒരുവേള ചില രക്ഷിതാക്കൾ ഇങ്ങനെയേ പറ്റൂ എന്ന് ശഠിക്കുന്നവരുമായിരുന്നു. ഇന്നത്തെ മക്കൾക്ക് ഒപ്പം നടക്കുവാനാണിഷ്ടം, ഒരു വേള മുന്നിലും! അതിൽ പിതാക്കൾക്കും പ്രശ്നമില്ല.

ഫീസടക്കാനോ പുസ്തകമോ പേനയോ വാങ്ങാനോ പണം പാസാകണമെങ്കിൽ പണ്ട് മക്കൾ ഉമ്മയെന്ന ഇടയാളൻ വഴി പിതാവിലേക്ക് അർഥനയെത്തിച്ച് കാത്തിരിക്കണമായിരുന്നു. തീരുമാനമറിയണമെങ്കിൽ അപേക്ഷ വീണ്ടും പുതുക്കി നൽകുകയും വേണ്ടിയിരുന്നു.

ഇന്ന് മക്കളൊറ്റ പ്രസ്താവനയാണ്. 'ഇന്ന ആവശ്യത്തിന് ഇന്ന് ഇത്ര പണം കിട്ടാതെ സ്കൂളിലേക്ക് പോകില്ല!' ഗതിമുട്ടിയ പിതാക്കൾ അവരുടെ കടുംപിടുത്തത്തിന് മുമ്പിൽ കീഴടങ്ങാറാണ് പതിവ്. ചിലപ്പോഴെങ്കിലുമിത് മാതാപിതാക്കളെ വിലവെക്കാതെ ബുദ്ധിമുട്ടിക്കുന്ന തലത്തിലേക്ക് വളരാറുണ്ട്.

പണ്ട് കാലത്ത്, ഗൃഹനാഥൻ പൂമുഖത്തോ കോലായിലോ ഇരിക്കുന്നുണ്ടെങ്കിൽ വളഞ്ഞ വഴിയിലൂടെ അടുക്കളയിലേക്കുള്ള കുറുക്കുവഴി താണ്ടി അകത്തേക്ക് നുഴഞ്ഞുകേറുകയായിരുന്നു മക്കൾ ചെയ്തിരുന്നത്. എവിടെ പോയിരുന്നു, എന്തിന് പോയതാണ്, വൈകിയതെന്തേ, എന്തായിരുന്നു പരിപാടി... എന്നിങ്ങനെ നൂറുകൂട്ടം ചോദ്യങ്ങൾ ചോദിച്ചിട്ടും ചോദിക്കാതെയും പിതാമുഖത്തുനിന്ന് വരുന്നത് ഒഴിവാക്കുവാനായിരുന്നു അത്. ഇന്ന് ചില പിതാക്കളെങ്കിലും മക്കൾ വരുന്നത് കാണുമ്പോൾ മുൻവഴിയിൽ നിന്ന് മുങ്ങാറാണ് പതിവ് എന്നത് സത്യമാണ്.

സ്നേഹം പ്രകടിപ്പിക്കുവാനുള്ളതല്ല. ഉള്ളിന്റെ ഉള്ളിൽ കാത്തുസൂക്ഷിക്കാനുള്ളതാണ്. അത് മക്കളോട് കാണിച്ചാൽ വിലപോകും, മക്കൾ അനുസരണക്കേട് കാണിക്കും എന്നൊക്കെയായിരുന്നു പഴഞ്ചൻ ധാരണകൾ. ഇന്നാണെങ്കിലോ, ന്യൂജെൻ മക്കളുടെ കളിക്കൂട്ടുകാരൻ എന്ന നിലയിലെന്ന വേറെ ഒരു ലെവലിലേക്ക് പിതാക്കൾ എത്തപ്പെട്ടിരിക്കുന്നു. മക്കളും മാതാപിതാക്കളും തമ്മിലുള്ള 'അന്തരം' അലിഞ്ഞില്ലാതായിക്കൊണ്ടിരിക്കുന്നു എന്നർഥം.

പണ്ട്, ഉള്ളത് വെച്ച് വിളമ്പിക്കഴിച്ച് തൃപ്തിപ്പെട്ടിരുന്നുവെങ്കിൽ ഇന്ന് അടുക്കളയിലെ 'മെനു' നിശ്ചയിക്കുന്നത് കുട്ടികളായി മാറിയിരിക്കുന്നു. പഴയ തലമുറയുടെ 'ഈഗോ' പൂർണമായി വിട്ടുമാറാത്ത പിതാക്കളിപ്പോഴില്ലെന്ന് പറഞ്ഞ്കൂടാ. അവർ മക്കളോട്, വിശിഷ്യാ ആൺമക്കളോടുള്ള മസിലുപിടുത്തം ഇപ്പോഴും പൂർണമായി അയച്ചിട്ടില്ല. മക്കൾക്ക് നേരിട്ടൊന്നും പറയുവാൻ നേരം കൊടുക്കാത്തവരുണ്ട് ഇപ്പോഴും; എണ്ണം കുറവാണെങ്കിലും. മക്കളോട് മസിൽ പിടിച്ചാലും പേരമക്കളോട് സ്നേഹം കണക്കില്ലാതെ പരസ്യമായി പ്രകടിപ്പിക്കുവാൻ ഇതിൽ പലരും മടികാണിക്കാറില്ലെന്നത് സന്തോഷദായകമാണ്.

മക്കൾ മുതിർന്ന് സ്വന്തമായൊരു പേരിലും നിലയിലുമെത്തുമ്പോൾ 'മകന്റെ ഉപ്പ' എന്ന നിലയിൽ മകന്റെ പേരിനോട് ചേർത്ത് അറിയപ്പെടാറുണ്ട് പലരും. അതിഷ്ടപ്പെടാത്ത ചില പിതാക്കളുടെ 'പെരുന്തച്ചൻ കോംപ്ലക്സ്' ചുരുക്കം കുടുംബങ്ങളിലെങ്കിലും ചില്ലറ അസ്വസ്ഥതകളല്ല വരുത്തിവെക്കാറ്. മക്കൾ വളർന്ന് മുതിർന്ന് നരച്ച് തുടങ്ങിയെങ്കിലും, സമ്പന്നരോ മുതിർന്ന ജീവനക്കാരോ ആയാലും ചില പിതാക്കളെങ്കിലും മക്കളെ ഗൗനിക്കാറേയില്ല. ഭൂതകാലത്തിലെ കണിശതയും സഹനവും ദാരിദ്ര്യവും ദുരനുഭവവും നൽകിയ കാഠിന്യതയാവാം ഇത്തരം 'ഓൾഡ് ജെൻ' പിതാക്കളുടെ ഈ പെരുമാറ്റത്തിന് പിന്നിലെ കാരണം.

കാലപ്പഴക്കത്തിന്റെ കടുംപിടുത്തവും കാർക്കശ്യവും ജനാധിപത്യരാഹിത്യവും വെടിഞ്ഞ് പണ്ടത്തെ 'നല്ല കാലത്തിന്റെ' തടവറയിൽ നിന്ന് പുറത്തിറങ്ങി പഴയതലമുറ സ്നേഹപ്രകടനത്തിന്റെയും പരിഗണനയുടെയും തലത്തിലേക്കിത്തിരി താഴേണ്ടതുണ്ട്. 'ന്യൂജെൻ' മക്കളാണെങ്കിൽ എന്തും പറയാം, എന്തും ചോദിക്കാം, ചെയ്യാം എന്ന ലെവലിൽ നിന്ന് ആദരവിന്റെയും ബഹുമാനത്തിന്റെയും തലത്തിലേക്ക് ഉയരേണ്ടതുമുണ്ട്. സ്നേഹാദരങ്ങളടങ്ങിയ ഒരു മാതാപിതാപുത്ര ബന്ധത്തിലൂടെ മാത്രമെ കൂടുമ്പോൾ ഇമ്പമുണ്ടാകുന്ന കുടുംബമാകാൻ കഴിയൂ എന്നതാണ് യാഥാർഥ്യം.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം
ഇബ്‌റാഹീം നബി(അ): 8

# ഇബ്‌റാഹീം നബിയുടെ പ്രാർഥനകൾ



ഇബ്‌റാഹീം നബി(അ) ജീവിതത്തിൽ നടത്തിയ പ്രാർഥനകൾ പലതും ക്വുർആനിലും ഹദീഥുകളിലും നമുക്ക് കാണാൻ കഴിയും. അവയിലൂടെ ഒന്ന് കണ്ണോടിക്കാം:

"എന്റെ രക്ഷിതാവേ, നീ ഇതൊരു നിർഭയമായ നാടാക്കുകയും ഇവിടത്തെ താമസക്കാരിൽ നിന്ന് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർക്ക് കായ്കനികൾ ആഹാരമായി നൽകുകയും ചെയ്യേണമേ എന്ന് ഇബ്‌റാഹീം പ്രാർഥിച്ച സന്ദർഭവും (ഓർക്കുക)..." (ക്വുർആൻ 2:126).

"ഇബ്‌റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടി ഉയർത്തിക്കൊണ്ടിരുന്ന സന്ദർഭവും (അനുസ്മരിക്കുക). (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു:) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽ നിന്ന് നീയിത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും ഞങ്ങളുടെ ആരാധനാ ക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരികയും ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിച്ചു കൊടുക്കുകയും വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു" (2:127-129).

ഏതൊരു നാടിന്റെയും ഐശ്വര്യവും സന്തോഷവും നിലനിൽക്കുന്നത് അവിടെയുള്ള സമാധാന പൂർണമായ ജീവിതത്തിലാണ്. വിശപ്പടക്കുവാനും ദാഹം മാറ്റുവാനും ഭക്ഷണവും വെള്ളവും യഥേഷ്ടം ഉണ്ടായിരുന്നാലും, യാത്രക്കുള്ള വാഹനങ്ങൾ സുലഭമായിരുന്നാലും, പഠനത്തിനും ചികിത്സക്കുമുള്ള  കേന്ദ്രങ്ങൾ ധാരാളം ഉണ്ടായിരുന്നാലും സാമാധാനവും നിർഭയത്വവും അവിടെ ഇല്ലെങ്കിൽ ജീവിതത്തിൽ എന്ത് സന്തോഷമാണ് ഉണ്ടാവുക?  എന്നാൽ ഒരു നാട്ടിൽ നടേ സൂചിപ്പിച്ച സൗകര്യങ്ങൾക്കെല്ലാം കമ്മിയുണ്ടെന്ന് സങ്കൽപിക്കുക. എന്നാൽ ആ നാട്ടുകാർക്ക് മറ്റെല്ലാം കൊണ്ടും സമാധാനവും നിർഭയത്വവും ഉണ്ട് എങ്കിലോ? ആ നാട്ടുകാരെ പോലെ സന്തോഷിക്കാൻ മറ്റാർക്കും കഴിയില്ല. ഇബ്‌റാഹീം നബി(അ)യുടെ പ്രാർഥനയുടെ ഫലമെന്നോണം ഇന്നും പുണ്യഭൂമി നിർഭയത്വത്തിന്റെ കേന്ദ്രമാണ്. അദ്ദേഹത്തിന്റെ കാലം മുതലെ അത് തുടർന്ന് പോന്നിട്ടുമുണ്ട്.

ആധുനിക ലോകം ഏറ്റവും കൂടുതൽ ഭീതിയോടെ കാണുന്നത്, നാട്ടിലെ സ്വസ്ഥതയും സമാധാനവും കെടുത്തുന്ന ഭീകരവാദത്തെയും തീവ്രവാദത്തെയുമാണ്. ഭീകരവാദികളും തീവ്രവാദികളും നാട്ടിലെ നിർഭയത്വം ഇല്ലായ്മ ചെയ്യുകയാണല്ലോ ചെയ്യുന്നത്. ഒരു യഥാർഥ മുസ്‌ലിമിന് ഭീകരവാദിയോ തീവ്രവാദിയോ ആകുവാൻ സാധ്യമല്ല. സ്വന്തം നാടിന്റെ നിർഭയത്വത്തിന് വേണ്ടി പ്രാർഥിക്കുവാൻ ഇബ്‌റാഹീം നബിﷺയെ മാതൃകയാക്കുന്ന ഒരു മുസ്‌ലിമിന് ഒരിക്കലും നാട്ടിലെ സമാധാനത്തിനും നിർഭയത്വത്തിനും വിലങ്ങുതടിയാകാനാവുകയില്ല.

ഇബ്‌റാഹീം നബിﷺ ആ നാട്ടുകാർക്ക് ആഹാരം നൽകണമെന്ന് പ്രാർഥിച്ചതും നാം കണ്ടു. പ്രാർഥനയിൽ വിശ്വാസികളുടെ കാര്യം മാത്രമാണ് അദ്ദേഹം എടുത്ത് പറഞ്ഞത്. അല്ലാഹു പരമ കാരുണികനാണ്. അഥവാ ഇഹലോകത്ത് വിശ്വാസിയെന്നോ അവിശ്വാസിയെന്നോ വേർതിരിവില്ലാതെ എല്ലാവർക്കും ഭൗതിക സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നവനാണ്. ഇബ്‌റാഹീംﷺ വിശ്വാസികൾക്ക് മാത്രമായി പ്രാർഥന ചുരുക്കിയപ്പോൾ അല്ലാഹു പറഞ്ഞു: 'അവിശ്വസിച്ചവർക്കും നാം ഈ ലോകത്ത് സുഖ സൗകര്യങ്ങൾ നൽകും...'

പരലോക വിജയത്തിനായി നാം ധാരാളം ആരാധനകൾ നിർവഹിക്കാറുണ്ട്; സൽകർമങ്ങൾ ചെയ്യാറുണ്ട്. എന്നാൽ നമ്മുടെ കർമങ്ങൾ അല്ലാഹു സ്വീകരിക്കുമോ ഇല്ലയോ എന്നത് നമുക്ക് ഉറപ്പില്ല. പലരും താൻ ചെയ്തതിലും ചെയ്തു കൊണ്ടിരിക്കുന്നതിലും അമിതമായ ആത്മവിശ്വാസത്തിലാണ്. ഞാൻ എല്ലാം തികഞ്ഞവനാണെന്ന രൂപത്തിലാണ് പലരുടെയും ജീവിതം. സ്വർഗം ഉറപ്പിച്ച മനസ്സോടെയാണ് പലരും നടക്കുന്നത്. അങ്ങനെയാവരുത്. മഹാന്മാരായ മുൻഗാമികൾ സൽകർമങ്ങൾ കഴിയുന്നത്ര അധികരിപ്പിക്കുന്നവരും അത് സ്വീകരിക്കുന്നതിനായി അല്ലാഹുവിനോട് പ്രാർഥിക്കുന്നവരുമായിരുന്നു.

ഇബ്‌റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും കഅ്ബ പടുത്തുയർത്തുന്ന വേളയിൽ നടത്തിയ പ്രാർഥന മുമ്പ് നാം വിവരിച്ചിട്ടുണ്ട്. അതിനാൽ അതിനെക്കുറിച്ച് ഇവിടെ വിവിരിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

അല്ലാഹുവിന് കീഴ്‌പെടുന്നതിൽ വ്യക്തമായ മാതൃകയാണല്ലോ ഇബ്‌റാഹീം നബിﷺയും ഇസ്മാഈൽ നബിﷺയും. അല്ലാഹു എന്ത് കൽപിച്ചാലും യാതൊരു വിഷമവും ഇല്ലാതെ, കൽപിച്ചത് പ്രകാരം ചെയ്യുവാൻ തയ്യാറായ രണ്ട് മഹാന്മാർ. വാർധക്യവേളയിൽ അല്ലാഹു നൽകിയ സന്താനത്തെ ബലിനൽകുവാൻ പറഞ്ഞപ്പോൾ അതിനു പോലും വൈമനസ്യം കൂടാതെ തയ്യാറായ, അല്ലാഹു എന്ത് കൽപിച്ചാലും അല്ലാഹുവിന് കീഴ്‌പെടുന്നവനായി (മുസ്‌ലിം) ജീവിച്ച മഹാനാണ് ഇബ്‌റാഹീംﷺ. അദ്ദേഹം നടത്തുന്ന പ്രാർഥനയുടെ അടുത്ത ഭാഗം നമ്മെ ചിന്തിപ്പിക്കേണ്ടതാണ്: 'ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾ ഇരുവരെയും നിനക്ക് കീഴ്‌പെടുന്നവരാക്കുകയും ഞങ്ങളുടെ സന്തതികളിൽ നിന്ന് നിനക്ക് കീഴ്‌പെടുന്ന ഒരു സമുദായത്തെ ഉണ്ടാക്കുകയും (ചെയ്യേണമേ).'

അല്ലാഹുവിന്റെ കൽപനയെ തന്റെ ഇഷ്ടവും അനിഷ്ടവും പരിഗണിച്ച്, തന്റെ ഇഷ്ടത്തിനനുസരിച്ചുള്ള കൽപനയാണെങ്കൽ സ്വീകരിക്കുകയും അല്ലെങ്കിൽ അവഗണിക്കുകയും ചെയ്യുന്നവരാണ് ഇന്ന് മുസ്‌ലിംകളായി അറിയപ്പെടുന്നവരിൽ നല്ലൊരു ശതമാനവും എന്ന വസ്തുത നാം ഓർക്കുക. എന്നാൽ ഈ രണ്ട് മഹാന്മാരോ? ചിന്തിക്കുക നാം!

നാം അല്ലാഹുവിനോട് തേടുന്ന അവസരങ്ങളിൽ നമ്മുടെ കാര്യം മാത്രമെ ഉൾപെടുത്താറുള്ളൂ; മിക്കപ്പോഴും. എന്നാൽ മറ്റുള്ളവരുടെ നന്മക്ക് വേണ്ടിയും നാം പ്രാർഥിക്കണം. അതിനും ഇബ്‌റാഹീം നബിﷺയുടെ പ്രാർഥന നമുക്ക് മാതൃകയാണ്. അദ്ദേഹം തനിക്കും തന്റെ നാടിന് വേണ്ടിയും നാട്ടുകാർക്ക് വേണ്ടിയും പ്രാർഥിച്ചത് നാം കണ്ടു. മകന് വേണ്ടിയും ഇനി ഉണ്ടാകുവാൻ പോകുന്ന സന്തതികൾക്ക് വേണ്ടിയും പ്രാർഥിച്ചു.

'ഞങ്ങളുടെ ആരാധനാ ക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരികയും (ചെയ്യേണമേ)' എന്ന പ്രാർഥനയും ശ്രദ്ധിക്കുക. നാം നിർവഹിക്കുന്ന ആരാധനകൾ അല്ലാഹു സ്വീകരിക്കണമെങ്കിൽ അവൻ പഠിപ്പിക്കുന്ന മുറപ്രാകാരം തന്നെ നിർവഹിക്കണമല്ലോ. നമ്മുടെ ഇഷ്ടപ്രകാരം ചെയ്താൽ അല്ലാഹു സ്വീകരിക്കില്ല. അതിനാൽ അറിവ് നേടുകയേ നിർവാഹമുള്ളൂ. നബിﷺ പഠിപ്പിച്ച രൂപത്തിൽ അവ നിർവഹിക്കണം. അതിന് കഴിയുവാൻ അല്ലാഹുവിനോട് തേടുകയും വേണം. പലരും ഞാൻ എല്ലാം തികഞ്ഞവനാണെന്ന ഭാവത്തിൽ കഴിയുന്നവരാണ്. ചിലർ ഞാൻ എങ്ങനെ ഇതെല്ലാം ചോദിച്ചറിയും, മോശമല്ലേ എന്നെല്ലാം ചിന്തിക്കുന്നവരാണ്. ഞങ്ങളുടെ ആരാധനാ ക്രമങ്ങൾ ഞങ്ങൾക്ക് കാണിച്ചുതരികയും ചെയ്യേണമേ എന്ന് തേടിയത് മഹാന്മാരായ നബിമാരാണ്. അഹങ്കാരവും മടിയും നമ്മെ കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ നിന്ന് തടയുവാൻ പാടില്ല.

റബ്ബിന്റെ കൽപനകളെല്ലാം പൂർണമായും അനുസരിച്ച് മാത്രം ശീലമുള്ള, അറിഞ്ഞ് കൊണ്ട് ഒരു ചെറിയ തെറ്റുപോലും ചെയ്തിട്ടില്ലാത്ത രണ്ട് മഹാന്മാർ; എന്നിട്ടും അവർ അവരുടെ ജീവിതത്തിൽ വല്ല വീഴ്ചയും വന്നുപോയിട്ടുണ്ടോ എന്ന് ഭയപ്പെട്ട് അല്ലാഹുവിനോട് ഇപ്രകാരം തേടി: 'ഞങ്ങളുടെ പശ്ചാത്താപം സ്വീകരിക്കുകയും (ചെയ്യേണമേ). തീർച്ചയായും നീ അത്യധികം പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.'

അടുത്ത പ്രാർഥന കാണുക: "രക്ഷിതാവേ, അവർക്ക് (ഞങ്ങളുടെ സന്താനങ്ങൾക്ക്) നിന്റെ ദൃഷ്ടാന്തങ്ങൾ ഓതിക്കേൾപിച്ചു കൊടുക്കുകയും, വേദവും വിജ്ഞാനവും അഭ്യസിപ്പിക്കുകയും, അവരെ സംസ്കരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ അവരിൽ നിന്നു തന്നെ നീ നിയോഗിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ പ്രതാപവാനും അഗാധജ്ഞാനിയുമാകുന്നു."

എല്ലാ പ്രാർഥനക്കും അല്ലാഹു ഉടനെ ഉത്തരം നൽകില്ലല്ലോ. പ്രാർഥന കേൾക്കുന്ന അല്ലാഹു എല്ലാം നന്നായി അറിയുന്നവനാണ്. പ്രാർഥനക്ക് ഉത്തരം നൽകേണ്ടത് എപ്പോൾ എന്നതും നന്നായി അറിയുന്നവനാണ് അല്ലാഹു. ഇബ്റാഹീം നബിﷺയും മകൻ ഇസ്മാഈൽ നബിﷺയും നടത്തിയ ഈ പ്രാർഥനക്ക് ആയിരം വർഷങ്ങൾക്ക് ശേഷമാണ് ഉത്തരം നൽകപ്പെട്ടത്. പ്രാർഥിക്കുന്നവൻ നിരാശനാവാതിരിക്കാൻ ഈ പ്രാർഥനകളെല്ലാം നമുക്ക് പ്രചോദനം ആകേണ്ടതുണ്ട്.

ഇബ്റാഹീം നബിﷺയുടെ പ്രാർഥനകൾ ക്വുർആൻ മറ്റൊരു സ്ഥലത്ത് വിവരിക്കുന്നത് കാണുക:

"ഇബ്റാഹീം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ രക്ഷിതാവേ, നീ ഈ നാടിനെ (മക്കയെ) നിർഭയത്വമുള്ളതാക്കുകയും എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ. എന്റെ രക്ഷിതാവേ! തീർച്ചയായും അവ (വിഗ്രഹങ്ങൾ) മനുഷ്യരിൽ നിന്ന് വളരെപ്പേരെ പിഴപ്പിച്ച് കളഞ്ഞിരിക്കുന്നു. അതിനാൽ എന്നെ ആർ പിന്തുടർന്നുവോ അവൻ എന്റെ കൂട്ടത്തിൽ പെട്ടവനാകുന്നു. ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിക്കുന്ന പക്ഷം തീർച്ചയായും നീ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാണല്ലോ. ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരു താഴ്‌വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവഹിക്കുവാൻ വേണ്ടിയാണ് (അങ്ങനെ ചെയ്തത്) അതിനാൽ മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ്‌വുള്ളതാക്കുകയും അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. അവർ നന്ദികാണിച്ചെന്ന് വരാം. ഞങ്ങളുടെ രക്ഷിതാവേ, തീർച്ചയായും ഞങ്ങൾ മറച്ചുവെക്കുന്നതും പരസ്യമാക്കുന്നതും എല്ലാം നീ അറിയും. ഭൂമിയിലുള്ളതോ ആകാശത്തുള്ളതോ ആയ യാതൊരു വസ്തുവും അല്ലാഹുവിന് അവ്യക്തമാകുകയില്ല. വാർധക്യകാലത്ത് എനിക്ക് ഇസ്മാഈലിനെയും ഇസ്ഹാക്വിനെയും പ്രദാനം ചെയ്ത അല്ലാഹുവിന് സ്തുതി. തീർച്ചയായും എന്റെ രക്ഷിതാവ് പ്രാർഥന കേൾക്കുന്നവനാണ്. എന്റെ രക്ഷിതാവേ, എന്നെ നീ നമസ്കാരം മുറപ്രകാരം നിർവഹിക്കുന്നവനാക്കേണമേ. എന്റെ സന്തതികളിൽ പെട്ടവരെയും (അപ്രകാരം ആക്കേണമേ). ഞങ്ങളുടെ രക്ഷിതാവേ, എന്റെ പ്രാർഥന നീ സ്വീകരിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, വിചാരണ നിലവിൽ വരുന്ന ദിവസം എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും നീ പൊറുത്തുതരേണമേ" (ക്വുർആൻ 14:35-41).

ബഹുദൈവാരാധനക്കെതിരിൽ പോരാടിയ, അക്കാരണത്താൽ അഗ്നിയിൽ എറിയപ്പെടുകയും വീട്ടിൽ നിന്നും പുറത്താക്കപ്പെടുകയും ചെയ്ത ഇബ്റാഹീം നബിﷺ പ്രാർഥിക്കുന്നത് 'അല്ലാഹുവേ, എന്നെയും എന്റെ മക്കളെയും ബഹുദൈവാരാധനയിൽ നിന്നും അകറ്റേണമേ' എന്നാണ്. ഇബ്‌ലീസിന് ഏറ്റവും വലിയ വെറുപ്പ് ഏകദൈവ വിശ്വാസത്തോടും ഏകദൈവ വിശ്വാസികളോടുമാണല്ലോ. അവരെ എങ്ങനെയെങ്കിലും ബഹുദൈവാരാധകനാക്കി മാറ്റുന്നതിന് അവനാൽ കഴിയുന്നത് അവൻ ചെയ്യും. ഏകദൈവ വിശ്വാസത്തിൽ നിന്ന് ആരും വഴിമാറി പോകുവാൻ സാധ്യതയുണ്ടെന്ന് ഇബ്റാഹീം നബിﷺയുടെ ഈ പ്രാർഥന നമ്മെ പഠിപ്പിക്കുന്നുണ്ട്. അതിനാൽ തന്നെ എന്നും എപ്പോഴും, അല്ലാഹു ഈ പ്രപഞ്ചം സൃഷ്ടിച്ചത് മുതൽ നിലനിൽക്കുന്ന ഏകദൈവ വിശ്വാസത്തിൽ ഉറച്ച് നിൽക്കുന്നതിനായി സ്വന്തത്തിന് വേണ്ടിയും കുടുംബത്തിന് വേണ്ടിയും നാം നിരന്തരം തേടേണ്ടതുണ്ട്.

മക്കൾ പിഴച്ച് പോകാതിരിക്കുവാൻ മക്കൾക്കായി ദുആ ചെയ്യുന്നതോടൊപ്പം അവർക്ക് അല്ലാഹുവിന്റെ ദീൻ അനുസരിച്ച് ജീവിക്കുവാനുള്ള സാഹചര്യം ഒരുക്കുവാനും രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. എന്തെല്ലാം ഗുണപാഠങ്ങളാണ് ഇബ്റാഹീം നബിﷺയുടെ പ്രാർഥനകളിലുള്ളത്!

ആകാശഭൂമികളിൽ ഒന്നും തന്നെ അല്ലാഹുവിന് രഹസ്യമല്ലല്ലോ. അവൻ എല്ലാം അറിയുന്നവനാണ്. നാം എത്ര പരസ്യമാക്കിയാലും എത്ര ഗോപ്യമാക്കിയാലും അവൻ അതെല്ലാം നന്നായി അറിയുന്നവനാണ്. നമ്മുടെ രഹസ്യ പരസ്യങ്ങളെല്ലാം ഒരുപോലെ അറിയുന്നവനായ അല്ലാഹുവിലേക്ക് നാം ഖേദിച്ച് മടങ്ങേണ്ടതുണ്ട്.

അല്ലാഹുവിനോട് പ്രാർഥിക്കുന്നതിൽ ഒരിക്കലും നിരാശ പാടില്ല. അവൻ പ്രാർഥന കേൾക്കുന്നവനും ഉത്തരം ചെയ്യുന്നവനുമാണ്. ഇബ്റാഹീം നബിﷺക്ക് വാർധക്യം വരെയും സന്താനങ്ങളുണ്ടായില്ല. എന്നിട്ടും പ്രാർഥിക്കുന്നതിൽ അദ്ദേഹത്തിന് നാരാശയുണ്ടായിരുന്നില്ല.

നാം നമുക്കായി പ്രാർഥിക്കുന്നതോടൊപ്പം നമ്മെ കഷ്ടപ്പെട്ട് പോറ്റി വളർത്തിയ നമ്മുടെ മാതാപിതാക്കൾക്കും വിശ്വാസികളായ എല്ലാവർക്കും

വേണ്ടിയും പ്രാർഥിക്കണം. ഇബ്റാഹീം(ﷺ) പിതാവിന് വേണ്ടി നടത്തിയ പാപമോചന തേട്ടത്തിന്റെ വിശദീകരണം മുമ്പ് കഴിഞ്ഞു പോയിട്ടുള്ളതിനാൽ ഇനിയും അത് ഇവിടെ വിവരിക്കുന്നില്ല.

ഇബ്റാഹീം നബി(ﷺ)യുടെ പ്രാർഥന വിവരിക്കുന്ന മറ്റൊരു ഭാഗം കാണുക:

“എന്റെ രക്ഷിതാവേ, എനിക്ക് നീ തത്ത്വജ്ഞാനം നൽകുകയും എന്നെ നീ സജ്ജനങ്ങളോടൊപ്പം ചേർക്കുകയും ചെയ്യേണമേ. പിൽക്കാലക്കാർക്കിടയിൽ എനിക്ക് നീ സൽകീർത്തി ഉണ്ടാക്കേണമേ. എന്നെ നീ സുഖസമ്പൂർണമായ സ്വർഗത്തിന്റെ അവകാശികളിൽ പെട്ടവനാക്കേണമേ. എന്റെ പിതാവിന് നീ പൊറുത്തുകൊടുക്കേണമേ തീർച്ചയായും അദ്ദേഹം വഴിപിഴച്ചവരുടെ കൂട്ടത്തിലായിരിക്കുന്നു. അവർ (മനുഷ്യർ) ഉയിർത്തെഴുന്നേൽപിക്കപ്പെടുന്ന ദിവസം എന്നെ നീ അപമാനത്തിലാക്കരുതേ. അതായത് സ്വത്തോ സന്താനങ്ങളോ പ്രയോജനപ്പെടാത്ത ദിവസം. കുറ്റമറ്റ ഹൃദയവുമായി അല്ലാഹുവിങ്കൽ ചെന്നവർക്കൊഴികെ” (ക്വുർആൻ 26:83-89).

അല്ലാഹു ഏറെ അനുഗ്രഹിച്ച, അറിവ് നൽകിയ ഇബ്റാഹീം നബി(ﷺ) അതിന്റെ പേരിൽ അഹങ്കരിച്ചില്ല. ഏറെ വിനയാന്വിതനായിരുന്ന അദ്ദേഹം നിരന്തരം തേടി; അറിവ് ലഭിക്കുവാനായി. നാട്ടിലുള്ള മോശപ്പെട്ടവരോടൊപ്പം ആയിരുന്നില്ല അദ്ദേഹം കൂട്ടുകൂടിയിരുന്നത്. ഇഹലോകത്തും പരലോകത്തും നല്ലവരോടൊപ്പമായ അദ്ദേഹം അതിനായി അല്ലാഹുവിനോട് പ്രാർഥിച്ചു കൊണ്ടിരുന്നു.

തന്റെ കാല ശേഷം വരുന്നവർക്ക് തന്നിൽ നിന്ന് യാതൊരു മോശത്തരവും ഇല്ലാതിരിക്കുവാനും തന്നെ സ്മരിക്കുന്നവർക്ക് തന്നെക്കുറിച്ച് നല്ലത് മാത്രം പറയാനുമുള്ള സൽകീർത്തിക്കായും അദ്ദേഹം അല്ലാഹുവിനോട് തേടി. ഇന്നും ലോകത്ത് അദ്ദേഹത്തിന്റെ പേര് കോടികണക്കിനാളുകൾ ദിനേന പലതവണ സ്മരിച്ചുകൊണ്ടിരിക്കുന്നു, ഉച്ചരിക്കുന്നു. സ്വർഗത്തിന് വേണ്ടിയും അദ്ദേഹം തേടി. തൗഹീദിൽ നിന്ന് പിഴച്ച് പോയ പിതാവിന് വേണ്ടിയും അദ്ദേഹം പാപമോചനം നടത്തി; ഇത് മുശ്‌രിക്കുകൾക്കു വേണ്ടി പാപമോചനം തേടരുത് എന്ന് വിലക്കുന്നതിന് മുമ്പായിരുന്നു. സമ്പത്തും സന്താനങ്ങളും ഉപകാരപ്പെടാത്ത, കുറ്റമറ്റ ഹൃദയവുമായി ക്വിയാമത്ത് നാളിൽ വരുന്നവർ മാത്രം രക്ഷപ്പെടുന്ന ദിവസത്തിൽ അപമാനിക്കപ്പെടാതിരിക്കുവാനും അദ്ദേഹം അല്ലാഹുവിനോട് തേടി.

“എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ” (37:100) എന്ന അദ്ദേഹത്തിന്റെ പ്രാർഥനക്ക് രണ്ട് മഹാന്മാരായ മക്കളെ നൽകി അല്ലാഹു ഉത്തരം നൽകി.

“ഞങ്ങളുടെ രക്ഷിതാവേ, നിന്റെ മേൽ ഞങ്ങൾ ഭരമേൽപിക്കുകയും, നിങ്ങലേക്ക് ഞങ്ങൾ മടങ്ങുകയും ചെയ്തിരിക്കുന്നു. നിങ്കലേക്ക് തന്നെയാണ് തിരിച്ചുവരവ്. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളെ സത്യനിഷേധികളുടെ പരീക്ഷണത്തിന് ഇരയാക്കരുതേ. ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് നീ പൊറുത്തു തരികയും ചെയ്യേണമേ. തീർച്ചയായും നീ തന്നെയാണ് പ്രതാപിയും യുക്തിമാനും” (ക്വുർആൻ 61:4,5).

ഈ പ്രാർഥനയുടെ സാരം പണ്ഡിതന്മാർ വിവരിക്കുന്നത് കാണുക.

മുജാഹിദ്(رحمه الله) പറയുന്നു: ‘അതിന്റെ അർഥം; അവരുടെ കൈകളാൽ ഞങ്ങളെ നീ ശിക്ഷിക്കരുതേ, നിന്റെ പക്കൽ നിന്നുള്ള ശിക്ഷയാലും (ഞങ്ങളെ നീ ശിക്ഷിക്കരുതേ). (അപ്രകാരം സംഭവിച്ചാൽ) അവർ പറയും: ഇവർ സത്യത്തിലായിരുന്നുവെങ്കിൽ അവർക്ക് ഇപ്രകാരം ബാധിക്കില്ലായിരുന്നു (എന്ന്).’ അഥവാ ശത്രുക്കൾക്ക് സന്തോഷിക്കാവുന്ന യാതൊന്നും ഞങ്ങളിൽ ഉണ്ടാവരുതേ എന്നതാണ് ആ പ്രാർഥനയുടെ സാരം. മറ്റൊരു വിശദീകരണം കാണുക:

ക്വതാദ(رحمه الله) പറയുന്നു: ‘അവർക്ക് ഞങ്ങളുടെ മേൽ വിജയം നൽകരുതേ. അങ്ങനെ (സംഭവിച്ചാൽ) അതു മുഖേന അവർ ഞങ്ങളെ കുഴപ്പത്തിലാക്കും...’

ശത്രുക്കൾക്ക് വിശ്വാസികളാൽ സന്തോഷമുണ്ടാകുന്ന ഒരു കാരണവും ഉണ്ടായിക്കൂടാ. നബി(ﷺ) പ്രാർഥിച്ചിരുന്ന ഒരു പ്രാർഥന ഇപ്രകാരമായിരുന്നു.

അല്ലാഹുവേ കഠിനമായ പരീക്ഷണങ്ങളിൽ നിന്നും, ദൗർഭാഗ്യങ്ങളിൽ എത്തി പെടുന്നതിൽ നിന്നും, നിന്റെ വിധിയിൽ നല്ലതല്ലാത്തത് എന്നിൽ ഉണ്ടാകുന്നതിൽ നിന്നും, ശത്രുക്കൾ സന്തോഷിക്കുന്നതിൽ നിന്നും ഞാൻ നിന്നോട് കാവൽ ചോദിക്കുന്നു.

ഇബ്റാഹീം(ﷺ) നടത്തിയ പ്രാർഥനകൾ ക്വുർആനിൽ വന്നതാണ് ഇത്രയും നാം വിവരിച്ചത്. ഹദീസുകളിൽ വന്നതിൽ നിന്ന് ഒന്ന് ഇവിടെ കുറിക്കാം. ഇബ്റാഹീം(ﷺ) മക്കളായ ഇസ്മാഈലിനും ഇസ്ഹാക്വിനും എപ്പോഴും നടത്തിയിരുന്ന പ്രാർഥനയാണ്. ആ പ്രാർഥന പേരമക്കളായ ഹസൻ, ഹുസൈൻ എന്നിവർക്ക് വേണ്ടി ഇബ്റാഹീം നബി(ﷺ)യെ മാതൃകയാക്കി അല്ലാഹുവിനോട് ഇപ്രകാരം പ്രാർഥിക്കാറുണ്ടായിരുന്നു:

ഇബ്നു അബ്ബാസ്(رضي الله عنه)വിൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: “നബി(ﷺ) ഹസൻ, ഹുസൈൻ എന്നിവർക്കായി അല്ലാഹുവിനോട് അഭയം തേടി ഇപ്രകാരം പറയാറുണ്ടായിരുന്നു: ‘തീർച്ചയായും നിങ്ങളുടെ പിതാവ് (ഇബ്റാഹീം) ഇസ്മാഈലിനും ഇസ്ഹാക്വിനും ഇത് കൊണ്ട് (ഈ പ്രാർഥന കൊണ്ട്) അല്ലാഹുവിനോട് അഭയം തേടിയിരുന്നു: എല്ലാ പിശാചുക്കളിൽ നിന്നും, വിഷജന്തുക്കളിൽ നിന്നും, ആക്ഷേപകാരിയായ എല്ലാ കണ്ണിൽ നിന്നും അല്ലാഹുവിന്റെ മുഴുവൻ വചനങ്ങൾ കൊണ്ട് ഞാൻ നിങ്ങൾക്ക് രണ്ടുപേർക്കും അല്ലാഹുവിനോട് കാവൽ ചോദിക്കുന്നു” (ബുഖാരി).

ലേഖനം

അബ്ദുൽ മാലിക് സലഫി
malikmorayur114@gmail.com

# “ഞാൻ മുസ്‌ലിമാണ്...”




**‘ഞാ**ൻ മുസ്‌ലിമാണ്...’ നാളുകൾക്കു മുമ്പ് മലയാളികളുടെ കർണപുടങ്ങളിൽ പതിച്ച ഒരു വാചകമാണിത്. തനിക്ക് സത്യമെന്നു മനസ്സിലായ മതം സ്വീകരിച്ചതിന്റെ പേരിൽ പതിനൊന്നു മാസക്കാലം നീണ്ട തടങ്കലിൽ നിന്ന് മോചനം തേടി സുപ്രീം കോടതിയിലേക്കുള്ള യാത്രാമധ്യെ, തന്നെ വളഞ്ഞ് “ഹാദിയാ, എന്തെങ്കിലും പറയാനുണ്ടോ” എന്ന് ചോദിച്ച പത്രക്കാരോടാണ് ഹാദിയ എന്ന ഇരുപത്തിനാലുകാരിയായ ഡോക്ടർ ഈ പ്രഖ്യാപനം നടത്തിയത്. താൻ ശരിയാണെന്നു കണ്ടെത്തിയ ഇസ്‌ലാമിന്റെ ആത്മീയ മധു നുകർന്ന ആത്മനിർവൃതി ആ വാക്കുകളിൽ പ്രകടമായിരുന്നു.

വീട്ടുതടങ്കലിൽ കഴിയവെ നിരന്തരം മാനസിക പീഡനങ്ങൾക്കു വിധേയമാക്കപ്പെട്ടിട്ടും തന്റെ വിശ്വാസത്തെ വലിച്ചെറിയാൻ തയ്യാറാകാതിരുന്ന അവരുടെ മാനസികാവസ്ഥ ഏറെ പ്രശംസനീയമാണ്. ലോകം മുഴുവനും തന്നെ നോക്കുന്ന വേളയിലും ഇസ്‌ലാം ഒരു സ്ത്രീയോട് നിർബന്ധമായും മറയ്ക്കാൻ പറഞ്ഞ ശരീരഭാഗങ്ങൾ മറച്ചുവെച്ച് യാത്ര തിരിച്ച ഹാദിയയുടെ നിലപാട് ഏറെ മാതൃകാപരമാണ്. ഇല്ലാത്ത ലൗജിഹാദിനെ കുത്തിപ്പൊക്കിയെടുക്കുവാൻ ഹാദിയ കേസിനെ മറയാക്കാം എന്ന സംഘപരിവാർ അജണ്ട ഇത്ര ദയനീയമാം വിധം തകർന്നടിഞ്ഞ മറ്റൊരു രംഗവും ഈയടുത്തകാലത്തൊന്നും കേരളം കണ്ടിട്ടില്ല. വനിതാ കമ്മീഷനു പോലും പ്രവേശനം നിഷേധിക്കപ്പെട്ട ഹാദിയയുടെ വസതിയിലേക്ക് നിരന്തരം കടന്നുചെന്ന് അവരെ മാനസിക പീഡനത്തിനു വിധേയരാക്കിയവരും ഈ പെൺകുട്ടിയുടെ വിശ്വാസ ധാർഢ്യത്തിനു മുന്നിൽ അമ്പരന്നു നിന്നിട്ടുണ്ടാവണം. യഥാർഥ വിശ്വാസം മനുഷ്യ ഹൃദയങ്ങളിൽ എപ്രകാരമാണ് ആഴ്ന്നിറങ്ങുന്നത് എന്ന് യോഗ കേന്ദ്രക്കാർക്ക് ഇതിലൂടെ ബോധ്യമായിക്കാണണം.

'ഞാൻ ഒരു മുസ്‌ലിമാണ്' എന്ന് എന്ന് ആ പെൺകുട്ടി വിളിച്ചു പറയുമ്പോൾ പാരമ്പര്യമായി മുസ്‌ലിംകളായി ജീവിക്കുന്ന, ചെറുപ്പം മുതലേ ഇസ്‌ലാമിന്റെ വെളിച്ചത്തിൽ ജീവിച്ചുവരുന്ന ആളുകൾക്കും ചിലതൊക്കെ പഠിക്കുവാനും ചിന്തിക്കുവാനുമുണ്ട്. ഞാനൊരു മുസ്‌ലിമാണെന്നും ഞാനതിൽ അഭിമാനിക്കുന്നു എന്നുമുള്ള പറച്ചിൽ സ്വത്വബോധത്തെ തിരിച്ചറിഞ്ഞതിന്റെ അടയാളക്കുറിപ്പാണ്. എന്നാൽ ഇന്ന് മുസ്‌ലിം സമൂഹത്തിൽ ജീവിക്കുന്ന എത്രപേർക്ക് ഞാനൊരു മുസ്‌ലിമാണെന്ന് ആത്മാഭിമാനത്തോടെ, ലജ്ജ തീണ്ടാതെ പ്രഖ്യാപിക്കുവാൻ പറ്റും?

ഇസ്‌ലാമിന്റെ അടിത്തറകളും അടയാളങ്ങളും പൊതുസമൂഹത്തിൽ പ്രകടിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും ഒരു പഴഞ്ചനായി ഞാൻ മുദ്രകുത്തപ്പെടാൻ കാരണമായിത്തീരുമോ എന്ന ഉൾഭയത്താൽ അതിനു തുനിയാൻ മടിക്കുന്ന മുസ്‌ലിം നാമധാരികൾ ജീവിക്കുന്ന ഈ മണ്ണിൽ, ഞാനൊരു മുസ്‌ലിമാണെന്ന് ഒരു പെൺകുട്ടി വിളിച്ചു പറയുമ്പോൾ അതിന് അനവധി മാനങ്ങളുണ്ട്. 'ഞാനൊരു മുസ്‌ലിമാണെന്ന്' പ്രഖ്യാപിക്കുന്നത് ഏറ്റവും നല്ല വാക്കുകളിൽ പെട്ടതാണെന്ന് അല്ലാഹു അറിയിച്ചിട്ടുണ്ട്:

"അല്ലാഹുവിങ്കലേക്ക് ക്ഷണിക്കുകയും സൽകർമം പ്രവർത്തിക്കുകയും തീർച്ചയായും ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിലാകുന്നു എന്ന് പറയുകയും ചെയ്തവനെക്കാൾ വിശിഷ്ടമായ വാക്ക് പറയുന്ന മറ്റാരുണ്ട്?"(41:33).

തന്റെ രക്ഷിതാവിന്റെ നിർദേശം നിർഭയം പ്രകടിപ്പിക്കുക മാത്രമാണ് ഹാദിയ ചെയ്തത്. ഏകദൈവവിശ്വാസത്തിലേക്കുള്ള മാറ്റത്തിലൂടെ ജീവിതത്തിൽ ഉണ്ടാകുന്ന ആത്മീയതയുടെ പാരമ്യത എന്താണെന്ന് ഈ പ്രഖ്യാപനത്തിലൂടെ ഏവർക്കും തിരിച്ചറിയാനാവും. മതപരിവർത്തനം നടക്കുന്നത് മനസ്സുകളിലാണ് എന്ന സത്യവും ഇതിലൂടെ ലോകം തിരിച്ചറിയുകയാണ്. ഇരുലോക വിജയത്തിനാവശ്യമായ ആത്മീയ ഊർജത്തിന്റെ യഥാർഥ ഉറവിടം ഏകദൈവ വിശ്വാസത്തിന്റെ മൂർത്തരൂപമായ ഇസ്‌ലാമാണെന്ന് തിരിച്ചറിവിലേക്ക് ലോകത്തിന്റെ ശ്രദ്ധ ക്ഷണിക്കൽ കൂടിയാണ് ആ പ്രഖ്യാപനം.

തടസ്സങ്ങൾ ഒന്നുമില്ലെങ്കിലും തന്റെ തലയിൽ തട്ടമിടാൻ തന്റേടം കാണിക്കാത്ത മുസ്‌ലിം നാമമുള്ള നിരവധി സഹോദരിമാർക്കുള്ള ഒരു മാതൃകയാണ് ഈ പെൺകുട്ടി കാണിച്ചു കൊടുത്തത്. ക്യാമ്പസുകളിലും അങ്ങാടികളിലും വിവാഹ വീടുകളിലും തട്ടമഴിച്ച് കേശപ്രദർശനം നടത്തുന്ന സ്ത്രീ 'ഞാനൊരുമുസ്‌ലിമാണ്' എന്ന് പറയുന്നതിലെ ആശയ വൈരുധ്യം തിരിച്ചറിയാതെ പോവരുത് എന്നതാണ് ഹാദിയയുടെ തട്ടമിടൽ നൽകുന്ന തിരിച്ചറിവ്. ഞാനൊരു മുസ്‌ലിമാണെന്നു പ്രഖ്യാപിക്കുമ്പോൾ അത് വാക്കിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതല്ലെന്നും, ജീവിതത്തിന്റെ സർവ മണ്ഡലങ്ങളിലും ആ പ്രഖ്യാപനത്തിന്റെ പ്രതിധ്വനികൾ പ്രകടമാവണമെന്നും, അതൊരിക്കലും സ്വയം അടിച്ചമർത്തപ്പെടുന്നതിന്റെ പ്രതീകമായിത്തീരില്ലെന്നും സഹോദരിമാർ സ്വയം തിരിച്ചറിയേണ്ടതുണ്ട്. തന്റെ മനോനില ചോദ്യം ചെയ്യാൻ ഒരുങ്ങിയ സ്വന്തം പിതാവടക്കമുള്ളവർക്കുള്ള ശാന്തമായ മറുപടിയാണ് ആ തട്ടത്തിന് പറയാനുള്ളത്. ഇസ്‌ലാമിക വസ്ത്രത്തിനുള്ളിൽ സ്ത്രീ എത്ര സുരക്ഷിതയാണെന്ന അടയാളപ്പെടുത്തലും ഈ ഒരു സംഭവത്തിലൂടെ നിരീക്ഷകർ വായിച്ചെടുക്കുന്നുണ്ട്.

**പരീക്ഷണങ്ങൾ, മുന്നോട്ട് പോകുന്നതിന്റെ ശക്തിസ്രോതസ്സുകളാണെന്ന ബോധ്യപ്പെടൽ വിശ്വാസികൾക്കുണ്ടാകുമ്പോൾ, പരീക്ഷണങ്ങളുടെ തീവ്രത അവന്റെ വിശ്വാസത്തെ ഊതിക്കാച്ചുകയാണ് ചെയ്യുന്നത് എന്ന ബോധത്തിലേക്ക് അവൻ ഉയരും.**

പരീക്ഷണങ്ങളിലും പീഡനങ്ങളിലും തളർന്ന് പോകേണ്ടവരല്ല വിശ്വാസികൾ. പരീക്ഷണങ്ങൾ മുന്നോട്ട് പോകുന്നതിന്റെ ശക്തിസ്രോതസ്സുകളാണെന്ന ബോധ്യപ്പെടൽ വിശ്വാസികൾക്കുണ്ടാകുമ്പോൾ, പരീക്ഷണങ്ങളുടെ തീവ്രത അവന്റെ വിശ്വാസത്തെ ഊതിക്കാച്ചുകയാണ് ചെയ്യുന്നത് എന്ന ബോധത്തിലേക്ക് അവൻ ഉയരും. പതിനൊന്നു മാസക്കാലത്തെ തടങ്കൽ ഹാദിയക്ക് സമ്മാനിച്ചത് മുന്നോട്ടുപോക്കിനെ കുറിച്ചുള്ള സുചിന്തിതമായ തീരുമാനങ്ങളായിരുന്നുവെന്നതാണ് ജഡ്ജിയുടെ തുടർച്ചയായ ചോദ്യങ്ങൾക്കു മുന്നിൽ ഒട്ടും പതർച്ചയില്ലാതെയുള്ള അവരുടെ മറുപടികൾ നൽകുന്ന സന്ദേശം. എന്തായിരുന്നാലും, ചിലരുടെ അനാവശ്യ ഇടപെടലുകൾ കൊണ്ട് ലോകശ്രദ്ധ നേടിയ ഈ കേസിലെ ചില സന്ദേശങ്ങൾ ലോകത്തിന് പാഠമാകേണ്ടതുണ്ട്. താൻ ഉൾക്കൊണ്ട സത്യമാർഗത്തിൽ ഹാദിയക്ക് ഉറച്ചു നിൽക്കാൻ കഴിയട്ടെ എന്ന് പ്രാർഥിക്കാം.

ആര് വന്നാലും തിരികെ പോയാലും ഇസ്‌ലാമിന്റെ പ്രഭാവം വർധിക്കുകയോ അതിന് മങ്ങലേൽക്കുകയോ ചെയ്യില്ല എന്നതാണ് യാഥാർഥ്യം. ഭരണഘടന നൽകുന്ന മൗലികാവകാശം ഉപയോഗിക്കുന്നവരെ വേട്ടയാടുന്നതിനെ തടയുവാൻ മതേതര വിശ്വാസികൾ ഒന്നിച്ചുനിൽക്കേണ്ടതുണ്ട്.

മതവും ജാതിയും ഭാഷയുംവർണവും ഏതാകട്ടെ മനുഷ്യ സൗഹാർദമിവിടെ വളർന്ന് വരണം. അതിന് യാതൊരു കോട്ടവും തട്ടാൻ പാടില്ല. രാജ്യത്ത് സ്വസ്ഥതയും സമാധാനവും നിലനിൽക്കണമെന്നാണ് ഏതൊരു പൗരനും ആഗ്രഹിക്കേണ്ടത്. ●

ശമീർ മദീനി
shameermadeeni@gmail.com



# പവിത്രതകൾ പരിഗണിക്കുക

**"അത് (നിങ്ങൾ ഗ്രഹിക്കുക) വല്ലവനും അല്ലാഹുവിന്റെ മതചിഹ്നങ്ങളെ ആദരിക്കുന്ന പക്ഷം തീർച്ചയായും അത് ഹൃദയങ്ങളിലെ ധർമനിഷ്ഠയിൽ നിന്നുണ്ടാകുന്നതത്രെ" (ക്വുർആൻ 22:32).**

ചില സ്ഥലങ്ങൾക്കും സമയങ്ങൾക്കും വസ്തുക്കൾക്കും മറ്റ് സ്ഥലങ്ങൾക്കും സമയങ്ങൾക്കും വസ്തുക്കൾക്കുമില്ലാത്ത പ്രത്യേകതകളും മഹത്ത്വങ്ങളും അല്ലാഹു നൽകിയിട്ടുണ്ട്. മസ്ജിദുൽ ഹറാമും മസ്ജിദുന്നബവിയും അടങ്ങുന്ന ഇരുഹറമുകളും ഹിജ്റ മാസങ്ങളുടെ കൂട്ടത്തിൽ ദുൽക്വഅ്ദ്, ദുൽഹിജ്ജ, മുഹർറം, റജബ് എന്നീ മാസങ്ങളും ലൈലത്തുൽ ക്വദ്ർ അടങ്ങുന്ന റമദാൻ മാസവും പ്രത്യേകതകളും പവിത്രതകളുമുള്ളവയാണ്.

പ്രദക്ഷിണം (ത്വവാഫ്) ചെയ്യാൻ ഇസ്‌ലാമിൽ നിർദേശിക്കപ്പെട്ട ഏക മന്ദിരമായ കഅ്ബയും അതിന്റെ ഒരു മൂലയിലുള്ള ഹജറുൽ അസ്‌വദും അല്ലാഹു പവിത്രത നൽകിയവയാണ്. അവയെ അംഗീകരിക്കലും ആദരിക്കലും വിശ്വാസികളുടെ കടമയും ഈമാനിന്റെ താൽപര്യവുമാണ്.

ഹജ്ജിന്റെയും ഉംറയുടെയും പ്രധാന കേന്ദ്രമായി അല്ലാഹു നിശ്ചയിച്ച ഹറമിന്റെ പവിത്രത ക്വുർആൻ എടുത്തു പറഞ്ഞിട്ടുണ്ട്. (ക്വുർആൻ 3:96,97 കാണുക). മുഹമ്മദ് നബിﷺക്ക് മുമ്പ് തന്നെ മക്കക്കാർ സ്വന്തം പിതാവിന്റെ ഘാതകനെ നേർക്കുനേർ കണ്ടാൽ പോലും കഅ്ബയുടെ പരിസരത്ത് വെച്ച് യാതൊരു പ്രതിക്രിയയും ചെയ്തിരുന്നില്ല.

മനുഷ്യന്റെ ഇഛയും ബുദ്ധിയുമല്ല ഇത്തരം പവിത്രതകൾ നിശ്ചയിക്കുന്നതിനുള്ള ആധാരം. മറിച്ച് അല്ലാഹു നിശ്ചയിച്ചതും തെരഞ്ഞെടുത്തതുമാണ്. അവ ചോദ്യം ചെയ്യാതെ അംഗീകരിക്കാൻ വിശ്വാസികൾ ബാധ്യസ്ഥരാണ്.

"നിന്റെ രക്ഷിതാവ് താൻ ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും, (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു. അവർക്ക് തെരഞ്ഞെടുക്കുവാൻ അർഹതയില്ല. അല്ലാഹു എത്രയോ പരിശുദ്ധനും അവർ പങ്കുചേർക്കുന്നതിനെല്ലാം അതീതനുമായിരിക്കുന്നു" (28:68)

അല്ലാഹു നിശ്ചയിച്ച പവിത്രതകൾ അംഗീകരിക്കാതിരിക്കലും അവയെ അവഹേളിക്കലും സത്യനിഷേധവും ധിക്കാരവും നന്ദികേടുമാണ്. അപ്രകാരം തന്നെ അല്ലാഹുവോ റസൂലോ പവിത്രത കൽപിക്കാത്തവയ്ക്ക് പവിത്രതകളും പ്രത്യേകതകളും കൽപിക്കുന്നതും കുറ്റകരമാണ്. മതത്തിൽ പുതിയത് കുട്ടിച്ചേർക്കലാണത്.

"അതല്ല, അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ? നിർണായക വിധിയെ പറ്റിയുള്ള കൽപന നിലവിലില്ലായിരുന്നെങ്കിൽ അവർക്കിടയിൽ ഉടനെ വിധികൽപിക്കപ്പെടുമായിരുന്നു. അക്രമികളാരോ അവർക്ക് തീർച്ചയായും വേദനയേറിയ ശിക്ഷയുണ്ട്" (42:21)

മൂന്ന് കേന്ദ്രങ്ങളിലേക്കല്ലാതെ പുണ്യമാഗ്രഹിച്ചു കൊണ്ടുള്ള യാത്ര പുറപ്പെടൽ (തീർഥാടനം) നബിﷺ വിലക്കിയിട്ടുണ്ട്. മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അക്സ എന്നിവയാണവ. (ബുഖാരി, മുസ്‌ലിം).

അപ്പോൾ അജ്മീർ, നാഗൂർ, മുത്തുപ്പേട്ട, ഏർവാടി പോലുള്ള കേന്ദ്രങ്ങൾ ഇസ്‌ലാമിക കേന്ദ്രങ്ങളല്ലായെന്നത് നാം തിരിച്ചറിയുക.

പവിത്രമാസങ്ങളുടെയും സമയങ്ങളുടെയും വസ്തുതകളുടെയും പവിത്രതകൾ നാം ഉൾക്കൊള്ളേണ്ടതും ആചരിക്കേണ്ടതും പുതിയ ചടങ്ങുകളും ആചാരങ്ങളും ഉണ്ടാക്കിക്കൊണ്ടല്ല. പ്രത്യുത പ്രവാചകൻﷺ പഠിപ്പിച്ചതും അവിടുത്തെ അനുചരന്മാർ പ്രയോഗവൽക്കരിച്ചതുമായ മാർഗത്തിലൂടെ തന്നെയായിരിക്കണം.

എന്നാൽ സങ്കടകരമെന്നു പറയട്ടെ, സച്ചരിതരായ മുൻഗാമികൾക്കു പരിചയമില്ലാത്ത പലതും മതത്തിൽ കടത്തിക്കൂട്ടിയതിനു പുറമെ അല്ലാഹുവും റസൂലും പവിത്രമാക്കി കൽപിച്ച മാസങ്ങളിൽ പോലും ദുശ്ശകുനത്തിന്റെ ദിവസങ്ങൾ അടയാളപ്പെടുത്തുന്നത് എത്രമാത്രം അക്രമവും വിരോധാഭാസവുമാണ്! അല്ലാഹുവിൽ ശരണം.

ടി.കെ.അശ്റഫ്
thorakkattilashraf@gmail.com

ലേഖനം



# മനസ്സിലെ മക്വ്ബറകൾ

ഇസ്‌ലാം ശുദ്ധമായ ഏകദൈവാദർശത്തിന്റെ മതമാണ്. അതിനാൽ സൃഷ്ടി പൂജ ഇസ്‌ലാമിന് തീർത്തും അന്യം. എന്നാൽ മുസ്‌ലിം സമൂഹത്തിൽ മരിച്ചുപോയവരെ വിളിച്ചു പ്രാർഥിക്കുന്നവരുണ്ട്. പലരുടെയും ക്വബ്‌റുകൾ കെട്ടിപ്പൊക്കി ജാറമെന്നോ ദർഗയെന്നോ മക്വാം എന്നോ ഒക്കെ പേരിട്ട് അവിടങ്ങളിലേക്ക് സന്ദർശകർ പ്രവഹിക്കുകയും ആഗ്രഹ സഫലീകരണത്തിനായി ക്വബ്‌റിലുള്ളവരോട് തേടുന്നുമുണ്ട്. അതിനുള്ള സ്വാതന്ത്ര്യം നാട്ടിൽ അവർക്ക് ഉണ്ട്താനും. ഈയിടെയായി ഒരു മക്വാം തകർക്കപ്പെട്ടത് വലിയ വാർത്തയായത് വായനക്കാർ ഓർക്കുന്നുണ്ടാകുമല്ലോ. ഈ പശ്ചാത്തലത്തിൽ ഉയർന്നുവന്ന ചില ചോദ്യങ്ങക്ക് നമുക്ക് ഉത്തരം കണ്ടെത്താം.

*എന്താണ് മക്വാം അല്ലെങ്കിൽ ജാറം?*

മരണപ്പെട്ടവരുടെ ക്വബ്ർ കെട്ടിപ്പൊക്കി അവിടെ പച്ചപുതച്ച്, വിളക്ക് കൊളുത്തി, ജനങ്ങൾക്ക് മരണപ്പെട്ട വ്യക്തിയോട് തങ്ങളുടെ ആഗ്രഹങ്ങളും ആവലാതികളും ബോധിപ്പിക്കുവാനായി ഒരുക്കിയ ഇടമാണ് മക്വാം അല്ലെങ്കിൽ ജാറം. മിക്കവാറും പള്ളികളോട് അനുബന്ധിച്ചാണ് മക്വാം നിർമിക്കാറുള്ളത്. അഥവാ മക്വാം നിർമിച്ച ശേഷം അവിടെ പള്ളി നമർമിക്കാറുമുണ്ട്. പള്ളിയോടനുബന്ധിച്ചല്ലാതെയും മക്വാമുകൾ നിർമിക്കപ്പെട്ടതായി കാണാം. ആഗ്രഹ സഫലീകരണത്തിനായി വരുന്നവരിൽ നിന്ന് പണം സ്വീകരിക്കുവാൻ പ്രത്യേക സംവിധാനം അവിടെ ഒരുക്കിയിട്ടുണ്ടാകും.

*ഇത് ഇസ്‌ലാം അനുവദിക്കുന്നുണ്ടോ?*

ഇല്ല! ക്വബ്‌റുകൾ ഭൂമിയിൽ നിന്നും ഒരു ചാണിലധികം പൊക്കുവാനും അതിൻമേൽ എടുപ്പുകൾ നിർമിക്കുവാനും, അതിൻമേൽ കുമ്മായം പൂശുവാനും ഇസ്‌ലാം അനുവദിക്കുന്നില്ല.

തെളിവ് കാണുക: ജുൻദുബ് ഇബ്നുൽ ബജലി(റ) പറയുന്നു: നബി(ﷺ) മരിക്കുന്നതിന്റെ അഞ്ചു ദിവസം മുമ്പ് അദ്ദേഹത്തിൽ നിന്ന് (നബി(ﷺ)യിൽനിന്ന്) അദ്ദേഹം കേൾക്കുകയുണ്ടായി: "അറിയുക നിങ്ങളുടെ മുൻഗാമികൾ അവരുടെ പ്രവാചകന്മാരുടെയും സദ്‌വൃത്തരുടെയും ക്വബ്‌റുകളെ പള്ളികൾ ആക്കിയിരുന്നു. അറിയുക നിങ്ങൾ ക്വബ്‌റുകളെ പള്ളികളാക്കാതിരിക്കുക. ഞാൻ അതിൽനിന്നും നിങ്ങളെ വിലക്കുന്നു" (മുസ്‌ലിം).

അബൂഹുറയ്‌റ(റ): നബി(ﷺ) പറഞ്ഞു: "നിങ്ങൾ എന്റെ ക്വബ്‌റിനെ ആഘോഷസ്ഥലവും നിങ്ങളുടെ വീടുകൾ ക്വബ്‌റുകളെ പോലെയും ആക്കരുത്. നിങ്ങൾ എന്റെ പേരിൽ സ്വലാത്ത് ചൊല്ലുക. നിങ്ങൾ എവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്ത് എനിക്ക് എത്തിച്ചേരുകതന്നെ ചെയ്യും" (അബൂദാവൂദ്).

ജാബിർ(റ) നിവേദനം: "ക്വബ്‌റിനു മുകളിൽ ഇരിക്കുന്നതും എടുപ്പുണ്ടാക്കുന്നതും കുമ്മായം പൂശുന്നതും അതിനുമുകളിൽ എഴുതുന്നതും നബി(ﷺ) വിരോധിച്ചിരിക്കുന്നു" (മുസ്‌ലിം, തിർമിദി, അബൂദാവൂദ്).

ശാഫിഈ കർമശാസ്ത്ര പണ്ഡിതൻ ഇബ്നുൽ ഹജറുൽ ഹൈതമി(റഹി) പറയുന്നു: "ക്വബ്‌റുകൾ പള്ളികളാക്കുക എന്നതിന്റെ അർഥം ക്വബ്‌റിൻമേൽ നമസ്കരിക്കുകയോ ക്വബ്‌റിലേക്ക് തിരിഞ്ഞ് നമസ്കരിക്കുകയോ ചെയ്യുക എന്നതാണ്" (അസ്സവാജിർ 1:121).

അബൂസഈദുൽ ഖുദ്‌രി(റ)വിൽനിന്ന്: "ക്വബ്‌റിൻമേൽ കെട്ടിടമുണ്ടാക്കുന്നതും അതിൻമേൽ ഇരിക്കുന്നതും അതിൻമേൽ നമസ്കരിക്കുന്നതും അല്ലാഹുവിന്റെ ദൂതൻ നിരോധിച്ചിരിക്കുന്നു." (മുസ്നദു അബൂയഅ്‌ലാ).

*എന്തുകൊണ്ട് ഇസ്‌ലാം ഇത് വിരോധിച്ചു?*

തുടക്കത്തിൽ സൂചിപ്പിച്ച പോലെ ഏകദൈവാരാധനയാണ് ഇസ്‌ലാമിന്റെ അടിത്തറ. അതിന് വിഘാതമാകുന്നതൊന്നും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ക്വബ്ബറുകൾ കെട്ടിപ്പൊക്കുന്നത് അതിൽ അന്ത്യവിശ്രമം കൊള്ളുന്ന വ്യക്തിയെ ആരാധിക്കുവാൻ കാരണമാകും എന്നതാണ് നിരോധിക്കുവാനുള്ള പ്രധാന കാരണം.

*എങ്കിൽ ക്വബ്ർ സന്ദർശനം ഇസ്‌ലാം അനുവദിക്കുന്നുണ്ടല്ലോ. അതിന്റെ ലക്ഷ്യമെന്താണ്?*

ആദ്യകാലത്ത് ക്വബ്ർ സന്ദർശനം തന്നെ നബി(ﷺ) നിരോധിച്ചിരുന്നു. ജനങ്ങൾ പഴയ വിശ്വാസത്തിലേക്ക് മടങ്ങുമോയെന്ന ഭീതിയായിരുന്നു അതിനുള്ള കാരണം. എന്നാൽ അവരിൽ വിശ്വാസം രൂഢമൂലമായപ്പോൾ പിന്നീട് ക്വബ്ർ സന്ദർശനം അനുവദിച്ചു. അതിന്റെ ലക്ഷ്യവും വിശദീകരിച്ചു: സ്വന്തം മരണത്തെക്കുറിച്ച് ഓർക്കുവാൻ, പരലോകചിന്തയുണ്ടാകുവാൻ. അത് നിങ്ങളുടെ കണ്ണുകളെ കരയിക്കുമെന്നും പഠിപ്പിച്ചു. ക്വബ്‌റിലുള്ളയാൾക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയെന്നതാണ് മറ്റൊരു ലക്ഷ്യം.

എന്നാൽ ഇന്ന് കെട്ടിയുയർത്തിയ ജാറങ്ങളിലേക്ക് സിയാറത്തിന് പോകുന്നവരിൽ ഈ ലക്ഷ്യമാണോ ഉള്ളത്? ഇല്ല എന്ന് മാത്രമല്ല ഇസ്‌ലാം പഠിപ്പിക്കുന്ന ലക്ഷ്യത്തിനും വിരുദ്ധമായി ക്വബ്‌റാളിയോട് സഹായം തേടലും പ്രാർഥിക്കലുമൊക്കെയാണ് അവരുടെ ലക്ഷ്യം. ഇന്നയിന്ന ആഗ്രഹങ്ങൾ സഫലീകരിക്കപ്പെടുവാൻ ഇന്നയിന്ന ജാറങ്ങളിൽ സിയാറത്ത് ചെയ്യുക എന്ന പരസ്യം നൽകുന്ന സൂചനയെന്താണ്? മക്വാമിനെ കേന്ദ്രീകരിച്ച് നടക്കുന്ന പ്രത്യേക ഉത്സവങ്ങൾ ശ്രദ്ധിച്ചാൽ കാണാം അതിൽ എന്തു മാത്രം ഇസ്‌ലാം ഉണ്ടെന്ന്!

*ഇസ്‌ലാം വിരോധിച്ചതാണ് ക്വബ്ർ കെട്ടിപ്പൊക്കൽ എങ്കിൽ അത് ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടതില്ലേ?*

തീർച്ചയായും വേണം. കേരളത്തിലെ മുജാഹിദ് പ്രസ്ഥാനം ആ കടമ ആദ്യം മുതലേ നിർവഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ധാരാളം മാറ്റങ്ങൾ ഉണ്ടായിട്ടുമുണ്ട്. ബോധവത്കരണമാണ് അതിന്റെ മാർഗം. ഏതൊരു തിന്മയും പിഴുതെടുക്കേ

**ആദ്യകാലത്ത് ക്വബ്ർ സന്ദർശനം തന്നെ നബി(ﷺ) നിരോധിച്ചിരുന്നു. ജനങ്ങൾ പഴയ വിശ്വാസത്തിലേക്ക് മടങ്ങുമോയെന്ന ഭീതിയായിരുന്നു അതിനുള്ള കാരണം. എന്നാൽ അവരിൽ വിശ്വാസം രൂഢമൂലമായപ്പോൾ പിന്നീട് ക്വബ്ർ സന്ദർശനം അനുവദിച്ചു. അതിന്റെ ലക്ഷ്യവും വിശദീകരിച്ചു: സ്വന്തം മരണത്തെക്കുറിച്ച് ഓർക്കുവാൻ, പരലോകചിന്തയുണ്ടാകുവാൻ. അത് നിങ്ങളുടെ കണ്ണുകളെ കരയിക്കുമെന്നും പഠിപ്പിച്ചു. ക്വബ്‌റിലുള്ളയാൾക്ക് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുകയെന്നതാണ് മറ്റൊരു ലക്ഷ്യം.**

ണ്ടത് ആദ്യം മനസ്സിൽ നിന്നാണ്. മനസ്സ് മാറ്റാൻ ക്വുർആനും സുന്നത്തും ആധാരമാക്കി സച്ചരിതരായ സലഫുകളുടെ മാർഗമവലംബിച്ച് ഗുണകാംക്ഷയോടെയുള്ള ഉപദേശമാണ് പരിഹാരം. സാധാരണക്കാരിൽ പലർക്കും ഇത് തെറ്റാണന്ന് അറിയില്ല. പുരോഹിതന്മാർ അവരെ ചൂഷണം ചെയ്യുകയാണ് എന്ന് അവർ മനസ്സിലാക്കുന്നില്ല.

*കെട്ടിപ്പൊക്കിയ ക്വബ്‌റുകൾ പൊളിച്ച് നിരപ്പാക്കണമെന്ന പ്രവാചക വചനമില്ലേ? മുജാഹിദുകൾ എന്താണത് നടപ്പിലാക്കാത്തത്? നാടുകാണിയിൽ മക്വാം പൊളിച്ചവരെ മാതൃകാപരമായി ശിക്ഷിക്കണമെന്നും നിങ്ങൾ പ്രസ്താവന ഇറക്കിയില്ലേ?*

കെട്ടി ഉയർത്തിയ ക്വബ്‌റുകൾ പൊളിക്കണമെന്നത് ഇസ്‌ലാമിന്റെ കൽപനയാണ്. നബിﷺ അലി ؓ വിനോട് അപ്രകാരം കൽപിക്കുകയും ചെയ്തിട്ടുണ്ട്. ഭരണം നബിﷺയുടെ കയ്യിലെത്തി രാജ്യം പൂർണമായി ഇസ്‌ലാമിക രാഷ്ട്രമായ സന്ദർഭത്തിലാണ് അലിؓയോട് ഇപ്രകാരം കൽപിച്ചത്. ക്വുർആനും പ്രവാചക ചര്യയും അനുസരിച്ച് ഭരണം നടത്തുന്ന ഒരു രാജ്യത്ത്, ഇസ്‌ലാം സഗൗരവം എതിർക്കുന്ന ക്വബ്ർ ആരാധനയുടെ അവശിഷ്ടങ്ങൾ പൊളിച്ച് നീക്കൽ തികച്ചും സ്വാഭാവികമാണ്. ആദ്യം മനസ്സിൽ നിന്ന് ഇത്തരം വികലവിശ്വാസങ്ങൾ കുടിയൊഴിപ്പിച്ച ശേഷമായിരുന്നു നബിﷺ ഇപ്രകാരം കൽപിച്ചത്.

ഇന്ത്യ ഒരു ഇസ്‌ലാമിക രാജ്യമല്ല. മതേതരത്വമാണ് ഇന്ത്യയുടെ ഭരണഘടന ഉദ്ഘോഷിക്കുന്നത്. ഇവിടെ എല്ലാവർക്കും അവരുടെ വിശ്വാസങ്ങൾ വെച്ച്പുലർത്തുവാനും മാന്യമായ നിലയിൽ അത് പ്രബോധനം ചെയ്യുവാനും പരസ്പരം ആശയ സംവാദങ്ങളിലേർപെടുവാനും സ്വാതന്ത്ര്യമുണ്ട്. മദീനയിൽ ജൂതന്മാർക്ക് അവരുടെ വിശ്വാസമനുസരിച്ച് ജീവിക്കുവാൻ പ്രവാചകൻ അനുവാദം നൽകിയതിൽ നിന്ന് ഇസ്‌ലാമിക രാജ്യത്തുള്ള അവിശ്വാസികൾക്ക് വിശ്വാസ, അനുഷ്ഠാന സ്വാതന്ത്ര്യം ഇസ്‌ലാം വകവെച്ച് നൽകുന്നുവെന്ന് മനസ്സിലാക്കാം.

മുജാഹിദുകൾ മക്വാമുകൾ പൊളിച്ചു കൊണ്ടല്ല ഇത്രയും കാലം അതിനെ എതിർത്തിട്ടുള്ളത്. മനസ്സുകളിൽ നിന്ന് മക്വാമുകൾ പൊളിച്ച് കളയാനുള്ള ബോധവത്കരണമാണ് നടത്തിയിട്ടുള്ളത്; നടത്തിക്കൊണ്ടിരിക്കുന്നതും അതാണ്.

ഇസ്‌ലാമിക രാജ്യത്ത് ഭരണാധികാരികൾ നടപ്പിലാക്കേണ്ട നിയമങ്ങൾ ധാരാളമുണ്ട്. കട്ടവന്റെ കൈ വെട്ടുക, വ്യഭിചരിച്ചവനെ ശിക്ഷിക്കുക, കൊന്നവനെ കൊല്ലുക... തുടങ്ങിയ ശിക്ഷാവിധികൾ ഇസ്‌ലാമിക രാജ്യത്ത് പോലും വ്യക്തികൾക്ക് നടപ്പാക്കുവാൻ അനുവാദമില്ല. നിയമം കയ്യിലെടുക്കുവാൻ ഒരു പൗരനും അവകാശമില്ല. പിന്നെയെങ്ങനെയാണ് ഇന്ത്യയെപ്പോലുള്ള ഒരു മതേതര രാജ്യത്ത് വ്യക്തികൾ അക്രമമാർഗം സ്വീകരിക്കുന്നത് അംഗീകരിക്കാ

**ഇന്ത്യ ഒരു ഇസ്‌ലാമിക രാജ്യമല്ല. മതേതരത്വമാണ് ഇന്ത്യയുടെ ഭരണഘടന ഉദ്ഘോഷിക്കുന്നത്. ഇവിടെ എല്ലാവർക്കും അവരുടെ വിശ്വാസങ്ങൾ വെച്ച്പുലർത്തുവാനും മാന്യമായ നിലയിൽ അത് പ്രബോധനം ചെയ്യുവാനും പരസ്പരം ആശയ സംവാദങ്ങളിലേർപെടുവാനും സ്വാതന്ത്ര്യമുണ്ട്. മദീനയിൽ ജൂതന്മാർക്ക് അവരുടെ വിശ്വാസമനുസരിച്ച് ജീവിക്കുവാൻ പ്രവാചകൻ അനുവാദം നൽകിയതിൽ നിന്ന് ഇസ്‌ലാമിക രാജ്യത്തുള്ള അവിശ്വാസികൾക്ക് വിശ്വാസ, അനുഷ്ഠാന സ്വാതന്ത്ര്യം ഇസ്‌ലാം വകവെച്ച് നൽകുന്നുവെന്ന് മനസ്സിലാക്കാം.**

നാവുക? ഇന്ത്യയിൽ ഏത് മതവിശ്വാസിക്കും അവരുടെ വിശ്വാസം കാത്ത് സൂക്ഷിച്ച് ജീവിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. മറ്റുള്ളവരുടെ ആരാധ്യരെയും ആരാധനാ കേന്ദ്രങ്ങളെയും നിന്ദിക്കുവാനും നശിപ്പിക്കുവാനും ഇസ്‌ലാം അനുവദിക്കുന്നില്ല. ആരോഗ്യകരമായ ആശയസംവാദമാണ് ഇസ്‌ലാം മുന്നോട്ടു വെക്കുന്നത്.

*നാടുകാണി ചുരത്തിലെ മക്വാം തകർത്ത പ്രതികൾ മുജാഹിദ് പ്രവർത്തകരാണെന്ന് സമസ്തയിലെ തീവ്ര ചിന്താഗതിയുള്ള ചിലർ ഓൺലൈനിലൂടെയും അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെയും പ്രചരിപ്പിക്കുന്നുണ്ടല്ലോ. എന്താണ് വസ്തുത?*

പിടിക്കപ്പെട്ട വ്യക്തികൾ മുജാഹിദുകളിലെ ഒരു വിഭാഗത്തിന്റെയും സംഘടനയിൽ അംഗങ്ങളല്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. എടക്കര ഏരിയയിലാണ് പ്രതികളുടെ താമസം. അവർക്ക് എടക്കരയിലെ ഒരു ശാഖയിലും അംഗത്വമില്ലെന്നും സംഘടനയുമായി അവർക്ക് യാതൊരു ബന്ധവുമില്ലന്നും മുജാഹിദ് പ്രബോധന വിഭാഗമായ വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷൻ എടക്കര മണ്ഡലം പ്രസിഡന്റ് പത്രത്തിൽ പ്രസ്താവന നടത്തിയിരുന്നത് ഓർക്കുക. തീവ്രതക്കെതിരെ സംസാരിച്ച കാരണത്താൽ വിസ്ഡം പണ്ഡിതന്മാർക്ക് വേണ്ടത്ര വിവരമില്ലെന്ന് ആക്ഷേപിക്കാറുള്ള വ്യക്തികൾ കൂടിയായിരുന്നു പ്രതികൾ എന്നത് ഇതിനോട് കൂട്ടിവായിക്കുക.

വെള്ളിയാഴ്ച മുജാഹിദ് പള്ളിയിലാണ് ജുമുഅക്ക് പോകാറുള്ളതെന്ന ഒരു പ്രതിയുടെ മൊഴിയാണ് പ്രസ്ഥാനവുമായി ബന്ധപ്പെടുത്താനുള്ള കാരണമെന്ന് മനസ്സിലാകുന്നു. കേരളത്തിലെ മുസ്‌ലിം നാമധാരികളായി പിടിക്കപ്പെടുന്ന കുറ്റവാളികളെല്ലാം ഏതെങ്കിലും ഒരു വിഭാഗത്തിന്റെ പള്ളിയിൽ ജുമുഅയിൽ പങ്കെടുക്കുന്നുണ്ടാകും. അതുകൊണ്ട് ആ കുറ്റത്തിന്റെ ഉത്തരവാദിത്തം പള്ളിക്കമ്മറ്റിയുടെയും അതിനെ പ്രതിനിധീകരിക്കുന്ന സംഘടനയുടെയും തലയിൽ കെട്ടിവെക്കാനാവുമോ? അമ്പലത്തിലും ചർച്ചിലും പങ്കെടുക്കുന്ന വ്യക്തികളുടെ തെറ്റിന്റെ ഉത്തരവാദിത്തം അവയുടെ നടത്തിപ്പുകാർക്കും ഏൽക്കാനാവില്ലല്ലോ. അതുപോലെ മാത്രമെ ഇതിനെയും കാണേണ്ടതുള്ളൂ. നാടുകാണി സംഭവത്തിൽ മുജാഹിദുകളെ അധിക്ഷേപിക്കാൻ ബോധപൂർവം ഇറങ്ങിത്തിരിച്ചവർ കേരളത്തിലുണ്ടായ അക്രമം, കൊല, ലഹരി, വ്യഭിചാരം, സ്ത്രീപീഡനം, സ്വവർഗരതി, സാമ്പത്തിക തട്ടിപ്പ്, ആത്മീയ ചൂഷണങ്ങൾ... തുടങ്ങിയ കേസുകളിൽ ശിക്ഷിക്കപ്പെട്ടവരുടെയൊക്കെ ജാതിയും മതവും രാഷ്ട്രീയവും സംഘടനാ നിറവും ചികഞ്ഞ് നോക്കി കുറ്റം ചാർത്താൻ തയ്യാറായാൽ എന്തായിരിക്കും അവസ്ഥ? മുജാഹിദ് സംഘടനയിൽ അംഗം പോലുമല്ലാത്ത വ്യക്തി ചെയ്ത അക്രമത്തെ സംഘടനയുടെ തലയിൽ കെട്ടിവെക്കുന്നതിൽ എന്ത് ന്യായമാണുള്ളത്?

*മക്വാമുകൾ അനിസ്‌ലാമികമാണെന്ന് ശക്തമായി പ്രബോധനം നടത്തുന്നവർ മുജാഹിദുകളായതിനാൽ, അത് അക്രമിക്കപ്പെടുമ്പോൾ മുജാഹിദുകൾ സംശയിക്കപ്പെടുക സ്വാഭാവികമല്ലേ?*

ഒരു തെറ്റിനെ ആശയപരമായി എതിർക്കുന്നു എന്നതുകൊണ്ട് അത്തരം കേന്ദ്രങ്ങൾ തകർക്കപ്പെടുന്നതിന്റെ ഉത്തരവാദിത്തം എതിർക്കുന്നവരുടെ തലയിൽ ചാർത്തുന്നത് ന്യായമാണോ? അങ്ങനെയെങ്കിൽ മദ്യം, വ്യഭിചാരം, പലിശ, ചൂതാട്ടം തുടങ്ങിയവയെല്ലാം ഇസ്‌ലാമിൽ വിലക്കപ്പെട്ടതാണ്. മുസ്‌ലിം സംഘടനകളെല്ലാം അതിനെതിരെ ബോധവത്കരണം നടത്തുന്നുമുണ്ട്. അതിനാൽ അതിൽ വല്ലതിന്റെയും കേന്ദ്രം അക്രമിക്കപ്പെട്ടാൽ ഇവിടെയുള്ള എല്ലാ മുസ്‌ലിം സംഘടനകളും അതിന്റെ ഉത്തരവാദിത്തം വഹിക്കേണ്ടിവരുമോ? നിയമം കയ്യിലെടുക്കുന്നവൻ ആരായാലും സാമൂഹ്യദ്രോഹിയാണ്. സംഘടനകളുടെ നയവും നിലപാടുകളും അക്രമത്തിന് അനുകൂലമാണോ എന്നതുകൂടി പരിശോധിക്കേണ്ടതുണ്ട്.

*ഐ.എസ് പോലുള്ള ഭീകര സംഘടനകൾ മക്വാം പൊളിക്കുവാൻ ആഹ്വാനം ചെയ്യുന്നവരാണന്നും അതിനാൽ അതേ ആശയം പുലർത്തുന്ന കേരളത്തിലെ മുജാഹിദുകൾ ഐ.എസിന്റെ പതിപ്പാണെന്നും പ്രചരണമുണ്ടല്ലോ?*

ഐ.എസ് ആഹ്വാനം ചെയ്യുന്നതു പോലെ കേരളത്തിലെ മുജാഹിദുകൾ എവിടെയാണ് ആഹ്വാനം ചെയ്തത്? എവിടെയാണ് മക്ബറ തകർത്തത്? ഐ.എസ് ദുർവ്യാഖ്യാനിക്കുന്ന പ്രമാണങ്ങൾക്ക് വസ്തുനിഷ്ഠമായി കേരളത്തിൽ 'ഐ.എസ് മതവിരുദ്ധം; മാനവ നിഷിദ്ധം' എന്ന ടൈറ്റിലിൽ ആദ്യമായി പ്രോഗ്രാം സംഘടിപ്പിച്ചത് വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷനാണ്. പിന്നീട് മറ്റു മുജാഹിദ് സംഘടനകളും രംഗത്തുവന്നു. ലോകത്ത് അറിയപ്പെടുന്ന സലഫി പണ്ഡിതന്മാരെല്ലാം ഐ.എസിനെ തള്ളിപ്പറയുകയും ചെയ്തിട്ടുണ്ട്.

ഐ.എസ് സാമ്രാജ്യത്വത്തിന്റെ ചട്ടുകമാണ്. മുസ്‌ലിംകളാണ് അവരുടെ ഒന്നാമത്തെ ശത്രു. കഅ്ബയാണ് അവരുടെ പ്രധാന ഉന്നം. ഐ.എസിന്റെ ആദർശ പാപ്പരത്തം പ്രാമാണികമായി തുറന്ന് കാണിക്കുന്നത് സലഫികളായതുകൊണ്ടാണ് ഐ.എസ് ലേബൽ സലഫികൾക്ക് മേൽ പതിപ്പിക്കുവാൻ തൽപരകക്ഷികൾ ശ്രമിക്കുന്നത്. ഐ.എസ് നിരപരാധികളുടെ തലയറുക്കുമ്പോൾ ഉരുവിടുന്നത് അല്ലാഹു അക്ബർ, ലാ ഇലാഹ ഇല്ലല്ലാഹ് എന്നീ പദങ്ങളാണ്. അതിന്റെ പേരിൽ കേരളത്തിലെ മുസ്‌ലിംകൾ മേൽപദങ്ങൾ ഉപയോഗിക്കുവാൻ പാടില്ലെന്നുണ്ടോ?

*ഇത്രയും ബാലിശമായ ആരോപണങ്ങൾ യാഥാസ്ഥിതിക വിഭാഗം മുജാഹിദുകൾക്ക് നേരെ ഉന്നയിക്കുവാൻ എന്താണ് കാരണം?*

മക്വാമുകൾ സന്ദർശിക്കുന്ന സാധാരണക്കാരെ മുജാഹിദുകളുടെ ബോധവത്കരണം നന്നായി സ്വാധീനിക്കുന്നുണ്ട്. ക്വബ്ർ കെട്ടിപ്പൊക്കുന്നതിനും ആത്മീയ ചൂഷണത്തിനും എതിരിൽ മുജാഹിദുകൾ ഉയർത്തുന്ന തെളിവുകളെ പ്രാമാണികമായി ഖണ്ഡിക്കുവാൻ ഇവർക്ക് സാധ്യമല്ല. ബോധവത്കരണം മുന്നോട്ട് പോയാൽ അവർക്ക് വരുമാനത്തിൽ മാന്ദ്യമുണ്ടാകും. അതുകൊണ്ട് ഇത്തരം ദുരാരോപണങ്ങൾ ഉന്നയിച്ച് മുജാഹിദുകളെ മൗനികളാക്കാൻ കഴിയുമോയെന്നാണ് അവർ ചിന്തിക്കുന്നത്. തീവ്രവാദ ആരോപണം ഉയർത്തിക്കൊണ്ട് വന്ന് യഥാർഥ വിഷയത്തിൽ നിന്ന് ഒളിച്ചോടാമെന്നാണ് അവർ വ്യാമോഹിക്കുന്നത്. ●

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com



ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ
mail@nerpatham.com എന്ന ഇ.മെയിലിലോ
9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ
നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

# ഉമ്മയുമായുള്ള ബന്ധം

*ചോദ്യം: ഞാൻ ഇസ്‌ലാമിനെക്കുറിച്ച് കഴിയുന്നപോലെ പഠിച്ച് അതനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുന്ന വ്യക്തിയാണ്. എന്നാൽ എന്റെ മാതാവ് അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പുലർത്തിപ്പോരുന്ന ഒരു വ്യക്തിയാണ്. ഇത് ഞങ്ങൾ തമ്മിലുള്ള ബന്ധത്തെ പ്രയാസപ്പെടുത്തുന്നു. ഉമ്മ അവരുടെ വിശ്വാസത്തിലേക്ക് എന്നെ നിർബന്ധിക്കുമ്പോൾ എനിക്ക് പ്രതികരിക്കേണ്ടി വരുന്നു. ഞാനെന്തു ചെയ്യും?*

ഉത്തരം: ഉമ്മ തന്റെ വിശ്വാസം പൂർണമായും ശരിയാണെന്നും അതിനെതിരായുള്ളത് വഴികേടാണെന്നും ആത്മാർഥമായി വിശ്വസിക്കുന്നു. അപ്പോൾ തന്റെ മകൻ വഴിപിഴച്ച് പോയതിലുള്ള വിഷമം കൊണ്ടായിരിക്കാം അവർ നിരന്തരം താങ്കളെ വിമർശിച്ചുകൊണ്ടിരിക്കുന്നത്. ഉമ്മയുടെ നിർബന്ധിക്കൽ താങ്കൾക്കൊരിക്കലും അംഗീകരിക്കാനാവില്ല. കാരണം അത് അല്ലാഹുവിന്നും അവന്റെ പ്രവാചകന്നും എതിരായിരിക്കും, ചിലപ്പോൾ ശിർക്കായ കാര്യങ്ങളുമാവാം. അതനുസരിക്കാൻ നമുക്ക് ബാധ്യതയും ഇല്ലല്ലോ.

“നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്ന പക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ലനിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്” (ക്വുർആൻ 31:15).

താങ്കൾക്ക് പ്രതികരിക്കുകയുമാവാം. പക്ഷേ, പ്രതികരണങ്ങൾ എങ്ങനെ ആയിരിക്കണമെന്നത് വളരെ പ്രധാനമാണ്. താങ്കൾ വിശ്വസിക്കുന്നത് മാത്രമാണ് ശരി എന്നത് താങ്കൾക്ക് അറിയുന്ന കാര്യമാണ്. അത് മാതാവിന് മനസ്സിലാകുമ്പോൾ മാത്രമെ അവർക്ക് താങ്കളെ ഉൾക്കൊള്ളുവാൻ കഴിയൂ.

അതിനുള്ള യുക്തിപരമായ വഴികൾ കണ്ടു പിടിക്കണം. ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ:

1. ഉമ്മയോട് വൈകാരികമായി പ്രതികരിക്കുമ്പോൾ താങ്കളുടെ ദീനിലുള്ള ആത്മാർഥത തന്നെ സംശയിക്കപ്പെടും. ഒരു പക്ഷേ, ഉമ്മ തന്നെ ചോദിക്കും ‘നീ വലിയ ദീനിന്റെ ആളാണെങ്കിൽ നിന്റെ ഉമ്മയായ എന്നോട് ഇങ്ങനെ ദേഷ്യപ്പെടാൻ പാടുണ്ടോ?’ എന്ന്.

2. കാര്യങ്ങൾ ശരിയായി ബോധ്യപ്പെട്ടപ്പോഴാണല്ലോ താങ്കൾ ആശയപരമായി മാറിയത്. ഉമ്മയും ബോധ്യപ്പെടുമ്പോൾ മാറും. അത് വരെ അവധാനതയോടെ കാത്തിരിക്കുക.

3. ആർക്കും ഹിദായത്ത് നൽകൽ നമ്മുടെ കഴിവിൽ പെട്ടതല്ല. നമുക്ക് ഒരു കാരണമാവാനേ കഴിയൂ. പിതൃവ്യനായ അബൂത്വാലിബിന്റെ കാര്യത്തിൽ നബിﷺയെ അല്ലാഹു ഈ കാര്യം ഉണർത്തിയിട്ടുണ്ട്.


“തീർച്ചയായും നിനക്ക് ഇഷ്ടപ്പെട്ടവരെ നിനക്ക് നേർവഴിയിലാക്കാനാവില്ല. പക്ഷേ, അല്ലാഹു താൻ ഉദ്ദേശിക്കുന്നവരെ നേർവഴിയിലാക്കുന്നു. സൻമാർഗം പ്രാപിക്കുന്നവരെപ്പറ്റി അവൻ (അല്ലാഹു) നല്ലവണ്ണം അറിയുന്നവനാകുന്നു” (ക്വുർആൻ 28:56).

4. ഉമ്മ പറയുന്നത് ശ്രദ്ധിച്ച് കേൾക്കുന്നത് തന്നെ ഉമ്മയിലേക്കെത്താനുള്ള വഴിയാണ്.

5. ഉമ്മ പറയുന്നതിൽ ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ താൽപര്യത്തോടെയും ആത്മാർഥതയോടെയും ചെയ്യുക.

6. നിർബന്ധിക്കാത്ത വിധത്തിൽ മതപരമായ കാര്യങ്ങൾ കേൾക്കാനും പഠിക്കാനും അവസരങ്ങൾ ഉണ്ടാക്കുക.

7. നേർമാർഗത്തിന്നു വേണ്ടി ആത്മാർഥമായി പ്രാർഥിക്കുക.




ലേഖനം

ഫദ്‌ലുൽ ഹഖ് ഉമരി
kmfumari@gmail.com

# സ്രഷ്ടാവിൽ ഭരമേൽപിക്കുക

മതം അനുവദിച്ചതായ കാരണങ്ങൾ ചെയ്യുകയും ഒപ്പം കാര്യങ്ങൾ അല്ലാഹുവിൽ ഏൽപിക്കുകയും ചെയ്യുന്നതിനാണ് തവക്കുൽ (ഭരമേൽപിക്കൽ) എന്ന് പറയുന്നത്. രണ്ടു പടയങ്കി ധരിച്ചു കൊണ്ടാണ് നബിﷺ ഉഹ്ദിലേക്കിങ്ങിയത്. 'എനിക്ക് എന്റെ റബ്ബ് മതി; ഭരമേൽപിക്കാൻ അവൻ എത്രയോ നല്ലതാണ്' എന്നത് തവക്കുലിന്റെ ഒരു വചനമാണ്.

ലോകത്തുള്ള എല്ലാ കാര്യങ്ങളും നടക്കുന്നത് അല്ലാഹുവിന്റെ കൽപനപ്രകാരവും കണക്ക് (ക്വദ്ർ) അനുസരിച്ചുമാണ്. അവൻ ഉദ്ദേശിച്ചത് ഉണ്ടാകും. അല്ലാത്തത് ഇല്ല. ആകാശ ഭൂമികളിൽ അവനെ പരാജയപ്പെടുത്തുന്ന ഒന്നും തന്നെയില്ല.

**തവക്കുലിന്റെ ഇനങ്ങൾ**

1. അല്ലാഹുവിന്ന് മാത്രം കഴിയുന്ന കാര്യങ്ങളിലുള്ള തവക്കുൽ. ഇത് മരിച്ചവരിൽ ഏൽപിച്ചാൽ (ഗുണം ലഭിക്കാനും ദോഷം തടയാനും) ശിർക്കാണ്. ഉദാഹരണമായി ഒരു സ്വൂഫി ശൈഖ് തന്റെ മുരീദിനെ ഒരു വഴിക്ക് പറഞ്ഞയക്കുമ്പോൾ അവനോട് പറയുന്നു: 'യാത്രയിൽ നിനക്ക് വല്ല പ്രയാസവും ബാധിച്ചാൽ എന്നെ ഓർത്താൽ മതി.'

2. ജീവനുള്ള, ഹാജറുള്ള ആളുകളിൽ മാത്രം (ഭൗതിക ഘടകങ്ങളിൽ) ഏൽപിക്കൽ. ഇതും പാടില്ലാത്തതാണ്. ഉദാഹരണമായി: ഒരു കച്ചവടക്കാരൻ തന്റെ വിജയത്തിന്റെ അടിസ്ഥാനം തന്റെ സിദ്ധിയും യുക്തിയും കഴിവും മാത്രമായി കാണുന്നു. പരീക്ഷയെഴുതുന്ന വിദ്യാർഥി തന്റെ മനഃപാഠ ശക്തിയിൽ മാത്രം അവലംബമർപിക്കുന്നു.

3. അടിസ്ഥാനപരമായി എല്ലാം അല്ലാഹുവിൽ ഏൽപിക്കുകയും ഭൗതികമായി നാം നിർവഹിക്കേണ്ടുന്ന കാര്യങ്ങളുമായി (കാരണങ്ങളുമായി) ബന്ധപ്പെടുകയും ചെയ്യുക.

ഉദാഹരണം: കച്ചവടക്കാരൻ തന്റെ ബുദ്ധിയും യുക്തിയും കഴിവും ഉപയോഗിക്കണം; അതോടൊപ്പം അല്ലാഹുവിൽ ഭരമേൽപിക്കുകയും വേണം. വിദ്യാർഥി നന്നായി പഠിക്കണം, മനഃപാഠമാക്കണം; അല്ലാഹുവിൽ ഭരമേൽപിക്കുകയും വേണം.

തവക്കുൽ ഒരു ആരാധനയാണ്. അതിനാൽ തന്നെ ഒരു വ്യക്തിയോടും 'ഞാൻ നിന്നിൽ ഭരമേൽപിച്ചിരിക്കുന്നു' എന്ന് പറയാൻ പാടില്ല. കാരണം തവക്കുലിൽ സൃഷ്ടിക്ക് ഒരുപങ്കും ഇല്ല. ഈ നിലയ്ക്ക് കാര്യങ്ങൾ ഏറ്റെടുക്കുവാൻ മനുഷ്യന് കഴിയുകയുമില്ല.

ഏതൊരു കാര്യവും അല്ലാഹുവിൽ ഏൽപിച്ചാൽ അത് ഇഹപര വിജയത്തിന്റെ അടിസ്ഥാനമാണ്. അതുകൊണ്ട് തന്നെ ഐക്കല്ല്, ഏലസ്സ്, ഉറുക്ക്, മാരണക്കാർ തുടങ്ങിയവയിലൊന്നും കാര്യങ്ങൾ ഏൽപിക്കാൻ പാടില്ല. ഇഹലോകവും പരലോകവും അതിലൂടെ നഷ്ടപ്പെടും. ഐക്കല്ലും ഏലസ്സും ഒക്കെയാണ് ദുരിതങ്ങളെ അകറ്റുന്നതെന്ന് വിശ്വസിച്ചാൽ ആ വിശ്വാസം വലിയ ശിർക്കിൽ പെട്ടതാണ്. ഐക്കല്ലുകൾ കാരണങ്ങളും അല്ലാഹു മുസബ്ബിബുമാണെന്ന് (കാരണം നിശ്ചയിച്ചവർ) വിശ്വസിച്ചാൽ അത് ചെറിയ ശിർക്കുമാണ്.

രോഗം വരുന്നതിന് മുമ്പ് ഐക്കല്ലും ഏലസ്സും കെട്ടൽ രോഗം വന്നതിനു ശേഷം കെട്ടുന്നതിനെക്കാൾ ഗൗരവമുള്ളതാണ്. കാരണം, അല്ലാഹുവിന്റെ തീരുമാനങ്ങളെ മറികടക്കാൻ ഉപാധികൾ കണ്ടെത്തുകയാണിത്. ഐക്കല്ല്, ഏലസ്സ് തുടങ്ങിയവയുടെ രൂപത്തിലുള്ള ആഭരണങ്ങൾ ചിലർ ധ

രിക്കാറുണ്ട് ഭംഗിക്ക് വേണ്ടിയാണിത് ചെയ്യുന്നത്. ചിലർ കൈകളിൽ ഈതിക്കെട്ടുന്ന നൂലിനോട് സാദൃശ്യമുള്ള റിംഗുകൾ ധരിക്കാറുണ്ട്; ഹറാമിന്റെ പരിധിയിലാണിതുവരുക. കാരണം ശിർക്കിന്റെ ആളുകളോടും ശിർക്കിന്റെ അടയാളങ്ങളോടും സാദൃശ്യപ്പെടലാണിത്.

അല്ലാഹുവോ റസൂലോ പഠിപ്പിക്കാത്ത ദിക്റുകൾ ഉൾക്കൊള്ളിച്ച ചില പുസ്തകങ്ങൾ മാർക്കറ്റിൽ ലഭ്യമാണ്. ആ പുസ്തകങ്ങൾ കൈയിൽ പിടിച്ച് നടന്നാൽ രോഗങ്ങൾ മാറുമെന്നും മുസ്വീബത്തുകൾ തടയപ്പെടുമെന്നും പ്രചരിപ്പിക്കുകയും ചെയ്യുന്നു! ഒരു അടിസ്ഥാനവുമില്ലാത്തതും ശുദ്ധമായ കളവുമാണിത്. ഇത്തരം കൃതികളിൽ അല്ലാഹുവല്ലാത്തവരോടുള്ള പ്രർഥനകളും ജിന്നു പിശാചുക്കളുടെ നാമങ്ങളും ചില കളങ്ങളും വരകളുമൊക്കെ കാണാറുണ്ട്. ഇതാകട്ടെ ശിർക്കുമാണ്.

രാവിലെയും വൈകുന്നേരവുമായി നബിﷺ ചൊല്ലാൻ പഠിപ്പിച്ചിട്ടുള്ള ദിക്റുകളും പ്രാർഥനകളും പതിവാക്കലാണ് എല്ലാവിധ പൈശാചിക ബാധകളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗം. അല്ലാഹു പറയുന്നു:

“വിശ്വസിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവരാരോ അവരുടെ മേൽ അവന്ന് (പിശാചിന്) യാതൊരു അധികാരവുമില്ല; തീർച്ച” (16:99).

ക്വുർആൻ വചനങ്ങൾ എഴുതിയവയും പലകാരണങ്ങളാൽ ശരീരത്തിൽ കെട്ടൽ അനുവദനീയമല്ല.

1. ശിർക്കിലേക്കുള്ള വഴിയെ തടയാൻ.

2. മലമൂത്ര വിസർജന സ്ഥലങ്ങളിലേക്ക് അവയും ധരിച്ചുകൊണ്ടാണ് പോകുന്നത്.

ക്വുർആൻ വചനങ്ങൾ പിഞ്ഞാണത്തിൽ എഴുതി അത് കുടിക്കുന്ന ഏർപാട് ചിലരിലുണ്ട്. ഇതും അനുവദനീയമല്ല. അല്ലാഹുവിന്റെ വചനത്തെ നിന്ദിക്കലാണിത്. (ഇബ്നു ഉസൈമീൻ. ഫതാവൽ അക്വീദ, പേജ്:596).

തവക്കുലിന് എതിരായ ഒരു കാര്യമാണ് ശകുനം നിശ്ചയിക്കുന്നത്. പക്ഷികൾ, നിറങ്ങൾ, വ്യക്തികൾ, നമ്പറുകൾ മാസങ്ങൾ തുടങ്ങിയ പലതും ജനങ്ങൾ ശകുനമായി കാണുന്നു. ഒറ്റമൈന, ചുമരിലെ ചിലയ്ക്കുന്ന പല്ലി, 13-ാം നമ്പർ തുടങ്ങിയവ ദുശ്ശകുനമായി ജനങ്ങൾ കാണുന്നവയ്ക്കുദാഹരണങ്ങളാണ്. കൂമൻ മൂളുന്നതും കാക്ക കുറുകുന്നതും മരണത്തിന്റെയും വിപത്തിന്റെയും അടയാളമായി കാണുന്നവരുണ്ട്. ഇതെല്ലാം പൊള്ളയായ വിശ്വാസങ്ങളാണ്. പക്ഷികൾ അല്ലാഹുവിന്റെ സൃഷ്ടികളാണ്. അല്ലാഹുവിന്റെ ക്വദ്റിൽ (വിധിയിൽ) മാറ്റം വരുത്തുവാൻ ഒരു ശബ്ദത്തിനും സാധ്യമല്ല. ഈസാ നബി(അ)യെ കുരിശിലേറ്റിയവർ 13 പേരാണെന്നതാണത്രെ 13ാം നമ്പറിനെ ശകുനമായി കാണാനുള്ള കാരണം! (ഈസാ നബിയെ ആരും കുരിശിലേറ്റിയിട്ടില്ല എന്നത് മറ്റൊരു വസ്തുത).

“പറയുക: അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല. അവനാണ് ഞങ്ങളുടെ യജമാനൻ. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപിക്കേണ്ടത്” (ക്വുർആൻ 9:51).

മുഹർറ മാസത്തിലെ ആദ്യത്തെ 10 ദിവസങ്ങളും മറ്റു മാസങ്ങളിലെ ചില ദിവസങ്ങളും ശകുനമായി ഇത്തരം ആളുകൾ കാണുന്നു. ഇത്തരം അന്ധവിശ്വാസങ്ങളിൽനിന്നെല്ലാം ഒരു സത്യവിശ്വാസി മുക്തനാകേണ്ടതുണ്ട്. എല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന അല്ലാഹുവിൽ മാത്രം ഭരമേൽപിക്കുകയും അവനെ മാത്രം ഭയപ്പെടുകയും ചെയ്യുക. മുഹർറം മാസത്തിൽ വിവാഹം നടന്നാൽ ജനിക്കുന്ന സന്താനങ്ങൾ ജീവിതത്തിൽ ദോഷമായി ഭവിക്കും എന്ന് വിശ്വസിക്കുന്നവരുമുണ്ട്. എല്ലാ കാര്യങ്ങളുടെയും നിയന്ത്രണം ഏറ്റെടുത്തിട്ടുള്ള അല്ലാഹുവിൽ ഭരമേൽപിച്ച് ഉപരി സൂചിത അന്ധവിശ്വാസങ്ങളിൽ നിന്നെല്ലാം പിന്മാറുകയാണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത്.

സമാധാനചിത്തനായി ഒരു വിശ്വാസി കഴിയണമെന്നാണ് ഇസ്‌ലാം ഉദ്ദേശിക്കുന്നത്. അതിന് അവൻ അല്ലാഹുവിൽ മാത്രം ഭരമേൽപിക്കുന്നവനായിരിക്കണം. യാത്ര, കച്ചവടം, വിവാഹം, ജോലി തുടങ്ങിയ കാര്യങ്ങൾ ചെയ്യാൻ തുടങ്ങുമ്പോൾ രണ്ടു റക്അത്ത് നമസ്കരിച്ച്, ഇസ്തിഖാറയുടെ (ഉചിതമായ തീരുമാനമെടുക്കുവാനുള്ള) പ്രാർഥന നിർവഹിച്ച് അല്ലാഹുവിൽ തവക്കുൽ ചെയ്ത് കർമം നിർവഹിച്ചു തുടങ്ങുകയാണ് ഒരു സത്യവിശ്വാസി ചെയ്യേണ്ടത്. തീർച്ചയായും അവന്റെ മനസ്സ് വിശാലമാവുകയും ആശ്വാസവും സമാധാനവും ലഭിക്കുകയും ചെയ്യും. എല്ലാ ചലനങ്ങളെയും എല്ലാ ശബ്ദങ്ങളെയും ദുഃശകുനമായിക്കണ്ട് പേടിച്ച് നടക്കുന്നവന് ഒരിക്കലും നിർഭയത്വവും സമാധാനവും ഉണ്ടാവുകയില്ല.

ഇസ്തിഖാറയുടെ പ്രാർഥനക്ക് ശേഷം ആഹ്ലാദകരമായ കാര്യം അനുഭവപ്പെട്ടാൽ റബ്ബിനെ സ്തുതിക്കുക. അനിഷ്ടകരമായതാണ് സംഭവിച്ചതെങ്കിൽ അല്ലാഹു രേഖപ്പെടുത്തിയതിൽ തൃപ്തിയടയുകയും ക്ഷമിക്കുകയും അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുക.

“അല്ലാഹു ഞങ്ങളെ ഞങ്ങളുടെ വഴികളിൽ ചേർത്ത് തന്നിരിക്കെ അവന്റെ മേൽ ഭരമേൽപിക്കാതിരിക്കാൻ ഞങ്ങൾക്കെന്തു ന്യായമാണുള്ളത്? നിങ്ങൾ ഞങ്ങളെ ദ്രോഹിച്ചതിനെപ്പറ്റി ഞങ്ങൾ ക്ഷമിക്കുക തന്നെ ചെയ്യും. അല്ലാഹുവിന്റെ മേലാണ് ഭരമേൽപിക്കുന്നവരെല്ലാം ഭരമേൽപിക്കേണ്ടത്” (ക്വുർആൻ 14:12). ●

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# നൗഷാദ് എന്ന നൊമ്പരം

**കൊ**ല്ലം ജില്ലയിലെ കരുനാഗപ്പള്ളി വേങ്ങ സ്വദേശി നൗഷാദിന്റെ ദാരുണ മരണം മനസ്സിൽ നിലയ്ക്കാത്ത നൊമ്പരം നിറയ്ക്കുന്നു. തമിഴ്‌നാട്ടിലെ തക്കല ഗ്രാമത്തിൽ സുഹൃത്ത് കുമാറിന്റെ വീട്ടിൽ അതിഥിയായി താമസിക്കുന്ന ഇദ്ദേഹം അതിദാരുണമായി കൊല്ലപ്പെടുകയായിരുന്നു.

മയക്കുമരുന്നിനടിമപ്പെട്ട് ജീവിതം താളം തെറ്റിയ കുമാറിന്റെ മകൻ സന്തോഷാണ് വധത്തിനു പുറകിൽ. ചിദംബരം മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് വിദ്യാർഥിയായ സന്തോഷിന്റെ ട്യൂഷൻ ഫീ അടക്കാൻ ആറുലക്ഷം രൂപയുമായി എത്തിയതായിരുന്നു നൗഷാദ് തലേദിവസം.

സജീവ വിസ്ഡം പ്രവർത്തകനായ നൗഷാദിന്റെ മരണവാർത്ത അറിഞ്ഞയുടൻ മനസ്സിന്റെ അറകളിൽനിന്ന് രണ്ടുവർഷം മുമ്പ് നടന്ന മറ്റൊരു നൗഷാദിന്റെ മരണവും തികട്ടിവന്നു. കോഴിക്കോട് നഗരത്തിൽ അഴുക്കുചാൽ വൃത്തിയാക്കുന്നതിനിടയിൽ മരണത്തോട് മല്ലടിക്കുകയായിരുന്ന ഭാസ്കർ റാവു, നരസിംഹൻ എന്നീ രണ്ട് അന്യസംസ്ഥാന തൊഴിലാളികളെ രക്ഷിക്കുവാൻ ശ്രമിക്കുന്നതിനിടയിൽ ബോധരഹിതനായി അഴുക്കുചാലിൽ വീണ് ജീവൻ വെടിഞ്ഞ ഓട്ടോ ഡ്രൈവർ നൗഷാദിനെ നാം മലയാളികൾ മറന്നിട്ടില്ല.

ഏകദേശം ഇതേ സമയത്തുതന്നെയാണ് കടലുണ്ടി റെയിൽ പാളത്തിലൂടെ തീവണ്ടി വരുന്നതറിയാതെ നടന്നുപോകുകയായിരുന്ന ബധിരനായ രാമൻ എന്ന നാട്ടുകാരനെ രക്ഷപ്പെടുത്തുന്നതിനിടയിൽ അബ്ദുറഹ്മാൻ എന്നയാൾ വണ്ടിതട്ടി മരണപ്പെട്ടത്.

ജാതി-മത ഭേദങ്ങൾക്കതീതമായി, നമ്മുടെ നാട്ടിൽ ഇത്തരം ധീരകഥകൾക്ക് യാതൊരു പഞ്ഞവുമില്ലെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഈ വിഷയത്തെ സമീപിക്കുന്നത്. മനസ്സിലും മസ്തിഷ്കത്തിലും ഇസ്‌ലാമോഫോബിയ ഇരിപ്പുറപ്പിച്ചതിനുശേഷം മലയാളികളുടെ പൊതുബോധത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സാരമായ ചില രാസപരിണാമങ്ങളുടെ പശ്ചാത്തലത്തിലാണ് ഈ വിഷയം വിലയിരുത്തുന്നത്.

മുസ്‌ലിംകളൊക്കെ മനസ്സിൽ മാരകവിഷം പേറി നടക്കുകയാണെന്നും അറിഞ്ഞും അന്വേഷിച്ചും പലരും പല മതങ്ങളിലും ദർശനങ്ങളിലും എത്തിപ്പെടുന്നതു പോലെ ആരെങ്കിലും ഇസ്‌ലാം മതം സ്വീകിച്ചാൽ ഉടനടി ഐസിസിൽ ചേർന്ന് ചാവേറായി കളയുമെന്നുമാക്കെ ഉലക്കമുക്കി എഴുതുന്നവർ ജീവിക്കുന്ന കാലത്ത് നാം രണ്ട് കണ്ണും തുറന്ന് കാണേണ്ട കാര്യങ്ങളാണ് ചുറ്റുപാടും നടക്കുന്നത്.

ഒരു മുസ്‌ലിം മനുഷ്യനെ വെറുക്കേണ്ടവനല്ലെന്നും മതിലുകളില്ലാതെ മനസ്സുകൾ തമ്മിലടുക്കാൻ ഹേതുവായി വർത്തിക്കേണ്ടവനാണെന്നുമുള്ള തത്ത്വം പ്രവാചകൻﷺ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. തന്റെ ആദർശത്തിലും വിശ്വാസത്തിലും അടിയുറച്ചു നിൽക്കുമ്പോൾ തന്നെ മറ്റുള്ളവരോട് സാമൂഹികവും സാമ്പത്തികവും സൃഷ്ടിസഹജവുമായ ഇടപെടലുകളും ഇടപാടുകളും ആകാമെന്ന ഇസ്‌ലാമികാധ്യാപനം പ്രയോഗവത്കരിച്ചവരുടെ കൂട്ടത്തിലാണ് ഈ മൂന്നു പേരെയും എണ്ണുവാൻ ഞാൻ ആഗ്രഹിക്കുന്നത്.

വർഗീയതയുടെ വിഷക്കറ പുരളാത്ത പച്ചമനുഷ്യരാണ് പണ്ടുമുതൽ നമ്മുടെ നാട്ടിലുണ്ടായിരുന്നത് എന്ന് യശശ്ശരീരനായ മഹാകവി ഇടശ്ശേരി ഗോവിന്ദൻ നായർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. നിറംകെട്ടുപോയ പഴയ നാലുകെട്ടിന്റെ ഇരുട്ടറകളിൽ ദാരിദ്ര്യം കൊണ്ട് വിശപ്പടക്കിയിരുന്ന ബാല്യകാലത്ത് തനിക്ക് പലഹാരം നൽകിയിരുന്ന മുസ്‌ലിം ബാലന്റെ കഥ വേദനയോടെ അയവിറക്കുന്നതിനിടയിൽ അദ്ദേഹം മനോഹരമായി അക്കാര്യം കോറിയിടുന്നുണ്ട്.

പ്രബോധന പ്രവർത്തനങ്ങളുടെ മുന്നിൽനിന്ന് ഓടിനടക്കുമ്പോൾ തന്നെ അന്യമതസ്ഥനായ സുഹൃത്തിന്റെ നീറുന്ന നോവിന് പരിഹാരം കണ്ടെത്തുന്ന വഴിയിൽ ജീവൻ നഷ്ടപ്പെട്ട നൗഷാദ് ഒരു നൊമ്പരമായല്ല മനസ്സിൽ നനവൂറുന്ന ഒരുപിടി ഓർമപ്പെടുത്തലായാണ് നമ്മിൽ അവശേഷിക്കുക.

ജില്ലാവരണാധികാരിക്ക് മുമ്പിൽ സമർപ്പിക്കേണ്ട, നാട്ടിലെ പള്ളിയുമായി ബന്ധപ്പെട്ട രേഖകളെല്ലാം വീട്ടിൽ ശരിയാക്കി വെച്ചതിനുശേഷമാണ് നൗഷാദ് തക്കലയിലുള്ള സുഹൃത്തിന്റെ വീട്ടിലേക്ക് യാത്ര തിരിച്ചത് എന്ന് സഹപ്രവർത്തകർ അനുസ്മരിക്കുനു. മതകാര്യങ്ങളിൽ മുന്നേറാൻ മടികാണിക്കാത്തവർക്കു മാത്രമെ മതത്തിന്റെ ഔന്നിത്യം മറ്റുമതസ്ഥർക്ക് ജീവിതം സന്ദേശമാക്കി പകർന്നുനൽകാനാവൂ എന്നാണ് അദ്ദേഹത്തിന്റെ ജീവിതം നമുക്ക് നൽകുന്ന പാഠം.

പ്രതിയോഗികളുടെ പ്രകോപനങ്ങളിൽ പേയിളകി പേരുദോഷം വരുത്തുന്നതിന് പകരം സംയമനവും സമചിത്തതയും കൈവരിച്ച് മത വീഥിയിൽ നട്ടെല്ല് നിവർത്തി നിൽക്കാൻ ഇത്തരം സംഭവങ്ങൾ നമുക്ക് പ്രചോദനമാവട്ടെ.

# WISDOM BOOKS

**PUBLISHING ■ DISTRIBUTION**

E.K.P. Building, Calicut
web:www.wisdomislam.org
E-mail: publication@wisdomilsam.org
04954019437, 9207525244



## വിപണിയിൽ

| | | | | | |
|---|---|---|---|---|---|
| 1 | ഇസ്‌ലാമും വ്യതിയാന കക്ഷികളും | 270 | 19 | പ്രബോധനം ഒരു മാർഗരേഖ | 125 |
| 2 | ക്വുർആൻ നാം അറിയേണ്ടത് | 70 | 20 | പ്രവാചകൻ പറഞ്ഞ കഥകൾ | 50 |
| 3 | അന്തിമ പ്രവാചകന്റെ അന്ത്യനിമിഷങ്ങൾ | 35 | 21 | ഇസ്‌ലാമിക മര്യാദകൾ | 250 |
| 4 | സ്വഹാബികൾ: അഹ്‌ലുസ്സുന്നയുടെ ആദർശം | 70 | 22 | ഇസ്‌ലാം അടിസ്ഥാന പാഠങ്ങൾ | 125 |
| 5 | ശീഇസം ജൂത സൃഷ്ടി | 50 | 23 | തൗഹീദിന്റെ മൗലികത | 80 |
| 6 | നമസ്‌കാരം ഇരുന്നു കൊണ്ടാവുമ്പോൾ | 50 | 24 | ഇൻഷുറൻസ് | 60 |
| 7 | വെളിച്ചം ദുഃഖമല്ല | 25 | 25 | മദ്യം | 20 |
| 8 | നബിﷺയുടെ പ്രാർഥനകൾ | 70 | 26 | ബലികർമം | 25 |
| 9 | യാത്രക്കാരുങ്ങുമ്പോൾ | 30 | 27 | ഇസ്‌ലാം വിശ്വാസ കാര്യങ്ങൾ | 60 |
| 10 | വിജയിച്ച കക്ഷി | 75 | 28 | നമസ്‌കാരത്തിലെ പ്രാർഥനകൾ, പ്രകീർത്തനങ്ങൾ | 40 |
| 11 | സംവാദങ്ങളിലൂടെ... | 90 | 29 | ഇസ്‌ലാം നിർഭയത്വത്തിന്റെ മതം | 50 |
| 12 | ഇബ്‌നുതൈമിയ്യ | 100 | 30 | റമദാൻ നാം അറിയേണ്ടതും ചെയ്യേണ്ടതും | 40 |
| 13 | തൗഹീദുറുബൂബിയ്യ | 40 | 31 | വിശ്വാസിയുടെ നമസ്‌കാരം | 90 |
| 14 | അഹ്‌ലുസുന്ന ആദർശവും ആചാരവും | 100 | 32 | ലാ ഇലാഹ ഇല്ലല്ലാഹ് | 90 |
| 15 | പാപപരിഹാരം | 40 | 33 | മതത്തിന്റെ അടിത്തറകൾ | 90 |
| 16 | കുഞ്ഞുപിറന്നാൽ | 30 | 34 | ക്വുർആൻ പഠന ക്വിസ്സ് | 70 |
| 17 | നമസ്‌കാരാന്തര കൂട്ടുപ്രാർഥന | 50 | 35 | ക്വുർആൻ ചില അടിസ്ഥാന അറിവുകൾ | 75 |
| 18 | അദ്ദുആഉ വൽ ഇബാദ | 50 | 36 | പ്രണയം | 35 |

**സ്‌പെഷ്യൽ ഡിസ്‌കൗണ്ട്**

**എല്ലാ പുസ്തകങ്ങൾക്കും 20% വരെ വിലക്കുറവ്**

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on 23 Dec 2017

Reg NO: KL/CT/225/2016-18
Price: ₹10/-

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി
പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...



24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840